# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA

വാല്യം – 6 | ലക്കം : 08 | ആഗസ്റ്റ് 2011 | Annual Subscription Rs. 100/-


# ഒറ്റയാൻ മിനിസ്ട്രിക്കാർ വർദ്ധിക്കുന്നു; കബളിപ്പിക്കൽ സജീവമാകുന്നു

**തിരുവല്ല:** സുവിശേഷ പ്രവർത്തനങ്ങൾ നല്ലത് തന്നെ പക്ഷേ പലരൂപത്തിലും ഭാവത്തിലും തട്ടിപ്പുകളും ഇതോടൊപ്പം ജന്മം പ്രാപിക്കുന്നു. വിദേശങ്ങളിൽ കെട്ടിക്കിടക്കുന്ന പ്രവാചകന്മാരാൽ ചൂഷണത്തിനിരയായ സഭകളും വിശ്വാസികളും ഒട്ടും കുറവല്ല. മാനം നഷ്ട്ടപ്പെട്ട പാവം സഹോദരിമാരും ഇതിൽപ്പെടുന്നു. സുവിശേഷീകരണവും സഭാ സ്ഥാപനവും ഓരോ ദൈവപൈതലിന്റെയും ദൗത്യമാണ്. ഈ ദൗത്യനിർവ്വഹണത്തിന്റെ പേരിൽ വഞ്ചിക്കപ്പെടുന്ന അനേകർ ഇന്ന് പാശ്ചാത്യ പൗരസ്ത്യ രാജ്യങ്ങളിലുണ്ട്. സമയം വേർതിരിച്ച് വേലസ്ഥലങ്ങൾ സന്ദർശിച്ച് കാര്യങ്ങൾ ബോദ്ധ്യപ്പെട്ട് വഞ്ചിക്കപ്പെടാതെ വിജയിച്ചവരും ഉണ്ട്.പുതിയ പ്രവർത്തനത്തിൽ അലസത കാണിക്കുന്നവരെ ബോധവത്ക്കരിച്ചും ധൈര്യപ്പെടുത്തിയും പ്രവർത്തനം സ്പോൺസർ ചെയ്തിരിക്കുന്ന വ്യക്തിക്ക് യഥാസമയം റിപ്പോർട്ടുകൾ നല്കി നാല്, അഞ്ച് വർഷത്തിനുള്ളിൽ ഒരു സഭയാക്കിമാറ്റുന്ന പദ്ധതിയാണ് ഇൻഡ്യയിൽ മെയിൻലൈനിൽ നില്ക്കുന്ന ചർച്ച് ഓഫ് ഗോഡ്, ഐ.പി.സി., അസംബ്ലീസ് ഓഫ് ഗോഡ് തുടങ്ങിയ പ്രസ്ഥാനങ്ങൾ ചെയ്തുവരുന്നത്. ഇവിടെ ആർക്കും ആരെയും വഞ്ചിക്കുവാൻ കഴിയുകയില്ല. വേല സ്പോൺസർ ചെയ്യുന്ന വ്യക്തിക്ക് പണത്തിന്റെ രസീതും റിപ്പോർട്ടുകളും നല്കുന്നുണ്ട്. ഏതു സമയത്തും പ്രവർത്തന സ്ഥലം സന്ദർശിക്കുവാനും കാര്യങ്ങൾ ബോദ്ധ്യപ്പെട്ട് സംതൃപ്തി പ്രാപിക്കുവാനുംസ്പോൺസർമാർക്ക്സാധിക്കും. അമേരിക്കയിൽ സാമാന്യം നല്ല വരുമാനം ഉള്ള സുവിശേഷ തല്പരരായ കുടുംബങ്ങളും സഭാ ശുശ്രൂഷകന്മാരും മിനിസ്ട്രികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഡ്യയെയും മറ്റ് രാജ്യങ്ങളെയും സുവിശേഷീകരിക്കാൻ മിനിസ്ട്രിയുടെ പേരിൽ യാത്രകളും നടത്താറുണ്ട്.

അധികം പേർക്കും മിനിസ്ട്രി നോർത്ത് ഇൻഡ്യയിലാണ്. മിനിസ്ട്രിക്കാരുടെ എണ്ണവും മുടക്കിയ പണവും കടന്നുപോയ വർഷങ്ങളും നടത്തിയ മിഷൻ ട്രിപ്പുകളും ഒക്കെ കണക്കാക്കിയാൽ ഇൻഡ്യ ഇന്ന് തികച്ചും ഒരു ക്രിസ്തീയ രാഷ്ട്രം ആകേണ്ട കാലം കഴിഞ്ഞു. ഇവിടെ സംഭവിക്കുന്നത് ബ്രോക്കർമാരുടെ അരങ്ങ് വാഴ്ചയാണ്. മിനിസ്ട്രിക്കാരെയും സ്പോൺസർമാരെയും കണ്ടെത്തുന്നത് ബ്രോക്കർമാരാണ്. ഇതൊന്നും തരപ്പെട്ടു കിട്ടുന്നില്ല എങ്കിൽ കള്ള പ്രവചനം നടത്തിയും പ്രലോഭിപ്പിച്ചും പരമാർത്ഥികളായവരെ മിനിസ്ട്രി രജിസ്റ്റർ ചെയ്യുവാൻ നിർബന്ധിക്കുന്നു. അടുത്തു കൂടിയ വ്യക്തിയുടെ സാമർത്ഥ്യം കൊണ്ട് പരിചയപ്പെട്ട ആളെ ഒരു മിനിസ്ട്രിക്കാരനായി കണ്ട് യാതൊരുവിധ മാനദണ്ഡവും ഇല്ലാതെ മിനിസ്ട്രി ആരംഭിച്ചു എന്ന പേരിൽ വിദേശ സഭ ഈ വ്യക്തിക്ക് അഞ്ചുമിനിട്ട് കൊണ്ട് ഓർഡിനേഷനും നല്കും. പ്രസ്തുത വ്യക്തി 'പാസ്റ്റർ' പദവിയിലേക്ക് ഉയർത്തപ്പെടുന്നതോടെ സഭയിലെ ഇരിപ്പിടം മാറുന്നു. മാത്രമല്ല യാതൊരു വിലയുമില്ലാത്ത തിയോളജി സർട്ടിഫിക്കറ്റും 'റവ', 'ഡോ' എന്നീ പദവികളും കരസ്ഥമാക്കുന്നു. വിദേശ സഭകളിൽ മിക്കയിടത്തും ഇന്ന് വിശ്വാസികൾ അധികം പേരും 'റവ'മാരും 'ഡോ'മാരുമാണ്. ആറും പത്തും വർഷങ്ങൾ പഠിച്ച് ലക്ഷക്കണക്കിന് പണം മുടക്കി കഷ്ടപ്പെട്ട് അനേക തിസ്സീസുകൾ എഴുതി ഒരു വിഷയം സ്പെഷ്യലൈസ് ചെയ്ത് തിയോളജിയിൽ ഡോക്ടറേറ്റ് എടുത്ത

*ശേഷം 11–ാം പേജിൽ*

## ചർച്ച് ഓഫ് ഗോഡ് ഫാമിലി കോൺഫറൻസ് സമാപിച്ചു; അടുത്ത സമ്മേളനം ന്യൂജേഴ്സിയിൽ



*റവ. റ്റിം ഹിൽ പ്രസംഗിക്കുന്നു. പരിഭാഷ പ്രഫ. സുശീൽ മാത്യു.*

**ഡാളസ്:** ദൈവമക്കൾ ദൈവിക വാഗ്ദാനങ്ങളെ മുറുകെപ്പിടിച്ച് വിശ്വസ്തതയോടും പരമാർഥതയോടും കൂടെ ദൈവത്തെ സേവിക്കണമെന്നു റവ. റ്റിം ഹിൽ ഓർമിപ്പിച്ചു. ജൂലൈ 7– 10 വരെ ഡാളസിലെ ദിവെസ്റ്റിൻ ഹോട്ടലിൽ പതിനാറാമതു നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് ഫാമിലി കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു ദൈവസഭയുടെ ഫസ്റ്റ് അസിസ്റ്റന്റ് ഓവർസിയർകൂടെയായ അദ്ദേഹം. ദൈവജനം ദൈവാശ്രയത്തോടുകൂടെ നാളുകളെ നേരിടേണമെന്നും അദ്ദേഹം പറഞ്ഞു.

ലോക്കൽ കോ–ഓർഡിനേറ്റർ പാസ്റ്റർ മാത്യു തോമസിന്റെ അധ്യക്ഷതയിൽ ദൈവസഭ ടോക്സസ്

*ശേഷം 3–ാം പേജിൽ*

## വായനക്കാർക്ക് പ്രതികരിക്കാം

**ഒറ്റയാൻ മിനിസ്ട്രികളും അനുബന്ധ സാമ്പത്തിക തട്ടിപ്പുകളും ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇവ പ്രോത്സാഹന വിധേയമോ? പ്രസ്തുത വിഷയത്തെപ്പറ്റി മാന്യ വായനക്കാരുടെ പ്രതികരണങ്ങൾ ക്ഷണിക്കുന്നു. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്.**

## പി.സി.എൻ.എ. കെ നാഷണൽ കോൺഫറൻസ് സമാപിച്ചു



*നാഷണൽ കൺവീനർ റവ. തോമസ് മാത്യു കർത്തൃമേശയ്ക്ക് നേതൃത്വം നല്കുന്നു.*

**ഒക്കലെഹോമ:** അമേരിക്കയിലെ ഏറ്റവും വലിയ മലയാളി പെന്തക്കോസ്ത് സംഗമമായ നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്ത് കോൺഫറൻസ് സമാപിച്ചു. അടുത്ത കോൺഫറൻസ് കാനഡായിൽ ടൊറോണ്ടയിൽ വച്ച് നടക്കും. ജൂൺ 30 മുതൽ ജൂലൈ 3 വരെ നടന്ന കോൺഫറൻസിൽ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ഗൾഫ് രാജ്യങ്ങളിൽ നിന്നും ഇന്ത്യയിൽ നിന്നും അനേകം വിശ്വാസികൾ സംബന്ധിച്ചു. റവ.ഡോ. ക്രെയ്ഗ് ഗോഷൻ, സ്റ്റിൻ റീഗിൾ, ഡോ.ക്രിസ് ജാക്സൺ, റവ.എം.കുഞ്ഞപ്പി, റവ.പി.സി.ചെറിയാൻ, റവ. സണ്ണി കുര്യൻ, റവ.രാജു മേത്ര, റവ. കെ.സി ജോൺ, റവ.പി.എസ്.ഫിലിപ്പ് എന്നിവർ മുഖ്യ സന്ദേശങ്ങൾ നൽകി. അമേരിക്കയിലെ വിവിധ പട്ടണങ്ങളിൽ ശുശ്രൂഷയിൽ ഏർപ്പെട്ടിരുന്ന ദൈവ ദാസന്മാർ വിവിധ സെക്ഷനുകൾക്ക് നേതൃത്വം കൊടുക്കുകയും ദൈവവചനം ശുശ്രൂഷിക്കുകയും ചെയ്തു.

29–ാമത് കോൺഫറൻസ് ഒക്കലഹോമ കൺവൻഷൻ സെന്ററിൽ

*ശേഷം 11–ാം പേജിൽ*

## ബ്രദർ പി...too




## കുക്ക് സായിപ്പിന്റെ ബൈബിൾ മലയാളി ദൈവമക്കൾക്കു കൈമാറി



*ബൈബിൾ റോബർട്ട് കുക്ക് ജൂണിയർ പാസ്റ്റർ എം.കുഞ്ഞപ്പിക്ക് കൈമാറുന്നു.*

**ഡാളസ് :** നൂറുവർഷം മുമ്പ് കേരളക്കരയിൽ പെന്തെക്കോസ്തു സന്ദേശവുമായി എത്തിയ റവ. ആർ. എഫ്. കുക്ക് ഇന്ത്യയിലായിരുന്നപ്പോൾ ഉപയോഗിച്ചിരുന്ന ബൈബിൾ അദ്ദേഹത്തിന്റെ കൊച്ചുമകൻ റവ. റോബർട്ട് കുക്ക് ജൂണിയർ കേരളക്കരയിലെ വിശ്വാസികൾക്കായി കൈമാറി. പതിനാറാമത് നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫറൻസിൽ ഇന്ത്യാ ദൈവസഭ കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി വേദപുസ്തകം ഏറ്റുവാങ്ങി.

മുളക്കുഴയിലെ സീയോൻകുന്നിൽ പണിപൂർത്തിയായിക്കൊണ്ടിരിക്കുന്ന ഓഫീസ് കെട്ടിട സമുച്ചയത്തോടനുബന്ധിച്ച് നിർമിക്കുന്ന മ്യൂസിയത്തിൽ ഈ ബൈബിൾ പ്രതിഷ്ഠിക്കുമെന്ന് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി പറഞ്ഞു. കഴിഞ്ഞവർഷം നിത്യതയിൽ ചേർക്കപ്പെട്ട തന്റെ പിതാവിനെയും പിതാമഹനെയും സ്മരിച്ച റവ. റോബർട്ട് എഫ്. കുക്ക് ജൂണിയർ 2012ൽ ഇന്ത്യ സന്ദർശിക്കുമെന്നും പറഞ്ഞു.

## സഭകളിൽ യുവജന പ്രസ്ഥാനങ്ങൾ മരിക്കുന്നു



**തിരുവല്ല:** ക്രൈസ്തവ സമൂഹത്തിൽ കുട്ടികൾക്കും യുവാക്കൾക്കും ഫലകരമായ പ്രോത്സാഹനവും ആത്മിക ബോധനവും ലഭ്യമാകുന്നില്ല. ഇതര വിഭാഗങ്ങളെ അപേക്ഷിച്ച് ആത്മീക നിലവാരത്തിൽ മുൻപന്തിയിൽ നിൽക്കുന്ന പെന്തക്കോസ്ത് സഭകളുടെയും സ്ഥിതി വ്യത്യസ്ഥമല്ല. വൈ.പി.ഇ, പി.വൈ.പി.എ, സി.എ, സി.ഇ.എം. തുടങ്ങിയ നിരവധി പേരുകളിൽ ഉള്ള പെന്തക്കോസ്ത് യുവജന പ്രസ്ഥാനങ്ങൾക്ക് വേണ്ടത്ര പരിഗണന കിട്ടുന്നില്ല. ആരാധാനയോടനുബന്ധിച്ച് നടക്കുന്ന ഭൂരിഭാഗം മീറ്റിംഗുകളും അതിഥി പ്രസംഗകരാലും പാസ്റ്റർമാരുടെ പ്രസംഗ കൊതിയാലും തടയപ്പെടുകയാണ്. ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രസ്തുത മീറ്റിംഗുകൾ നടത്തുന്ന സഭകൾ തുലോം കുറവാണ്.ഒന്നിടവിട്ടുള്ള ആഴ്ചകളിൽ നടക്കുന്ന മീറ്റിംഗുകൾ പോലും ക്രമമായി നടക്കുന്നില്ല. ഒരു വർഷത്തിൽ ആകെ നടക്കുന്ന 24 മീറ്റിംഗുകളിൽ കേവലം 24 മണിക്കൂർ സമയം ആണ് ലഭിക്കുന്നത്. രാവിലെ 10 മണിക്ക് ആരം

*ശേഷം 11–ാം പേജിൽ*

YUGANTHYA SANDHESHAM

Patron
Rev. Shaji K. Daniel
Chief Editor
Rev. Shibu K. Mathew B.D. M.Th.
Managing Editor
Rev. J. Joseph
Manager
K.M. Jacob
General Editor
Christy P. John
Editorial Director
John P. Ninan
Circulation Manager
Jacob Itty
Sub Editor
Rev. A.T. Joseph
Office Manager
Pr. Shaiju Thomas
Contributing Editors
Rev. K. A. Oommen
Rev. Zack Varghese, Tulsa
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Lovegi Mathews Elias B.D.
Overseas Editors
Rev. John Thomas, Houston
Rev. Joe Kurian, England
Rev. P. P. Kurian
Nibu Vellavanthanam, Newyork
Rev. Babu M. John, Florida
Rev. Thomas C. Mathew, Kuwait
Rev. Joy Abraham U.A.E
Advisory Board
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
A. V. Philipose, Dallas
George Pappy, New York
K. Abraham Konni
Rev. T. Thomas
John C. Philip, Houston
Varghese George, Dubai
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese
Bro. Ninan Mathew UAE
Rev. P. C Cherian
Viju Thomas, Dallas
Co-ordinators
Kuwait: A.V. Sunny
Mathew Daniel
Abudhabi: Rev. P.T Prasad
Thomas Ninan
Dubai: Rev. Babu Cherian
Rev. Jose Mallissery
Sharjah: Rev. Jose George
Doha: Lalu Jacob
Saudi Arabia: C. C. Chacko
Saji Chacko
Reji C. Abraham
Philip Abraham
England: Rohit Joseph
Singapore: Manoj O. Jacob
Canada: Jaison Varghese
Jamaica: Mohan
Florida: Samjee Varghese
Dallas: Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
Houston: James Samuel
Tennassee: Thomas Chacko
Chicago: Alex Ninan
Detroit: Roy Markose
Philadelphia: Jacob Varghese
New Jersy: Rev. Rajan Skaria
New York:
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
Boston: Vinod
Washington Siatil:
Rev. M. G. Abraham
Okalahoma: Wilson John
California: Reni

Yuganthya Sandhesham
P.O. Box - 66
Thiruvalla - 1
Ph : 0469-2602838
Mob : 9349918737
E-mail:ysandhesham@saintly.com

**പത്രാധിപലേഖനം**

# സർവ്വതും ദൈവഹിത പ്രകാരം

നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥന വളരെ പ്രസിദ്ധമാണല്ലോ. ഞങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കേണമേ..... എന്ന ശിഷ്യന്മാരുടെ അഭ്യർത്ഥനയ്ക്ക് ഉത്തരമായിട്ടാണ് ഈ മാതൃകാ പ്രാർത്ഥന യേശു പഠിപ്പിച്ചത്. ഇതേ വാക്കുകൾ തന്നെ ഉപയോഗിച്ച് പ്രാർത്ഥിക്കേണമെന്നല്ല, മറിച്ച് പിന്തുടരണമെന്നാണ് അർത്ഥമാക്കേണ്ടത്. അപ്പോസ്തോലന്മാർ ആരും തന്നെ ഈ പ്രാർത്ഥന ചൊല്ലണമെന്ന് സൂചിപ്പിച്ചിട്ടില്ല. ഒരാൾ ഈ പ്രാർത്ഥന അതേപോലെ ഉരുവിട്ടാൽ അതിൽ തെറ്റൊന്നുമില്ല. ഇതിലെ വാക്കുകളും ഇതിൽ നിന്നുമുള്ള പാഠങ്ങളും വളരെ പ്രാധാന്യം അർഹിക്കുന്നതാണ്.

ഈ മാതൃകാ പ്രാർത്ഥനയിലെ ഒരു പ്രധാന വിഷയമാണ് ഇവിടെ കുറിക്കുന്നത്. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമെ . മത്തായി 6: 10 സ്വർഗ്ഗീയ പൗരന്മാരായ ഓരോ വിശ്വാസിയേയും കുറിച്ച് ദൈവത്തിന് പ്രത്യേക ഉദ്ദേശ (ഹിതം) മുണ്ട്. തങ്ങളുടെ ജീവിതത്തിൽ എല്ലാ അനുഭവങ്ങളിലും ഈ ഉദ്ദേശം മനസ്സിലാക്കി ജീവിക്കുവാൻ ദൈവപൈതൽ തയ്യാറാകണം. എങ്കിൽ മാത്രമേ ആ വ്യക്തിയെക്കുറിച്ചുള്ള ദൈവീക പദ്ധതി പൂർണ്ണമാകുകയുള്ളു. കർത്താവിന്റെ ഗത്സമനയിലെ പ്രാർത്ഥന പരിശോധിച്ചാൽ ഇതു വ്യക്തമാകും. നേരിടുവാൻ പോകുന്ന കഷ്ടാനുഭവങ്ങളെ മനസ്സിലാക്കിയ മനുഷ്യപുത്രനായ ക്രിസതുവിന്റെ, "പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങി പോകേണമെ, എങ്കിലും ഞാൻ ഇച്ഛിക്കും പോലെയല്ല, നീ ഇച്ഛിക്കും പോലെയാകട്ടെ" (മത്തായി 26: 39) എന്ന ഈ പ്രാർത്ഥനയിൽ ഒരു ദൈവപൈതൽ ദൈവഹിതം തേടേണ്ടതിന്റെ പ്രാധാന്യത യേശു പഠിപ്പിക്കുകയാണ്.

കർത്താവിന്റെ പ്രാർത്ഥനയിൽ ദൈവഹിതം അതേ പടി നടപ്പിലാക്കുന്ന ഒരു സ്ഥലത്തെ ചൂണ്ടിക്കാണിക്കുന്നു. അത് സ്വർഗ്ഗമാണ്. അതായത് ദൈവഹിതം അതേ പടി നടപ്പിലാകുന്ന ഇടമാണ് സ്വർഗ്ഗം. ഏവരും സ്വർഗ്ഗതുല്യമായൊരു ജീവിതം പ്രതീക്ഷിക്കുന്നവരാണല്ലോ. അവർ തങ്ങളുടെ ജീവിതത്തിൽ ദൈവഹിതം പൂർണ്ണമയി മനസ്സിലാക്കി അതിനനുസരിച്ച് ജീവിക്കുന്നവരായിരിക്കണം. ദൈവഹിതമല്ലാത്ത മറ്റൊന്നും അവിടടെ നടപ്പിലാകാത്തതിനാലാണ് അത് സ്വർഗ്ഗമാകുന്നത്. മറ്റു താല്പര്യങ്ങളെ എല്ലാം ഒഴിവാക്കുന്ന (ബലികഴിക്കുന്ന) ഒരാൾക്ക് ദൈവരാജ്യത്തിലെപ്പോലെ ഇവിടെ ജീവിക്കുവാൻ കഴിയും. ദൈവത്തിന്റെ പരമാധികാരം നമ്മളിൽ വാഴുവാൻ അനുവദിച്ചാൽ അവിടെ മറ്റൊന്നിനും സ്ഥാനമില്ലാതെയാകും.

പലപ്പോഴും നമ്മുടെ ജീവിതത്തിലെ ചില ഭൗതീക വിഷയങ്ങളിൽ പ്രധാന തീരുമാനങ്ങളെടുക്കേണ്ടി വരുന്ന ഘട്ടത്തിലാണ് നാം ദൈവഹിതത്തെക്കുറിച്ച് ചിന്തിക്കുന്നത്. നമുക്ക് കൈകാര്യം ചെയ്യാൻ കഴിയുന്ന രംഗങ്ങളിൽ നാം ദൈവഹിതം ആരായാറില്ല. എന്നാൽ ദൈവവചനം പറയുന്നത് നമ്മുടെ എല്ലാ നിനവുകളിലും നാം ദൈവഹിതം തേടേണ്ടവരാണ് എന്നാണ്. നാം ദൈവഹിതത്തെ ജീവിതത്തിൽ പരിമിതപ്പെടുത്തുമ്പോൾ നമ്മിൽ പ്രവർത്തിപ്പാൻ ദൈവത്തിനു കഴിയാതെ പോകുന്നു. തന്റെ അപ്പോസ്തോലത്വവും ശുശ്രൂഷയ്ക്കായുള്ള വിളിയും യാത്രകളും ദൈവഹിതപ്രകാരമായിരുന്നുയെന്ന് പൗലോസ് പറയുന്നു. എപ്പോഴും സന്തോഷിക്കുക. ഇടവിടാതെ പ്രാർത്ഥിക്കുക, എല്ലാറ്റിനും സ്തോത്രം ചെയ്യുക തുടങ്ങിയവയും ദൈവേഷ്ടമാണെന്ന് പൗലോസ് പറയുന്നു. ക്രിസ്ത്യാനി അനുഭവിക്കേണ്ടി വരുന്ന പീഡനങ്ങളും ദൈവേഷ്ടമാണെന്ന് പത്രോസ് പറയുന്നു. (1 പത്രോസ് 2:15) ദൈവഇഷ്ടം നിർവഹിക്കുന്നതാണ് തന്റെ നിയോഗമെന്ന് ക്രിസ്തു പലയാവർത്തി വെളിപ്പെടുത്തിയിട്ടുണ്ട്. ശിഷ്യത്വത്തിന്റെ അടയാളം ദൈവഹിത നിർവഹണമാണ്.

കേവലം ഒരു നന്മ ജീവിതത്തിൽ ഉണ്ടാകേണ്ടതിനായുള്ള ആഗ്രഹമല്ല, ക്രിസ്ത്യാനിയുടെ ജീവിതം തന്നെ ദൈവഹിതത്തിന്റെ പ്രവർത്തനശാലയാണ്. അതായത് മുഴു ജീവിതരംഗങ്ങളിലും നാം ദൈവഹിതം ആരായേണ്ടതാണ് എന്ന് സാരം. ദൈവഹിതം എങ്ങനെ മനസ്സിലാക്കണം എന്നത് ഇവിടെ പ്രസക്തമായ ഒരു വിഷയമാണ്. ഏതാണ് ദൈവഹിതം എന്നു എങ്ങനെ മനസ്സിലാക്കാം എന്നു ചോദിക്കുന്നവരുണ്ട്. ആത്മീകരെന്ന് അഭിമാനിക്കുന്ന അനേകരും ഇതിന് മനുഷ്യരെ ആശ്രയിക്കുന്നവരാണ്. ലോകമനുഷ്യർ ചെയ്യുന്നതുപോലെ നാം ചെയ്യുവാൻ പാടില്ല. ദൈവഹിതം അറിയുവാൻ ആഗ്രഹിക്കുന്ന ആർക്കും ഏതു സമയവും അവിടുന്നു തന്നെ അതു വെളിപ്പെടുത്തിക്കൊടുക്കുവാൻ തയ്യാറാണ്. മറ്റാരേയും ദൈവം അത് ഏല്പിച്ചിട്ടില്ല എന്ന് ഒരു വചന പഠിതാവിനു മനസ്സിലാക്കാം. സമർപ്പണത്തോടെയുള്ള പ്രാർത്ഥനയാണ് അതിനുള്ള ഏക മാർഗ്ഗം. എന്നാൽ ഇന്നു നാം മനുഷ്യനെയാണ് അന്വേഷിക്കുന്നത്.

റോമർ 12:12 പരിശോധിച്ചാൽ നമ്മുടെ ഹിതം വിശുദ്ധീകരിച്ചാൽ അഥവാ ഇല്ലാതാക്കിയാൽ ദൈവഹിതം വെളിപ്പെടുമെന്ന് പൗലോസ് സമർത്ഥിക്കുന്നതായി കാണാം. നാം പലപ്പോഴും പ്ലാനുകൾ ദൈവത്തെ അടിച്ചേല്പിക്കുകയാണ്. നമ്മുടെ പദ്ധതികൾ നടപ്പിലാക്കി തരുവാൻ ദൈവത്തെ ബിലെയാമിനെപ്പോലെ സമ്മതിപ്പിക്കുകയല്ലേ. ചിലതെല്ലാം സാധിച്ചുയെന്ന് വന്നേക്കാം. എന്നാൽ ആത്യന്തികമായി അവ നമുക്കനുഗ്രഹങ്ങളാകണമെന്നില്ല. ദൈവം വചനത്തിലൂടെയാണ് തന്റെ ഹിതം വെളിപ്പെടുത്തുന്നത്. ആകയാൽ ദൈവവചനം പാരായണം ചെയ്യുകയും അവ പ്രമാണിച്ച് ദൈവഹിതപ്രകാരം ജീവിക്കുകയും ചെയ്ത് സ്വർഗ്ഗീയ അനുഗ്രഹങ്ങൾക്ക് ഓഹരിക്കാരാകാം.



പാസ്റ്റർ ജെ. ജോസഫ്



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ



# ആത്മാക്കളുടെ നിഗൂഢതകളിലേക്ക്

മരണത്തിനപ്പുറം എന്താണ്? മരണത്തിന്റെ ഭീകര കരാള ഹസ്തത്തിൽ അമരുവാൻ ഇരിക്കുന്ന ഏതൊരു മനുഷ്യനും, കാലയവനികയിക്കുള്ളിൽ മറഞ്ഞവരുമായ എല്ലാ മാനവരും ഒരു പോലെ ചോദിക്കുന്ന ചോദ്യം. മരണത്തേക്കുറിച്ചും മരണാനന്തര ജീവിതത്തേക്കുറിച്ചും ഉള്ള ചോദ്യങ്ങൾ ഇന്നും അവസാനമില്ലാതെ തുടരുന്നു. ശരിയായ ഉത്തരം കണ്ടെത്തുവാൻ ശ്രമിക്കുന്നവരും ശ്രമിച്ചവരും പരാജയപ്പെടുന്നു. മതങ്ങളും തത്വശാസ്ത്രങ്ങളും ഒരു പോലെ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുവാൻ ശ്രമിച്ചു കൊണ്ടേയിരിക്കുന്നു. ഒരു മരണാനന്തര ജീവിതമുണ്ടോ? അതോ അത് മതങ്ങൾ പറയുന്ന വെറും കപടമായ വ്യാജം മാത്രമാണോ. മരിച്ചവർ എവിടെയാണ്? വ്യക്തമായ ഉത്തരം പറയുവാൻ ആരാലും കഴിയാത്ത കുറേ ചോദ്യങ്ങൾ. ഏവർക്കും ഒന്നറിയാം മരണം ഒരു യാഥാർത്ഥ്യമാണ് ഭൂമിയിൽ ജനിക്കുന്ന ജീവനുള്ളതെല്ലാം ഒരു നാൾ ഈ ലോകം വിട്ടു പോകണം. മരണത്തെ അതി ജീവിക്കുവാൻ ആർക്കും ഇന്നു വരെയും കഴിഞ്ഞിട്ടില്ല ശ്രമിക്കാഞ്ഞിട്ടല്ല എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു എന്നതാണ് സത്യം. മരണം എന്ന യാഥാർത്ഥ്യം മരണത്തിനപ്പുറത്തേക്ക് എന്താണ് എന്നറിയുവാനുള്ള ശ്രമത്തിലേക്ക് അവനെ കൊണ്ടെത്തിക്കുന്നു. മനുഷ്യന്റെ ഭാവികാല അനുഭവങ്ങളിൽ ഒന്നാണ് മരണം. കണ്ണു ചിമ്മുന്നതിനിടയിൽ എത്രയോ പേർ കാലയവനികക്കുള്ളിൽ മറയുന്നു ഒരു നാളും തിരിച്ചു വരാതെ. ഒരാൾ പോലും കഥ പറയുവാൻ മടങ്ങി വന്നിട്ടില്ല, പറയുവാൻ ബാക്കി വെച്ച പലതും പറയുവാൻ കഴിയാതെ ലോകം വിട്ടു പോയവർ, ഏതു വിധേനെയെങ്കിലും അവരെ മടക്കിക്കൊണ്ടു വരുവാൻ ഉള്ള ശ്രമം ലോകം ആരംഭിച്ചപ്പോൾ മുതൽ തുടങ്ങിയതാണ്. മനുഷ്യന്റെ അന്വേഷണ ത്വരത അവനെ കൊണ്ടെത്തിച്ചിരിക്കുന്നത് ഒരു പുതിയ ലോകത്താണ് ആധുനിക യുവത്വത്തിന്റെ ജീവിത ഭാഗമായി മാറികൊണ്ടിരിക്കുന്ന 'ഓജ ബോർഡ്' എന്ന പുത്തൻ പ്രവണതയിലേക്ക്. അദൃശ്യ ലോകവുമായി ബന്ധം പുലർത്തി മരിച്ചവരുടെ ആത്മാക്കളുമായി സംസാരിക്കുന്ന ഒരു പുതു പുത്തൻ പ്രവണത. ഇതിലെഴുതുന്ന അനുഭവങ്ങൾ യാഥാർത്ഥ്യമാണ് പേരു സ്ഥലവും തികച്ചും സാങ്കല്പീകത മാത്രം യുഗാന്ത്യ സന്ദേശം നടത്തിയ അന്വേഷണത്തിൽ ഞെട്ടിപ്പിക്കുന്ന സത്യങ്ങൾ ആണ് പുറത്ത് വന്നത് അതിൽ ചിലത് ഞങ്ങൾ എഴുതുന്നു.

കേരളത്തിലെ പ്രശസ്തമായ ഒരു വേദ പാഠശാലയിലെ നാല് വിദ്യാർത്ഥികൾ ഇന്റർനെറ്റിന്റെ മാസ്മരിക ലോകത്തു നിന്നും മരിച്ചവരുടെ ആത്മാക്കളെ വിളിച്ചു വരുത്തി സംസാരിക്കുന്നതിനെക്കുറിച്ച് അറിഞ്ഞ്, ആരും അറിയാതെ ഒരു ദിവസം അത് പരിക്ഷീച്ച് നോക്കുവാൻ തിരുമാനിച്ചു. കണ്ടറിവുകളും കേട്ടറിവുകളും വെച്ച് അവർ ആരുമറിയാതെ അതിനുള്ള ക്രമികരണങ്ങൾ പൂർത്തിയാക്കി. എല്ലാവരും ഉറങ്ങിക്കഴിഞ്ഞ് കോളെജിന്റെ ഹോസ്റ്റലിലെ ഒരു മുറിയിൽ നാൽവർ സംഘം ഒത്തു ചേർന്ന് പരീക്ഷണം ആരംഭിച്ചു. ആദ്യ ഘട്ടത്തിൽ തന്നെ അവരിൽ ഒരുവൻ എന്തോ കണ്ട് പേടിച്ച് മുറി വിട്ട് ഇറങ്ങിയോടി ശേഷിച്ച മൂന്നു പേരും കൂടി ഒരുവിധം പരീക്ഷണം പൂർത്തിയാക്കി മുറി വിട്ടു. അന്നു രാത്രി മുതൽ ആ മുന്നു പേരിൽ ഒരുവൻ അർദ്ധരാത്രിയാകുമ്പോൾ ഹോസ്റ്റൽ മുറിയിൽ നിന്നും ഇറങ്ങി തൊട്ടടുത്ത ഒരു സെമിത്തേരിയിലെ കല്ലറയിൽ പോയി നില്പായി സ്ഥിരം ഇത് ആവർത്തിക്കുവാൻ തുടങ്ങിയപ്പോൾ ആരംഭിച്ച അന്വേഷണം അവരുടെ അപക്വമായ പ്രവർത്തികളെ പുറത്തു കൊണ്ടു വന്നു. പിന്നിട് കോളെജ് ഒന്നടങ്കം ഉപവാസ പ്രാർത്ഥന നടത്തിയാണ് ഈ വിഷയത്തിന് പരിഹാരം വരുത്തിയത്.വിവേക ശുന്യമായ ഒരു പ്രവർത്തനത്തിന്റെ പരിണിത ഫലം ഭയനാകമായി മാറുന്നു. ഓജാബോർഡ് ഉപയോഗിക്കുന്നവരെ ആക്രമിക്കുന്നതും, ചിലർ മനസ്സിന്റെ സമനില തെറ്റിപ്പോയി ഭ്രാന്തന്മാരായി മാറിയതും ചില ഉദാഹരണം മാത്രം.

തിരുവല്ലായിലെ ഒരു സ്വകാര്യ സ്ഥാപനത്തിൽ കംപ്യൂട്ടർ ഓപ്പറേറ്ററായി ജോലി നോക്കുന്ന ഒരു യുവാവ് ഒഴിവു സമയങ്ങളിൽ ഇന്റർനെറ്റിൽ പരതുക പതിവായിരുന്നു. അങ്ങനെ സേർച്ചു ചെയ്യുന്ന ഒരു ദിവസം മരിച്ചവരുടെ ആത്മാക്കളെ വിളിച്ചു വരുത്തി സംസാരിക്കുന്നതിനെക്കുറിച്ച് ആ വ്യക്തി അറിയുവാൻ ഇടയായി, താൻ മനസ്സിലാക്കിയ വിവരം അടുത്ത രണ്ട് സ്നേഹിതരുമായി പങ്കുവെച്ചു. അവർ ഇതൊന്ന് പരിക്ഷിച്ച് നോക്കുവാൻ തീരുമാനിച്ചു. അകാലത്തിൽ ആത്മഹത്യയിലൂടെ വേർപിരിഞ്ഞ തങ്ങളുടെ കൂട്ടുകാരന്റെ ആത്മാവിനെ വിളിച്ചു വരുത്തി എന്തിന് ആത്മഹത്യ ചെയ്തു? ഇപ്പോൾ എവിടെയാണ്? അവിടുത്തേ സ്ഥിതി എന്താണ്? എന്നന്വേഷിക്കുവാൻ തീരുമാനിച്ച് അവർ അത് നടപ്പിലാക്കി. ആ മൂവർ സംഘം ചോദിച്ച ചോദ്യങ്ങൾക്കെല്ലാം വ്യക്തമായ മറുപടി ലഭിച്ചു. അവർ ഈ പ്രവർത്തി തുടർന്നുകൊണ്ടേയിരുന്നു. പക്ഷേ ഒരു ദിവസം അവർ ഇത് തുടരുമ്പോൾ ഒരുവൻ എന്തോ കണ്ട് ഭയപ്പെട്ട് ഇറങ്ങി ഓടി അത് ഏവരെയും മാനസീകമായി തളർത്തിക്കളഞ്ഞു. ഏതു വിധേനെയും ഇതൊന്നവസാനിപ്പിച്ചാൽ മതി എന്നായി അവരുടെ ചിന്ത. അവർക്കുണ്ടായ ഭീകരമായ അനുഭവങ്ങൾ ചില ദിവസങ്ങൾ കിടക്ക വിട്ട് എഴുന്നേല്ക്കുവാൻ പോലും കഴിയാത്ത വിധം ഉള്ളതായിരുന്നു.

വിദേശത്ത് ഒരു വീട്ടിലെ കുട്ടികൾ വീട്ടിൽ ആരും ഇല്ലാതിരുന്ന സമയത്ത് രണ്ട് പെൺകുട്ടികളും ഒരാൺകുട്ടിയും ചേർന്ന് ഓജ ബോർഡ് കളിച്ചു. കളി തുടങ്ങിയപ്പോൾ തന്നെ ആൺക്കുട്ടി ഏതോ ശക്തിയുടെ അടിയേറ്റ് നിലത്തു വീണു.

ഇന്റർനെറ്റിൽ ഈ സൈറ്റ് പ്രത്യക്ഷപ്പെടുന്നത് ഓൺലൈൻ ഗെയിം എന്ന പേരിൽ കുട്ടികളെയും യുവാക്കളെയും ആകർഷിക്കതക്ക നിലയിലാണ്. ലോകമാകമാനം ഇന്ന് ഈ കളിക്ക് പ്രചുര പ്രചാരം നേടിക്കൊണ്ടിരിക്കുന്നു. പിശാച് ഏതു വിധേനയും ഈ ലോകത്തെ കീഴടക്കുവാൻ മുഴു മാനവകുലത്തേയും വഴി തെറ്റിക്കേണ്ടതിന് അവന്റെ മുഴു ബലവും എടുത്ത് പോരാടിക്കൊണ്ടിരിക്കുകയാണ് എന്ന സത്യം നാം മറന്നു പോകരുത്. ലോകാരംഭം മുതൽ ഉള്ള ബൈബിൾ ചരിത്രം അത് ശരിവയ്ക്കുന്നു. പരലോകത്തു നിന്നെന്ന് പറഞ്ഞെത്തുന്ന ആത്മാക്കളും സന്ദേശവും അത് ഉപയോഗിക്കുന്ന വ്യക്തിയെ വിശ്വസിപ്പിക്കുന്ന നില

ശേഷം 5–ാം പേജിൽ

## എ.ജി നോർത്തമേരിക്കൻ കോൺഫറൻസ് സമാപിച്ചു




*അസംബ്ലീസ് ഓഫ് ഗോഡ് അമേരിക്കൻ മലയാളി സംഗമത്തിന്റെ സുവനീർ പ്രകാശനം ചെയ്യുന്നു.*

**ന്യൂയോർക്ക്:** 15-മത് അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യാ നാഷണൽ കോൺഫറൻസ്റോച്ചസ്റ്റർ കൺവൻഷൻ സെന്ററിലും റോച്ചസ്റ്റർ പ്ലാസ്സ ഹോട്ടലിലുമായി നടന്നു. റവ. സോളമൻ വാങ്, റവ.പീറ്റർ.എം.ആരുഡ, റവ.കെ.ജെ.മാത്യു, ഡോ.ഷാലിനി പളളിൽ, ഇവാഞ്ചലിസ്റ്റ് ഫിനു ഐപ്പ്. എന്നിവരായിരുന്നു മുഖ്യ പ്രഭാഷകർ. നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങിക്കോൾക എന്നതായിരുന്നു ചിന്താവിഷയം. കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനായി വിവിധ കമ്മറ്റി പ്രവർത്തിച്ചു.

## എ.ജി നോർത്തമേരിക്കൻ ഈസ്റ്റേൺ റീജിയൻ കൺവൻഷൻ



റവ.ഡേവിഡ്.ഇ.സ്റ്റുവർട്ട് ജൂനിയർ | ബ്രദർ ബിനു ജോസ് ചാക്കോ | പാസ്റ്റർ എം.ജി ജോൺസൻ | ബ്രദർ ഫിലിപ്പ് ദാനിയേൽ | ജിജി വർഗീസ്

**ന്യൂയോർക്ക്:** എ.ജി നോർത്തമേരിക്കൻ ഈസ്റ്റേൺ റീജിയൻ 22-മത് കൺവൻഷൻ ഓഗസ്റ്റ് 12-14 വരെ ന്യൂയോർക്ക് മിനിയോളയിൽ ഷാമിനേഡ് സ്കൂളിൽ നടക്കും. റവ. ഡേവിഡ്.ഇ.സ്റ്റുവർട്ട് ജൂനിയർ (ചെന്നൈ) ബ്രദർ ബിനു ജോസ് ചാക്കോ (കൊല്ലം) എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. പാസ്റ്റർ എം.ജി ജോൺസൻ (പ്രസിഡന്റ്), റവ. തോമസ്.പി. ചാക്കോ (വൈസ് പ്രസിഡന്റ്) ബ്രദർ ഫിലിപ്പ് ദാനിയേൽ (സെക്രട്ടറി), ജിജി വർഗീസ് (ട്രഷറാർ) എന്നിവർ ഈ യോഗങ്ങൾക്ക് നേതൃത്വം നൽകും.

## ഫെയ്ത്ത് ലീഡേഴ്സ് ദൈവസഭ ജനറൽ കൺവൻഷൻ



റവ. റ്റി.ഡി ജെയ്ക്സ് | റവ. റ്റിം ഹിൽ | റവ. വില്യം ലീ

**തിരുവല്ല:** ഫെയ്ത്ത് ലീഡേഴ്സ് ദൈവസഭയുടെ 2-ാമത് ജനറൽ കൺവൻഷൻ ഡിസംബർ 18-25 വരെ കുന്നന്താനം പാമല കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. ലോകപ്രശസ്ത ഉണർവ്വ് പ്രസംഗകരായ റവ. റ്റി.ഡി ജെയ്ക്സ് (യു.എസ്.എ), റവ. റ്റിം ഹിൽ (യു.എസ്.എ), റവ. വില്യം ലീ (യു.എസ്.എ) എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും. പവ്വർ കോൺഫറൻസിൽ 1000 പേർക്ക് പ്രവേശനം ഉണ്ടായിരിക്കും.

## ശാരോൻ ഫാമിലി കോൺഫറൻസ്



പാസ്റ്റർ തേജസ്സ്.പി. തോമസ് | പാസ്റ്റർ എബ്രഹാം കുര്യൻ | പുന്നൂസ് തോമസ് | അനിൽ രാജൻ

**ഒക്കലഹോമ:** നോർത്തമേരിക്കയിലുളള ശാരോൻ സഭകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന 12-മത് ശാരോൻ ഫാമിലി കോൺഫറൻസ് 2012 ജൂലൈ 26 മുതൽ 29 വരെ ഒക്കലഹോമയിലെ ശാരോൻ ഓഡിറ്റോറിയത്തിൽ വെച്ച് നടക്കും.അനുഗ്രഹീതരായ ദൈവദാസന്മാർ വിവിധ സെക്ഷനുകളിൽ ദൈവവചനം ശുശ്രൂഷിക്കും. കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനായി പാസ്റ്റർ തേജസ്സ്.പി.തോമസ് (കൺവീനർ), പാസ്റ്റർ എബ്രഹാം കുര്യൻ (സെക്രട്ടറി), പുന്നൂസ് തോമസ്(ട്രഷറാർ), അനിൽ രാജൻ (യൂത്ത് കോഡിനേറ്റർ), സിസ്റ്റർ ജോസി തോമസ്(ലേഡീസ് കോഡിനേറ്റർ) ഗ്രേസ് തോമസ്(ലേഡീസ് കോഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു.

## റയറി സ്റ്റഡി ബൈബിൾ പ്രകാശനം

**ഡാളസ്:** പ്രശസ്തമായ ഡാളസ് തിയോളജിക്കൽ സെമിനാരിയിലെ സിസ്റ്റമാറ്റിക് തിയോളജിയുടെ ചെയർമാനായ ഡോ.ചാൾസ്.സി. റയറി എഴുതിയ പഠന ബൈബിളിന്റെ പ്രകാശനം ഡാളസിലുളള ബിലിവേഴ്സ് ബ്രദറൺ ചാപ്പലിൽ നടക്കും. ലോകത്തിലെ വിവിധ ഭാഷകളിൽ പ്രസിദ്ധികരിച്ചിരിക്കുന്ന ഈ പഠന ഗ്രന്ഥം സത്യം പബ്ലിക്കേഷൻസാണ് മലയാളത്തിൽ പ്രസിദ്ധികരിക്കുന്നത്.

## ഡിസ്ട്രിക്ട് ഭാരവാഹികൾ

**കായംകുളം:** ചർച്ച് ഓഫ് ഗോഡ് കായംകുളം ഡിസ്ട്രിക്ട് പാസ്റ്റർ കെ.വി ജേക്കബിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഡിസ്ട്രിക്ട് ഭാരവാഹികളായി. പാസ്റ്റർ ഒ.ഡി ജോൺ (ഗോസ്പൽ ടിം സെക്രട്ടറി), എം.ജെ അപ്പു (ട്രഷറാർ), പാസ്റ്റർമാരായ കെ.കെ. ബാബു (ഡി.സെക്രട്ടറി), ജോജി എം.ജോർജ്( എസ്.എസ്.സെക്രട്ടറി), ഫിലിപ്പ് ഏബ്രഹാം( ഡി.കോഡിനേറ്റർ), സിസ്റ്റർ മേഴ്സി ജേക്കബ് (എൽ.എം.സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

## ബൈബിൾ കഥാപ്രസംഗവും സംഗീതവിരുന്നും

**പുത്തൻപീടിക :** ക്രിസ്ത്യൻ ഫെലോഷിപ്പ് ചർച്ച് ഒരുക്കുന്ന ബൈബിൾ കഥാപ്രസംഗവും സംഗീതവിരുന്നും ആഗസ്റ്റ് 20, 21 (ശനി, ഞായർ) തീയതികളിൽ പുത്തൻപീടിക എ.ജി.റ്റി. ആഡിറ്റോറിയത്തിൽ നടക്കും. പ്രശസ്ത സുവിശേഷ കാഥികൻ ജോൺ മുല്ലയ്ക്കൽ & ടീം 'ഭ്രാന്തന്റെ കണ്ണുനീർ' എന്ന കഥാപ്രസംഗം അവതരിപ്പിയ്ക്കും. പാസ്റ്റർ. തോമസ് എം. പുളിവേലിൽ ഉദ്ഘാടനം ചെയ്യും. സുവി. പി.ഐ. ഏബ്രഹാം (കാനം അച്ചൻ) മുഖ്യപ്രഭാഷണം നടത്തും. എയ്ഞ്ചലോസ്, ചങ്ങനാശ്ശേരി ഗാനശുശ്രൂഷ നിർവ്വഹിയ്ക്കും.

## യുവ - യൂത്ത് ക്യാമ്പ്

**കൊടുങ്ങൂർ :** എ.എഫ്. സി.എം. ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കൊടുങ്ങൂർ നന്ദനം ഓഡിറ്റോറിയത്തിൽ വച്ച് യുവ- യൂത്ത് ക്യാമ്പ് നടന്നു. റവ. ഏബ്രഹാം സുനിൽ ജേക്കബ്, റവ. ലിൻ ജോൺ, ബ്രദർ ക്രിസ്റ്റി പി. ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബ്രദർ പ്രകാശ് ചെറിയപാറയ്ക്കൽ നേതൃത്വം നല്കി. സെൻസേഷണൽ മ്യൂസിക് ഗാനങ്ങൾ ആലപിച്ചു.

## സി.ഇ.എം. മേഖലാ സമ്മേളനം

**തിരുവല്ല :** സി.ഇ.എം. മധ്യമേഖലയുടെ ആഭിമുഖ്യത്തിൽ ചെങ്ങന്നൂർ, തിരുവല്ല സോണലിലുള്ള സി.ഇ.എം. പ്രവർത്തകരുടെ സമ്മേളനം ഓഗസ്റ്റ് 6 ശനിയാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 4.30 വരെ തിരുവല്ല ശാരോൻ ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. ജനറൽ കോ-ഓർഡിനേറ്റർ റവ. മാത്യൂസ് എം. കുര്യൻ, മദ്ധ്യമേഖലാ കോ-ഓർഡിനേറ്റർ ജെ.പി. വെണ്ണിക്കുളം തുടങ്ങിയവർ നേതൃത്വം നൽകും.

## ചർച്ച് ഓഫ് ഗോഡ് ഫാമിലി...

*1-ാം പേജ് തുടർച്ച*

സ്റ്റേറ്റ് ഓവർസിയർ റവ. വെയ്ൻ ഡോറിറ്റി സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് പാസ്റ്റർ സതീഷ് കുമാർ പ്രസംഗിച്ചു. എല്ലാ തലമുറയിലും ദൈവത്തെ സേവിക്കുന്നതിനുവേണ്ടി എല്ലായ്പ്പോഴും വേർതിരിക്കുന്നുവെന്നു അദ്ദേഹം പറഞ്ഞു. 'ഞങ്ങൾ യഹോവയെ സേവിക്കും' എന്നതായിരുന്നു ചിന്താവിഷയം.

റവ. ആർ.എഫ്. കുക്കിന്റെ കൊച്ചുമകൻ റവ. റോബർട്ട് കുക്ക് ജൂണിയർ, പാസ്റ്റർമാരായ എം.കുഞ്ഞപ്പി, പി.സി. ചെറിയാൻ, റവ. കെൻ ആൻഡേഴ്സൺ, പാസ്റ്റർ മൈക്കിൾ മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. സഹോദരി സമ്മേളനത്തിൽ സിസ്റ്റർ മേഴ്സി തോമസും പ്രസംഗിച്ചു.

## കൊയ്നോനിയ 2011 യൂത്ത് ക്യാമ്പ്

**തിരുവല്ല:** എക്സൽ മിനിസ്ട്രീസ് നേതൃത്വം നൽകുന്ന കൊയ്നോനിയ 2011 യൂത്ത് ക്യാമ്പ് സെപ്റ്റംബർ 8 മുതൽ 10 വരെ തിരുവല്ല ശാന്തി നിലയത്തിൽ നടക്കും. വിവിധ സെക്ഷനുകളിൽ ഡോ.എബി പി മാത്യു, ശ്രീ ജോർജ് കോശി മൈലപ്ര, റവ.വി.പി ഫിലിപ്പ്, ഡോ. എബ്രഹാം ജോൺ, സുനിൽ കുര്യൻ (ദോഹ), റവ.ഐസക്ക് തര്യൻ, പാസ്റ്റർമാരായ ജിഫി യോഹന്നാൻ, ബിനു വടശ്ശേരിക്കര, അനിൽ ഇലന്തൂർ, ഇവ.ജോബി കെ.സി എന്നിവർ ക്ലാസ്സുകൾ നയിക്കും.ക്രിസ്തീയ യുവജനങ്ങളെ നേതൃത്വത്തിലേക്ക് ഉയർത്തികൊണ്ടു വരിക എന്നതാണ് ക്യാമ്പിന്റെ ലക്ഷ്യം.കൂടുതൽ വിവരങ്ങൾക്ക് 9495834994,9496325026.

## ആവശ്യമുണ്ട്

കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ, നെറ്റ്‌വർക്ക് ജോലികൾ അറിയാവുന്നവരെ ആവശ്യമുണ്ട്. പെന്തക്കോസ്ത് വിശ്വാസികൾക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് **www.epmsoftwares.in, Ph: 9745634155**

## വിദ്യാഭ്യാസ സഹായ വിതരണം

**കായംകുളം:** ചർച്ച് ഓഫ് ഗോഡ് കായംകുളം ഡിസ്ട്രിക്ടിന്റെ നേതൃത്വത്തിൽ അർഹരായ 45 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം വിതരണം ചെയ്തു. പാസ്റ്റർ കെ.വി. ജേക്കബ് നേതൃത്വം കൊടുത്തു.


മദ്ധ്യതിരുവിതാംകൂറിന്റെ വിദേശയാത്രാസേവനരംഗത്ത് വർഷങ്ങളുടെ അനുഭവസമ്പത്ത്




ഞങ്ങളുടെ സേവനങ്ങൾ

» ഡൊമസ്റ്റിക്ക് & ഇന്റർനാഷണൽ എയർ ടിക്കറ്റുകൾ.
» അമേരിക്കൻ വിസാ പ്രോസസ്സിംഗ്.
» കുവൈറ്റ്, സൗദി അറേബ്യ, യു. എ. ഇ, ഖത്തർ, മസ്ക്കറ്റ് എന്നീ രാജ്യങ്ങളിലേക്കുള്ള വിസിറ്റ് വിസകൾ.
» ഹോളിലാന്റ്, സിങ്കപ്പൂർ, മലേഷ്യ തുടങ്ങിയ അന്താരാഷ്ട്ര ടൂർ പാക്കേജുകൾ.
» പാസ്പോർട്ട്, എമിഗ്രേഷൻ, വിസാ സ്റ്റാമ്പിംഗ്.



ട്രെയിൻ ടിക്കറ്റ് ബുക്കിംഗ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

അമേരിക്കൻ വിസിറ്റ് വിസ അപ്പോയിൻമെന്റ്

COSMIC AIR TRAVELS

First Floor, Pothiricans Building, Near K.S.R.T.C. Bus stand, Thiruvalla, Kerala - 689 101
Phone : 0469 2700230, 2730320, 9446456320
Fax : 0091 469 2730320, Mobile : 94470 56320, 9447156320, 98470 56320
Email : cosmicairtravel@yahoo.com

# 7 എബ്രായലേഖന പഠനം



പാസ്റ്റർ ഷിബു കെ. മാത്യു
B.D, M.Th

**ക്രിസ്തു ദൂതന്മാരേക്കാളും ശ്രേഷ്ഠൻ (2:5-18)**

യേശുക്രിസ്തുവിൽ കൂടി വെളിപ്പെട്ട വലിയ രക്ഷയോട് അവഗണന പാടില്ലെന്ന് ഇവിടെ വ്യക്തമാക്കുന്നു. ക്രിസ്തു ദൂതന്മാരേക്കാളും ശ്രേഷ്ഠൻ എന്ന് ഇവിടെ വ്യക്തമാക്കുന്നു. രക്ഷയുടെ ഫലം നാം ഇപ്പോഴും അനുഭവിക്കുന്നെണ്ടങ്കിലും പൂർണ്ണതയിൽ രക്ഷ ലഭിക്കുവാൻ ഇരിക്കുന്നതെയുള്ളു. വരാനിരിക്കുന്ന ലോകത്തെ കീഴ്പ്പെടുത്തിയത് ദൂതന്മാർക്ക് വേണ്ടിയല്ല. ശ്രേഷ്ഠ പുരോഹിതനായ യേശുവും കഷ്ടത സഹിച്ച് മരിച്ച യേശുവും തമ്മിലുള്ള ബന്ധത്തേക്കുറിച്ച് ഇവിടെ വ്യാഖ്യാനിക്കുന്നു. അമാനുഷികരായ ദൂതന്മാർക്ക് മനുഷ്യരെ സഹായിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് അനേകരെ ജീവങ്കലേക്ക് നയിക്കുവാൻ ദൈവപുത്രനായ ക്രിസ്തു മരണം ആസ്വദിച്ചു. പുത്രനെ മനുഷ്യന്റെ രക്ഷയ്ക്കു വേണ്ടിയാണ് താൽക്കാലികമായി താണ അവസ്ഥയിൽ ആക്കിയത്.

2:9 ൽ മനുഷ്യന്റെ നഷ്ടാവസ്ഥയിൽ നിന്ന് പൂർവ്വാവസ്ഥയിലേക്ക് മടക്കികൊണ്ടു വരുക മാത്രമല്ല അതിലും മേന്മയേറിയ അവസ്ഥയിലേക്ക് അവനെ ഉയർത്തേണ്ടതിനു വേണ്ടി ക്രിസ്തു കഷ്ടം അനുഭവിക്കുകയായിരുന്നു. മനുഷ്യന്റെ അധികാരത്തേക്കാളും മഹത്വത്തേക്കാളും യേശുവിന്റെ താഴ്മയാണ് ഇവിടെ പ്രസക്തി. അതിനാൽ അവൻ മഹത്വവും ബഹുമാനവും അണിഞ്ഞു. അങ്ങനെ എല്ലാവർക്കും വേണ്ടി യേശു മരിച്ചതുകൊണ്ട് യേശു കഷ്ടവും മരണവും സഹിച്ചതുകൊണ്ട് ആ മരണത്തിൽ കൂടി നേടിയ തേജസ്സും ബഹുമാനവും എല്ലാവർക്കും മഹത്വത്തിലേക്കുള്ള വാതിൽ ആയി മാറി. മാനവകുലത്തിന്റെ പ്രതിനിധി എന്ന നിലയിൽ, രക്ഷാ ദാതാവ് എന്ന നിലയിൽ, യേശു താഴ്മയിലും മരണത്തിലും കൂടി മനുഷ്യനു വേണ്ടി രാജത്വം പ്രാപിച്ചു.

മനുഷ്യൻ ദൈവത്തിന് മഹത്വം കൊടുക്കുവാൻ വേണ്ടിയാണ് ദൈവമക്കളായി സൃഷ്ടിക്കപ്പെട്ടത്.കഷ്ടാനുഭങ്ങളിലൂടെ കടന്നു പോയത് യേശുവിനെ കൂടുതൽ യോഗ്യതയുള്ളവനാക്കി മാറ്റി. ചില ന്യു ജനറേഷൻ സഭകൾ ക്രൂശിൽ കിടക്കുന്ന യേശു പരാജിതനായ യേശുവാണെന്നുള്ള ദുരുപദേശം പഠിപ്പിക്കുമ്പോൾ. യേശു പൂർണ്ണതയിൽ തികഞ്ഞവനും വിജയിക്കുന്നവനുമായ രക്ഷദായകനാണ് എന്നാൽ ലേഖന കർത്താവ് ഇവിടെ പഠിപ്പിക്കുന്ന(2:10). അതായത് അന്തിമവും പൂർണ്ണവുമായ രക്ഷയിലേക്ക് മനുഷ്യ വർഗ്ഗത്തെ നയിക്കുവാൻ യേശുവിനെ യോഗ്യനാക്കിയത് കഷ്ടാനുഭവങ്ങളാണ്. മനുഷ്യനോട് ഏകീഭവിച്ച ക്രിസ്തുവിന്റെ കഷ്ടത വിളിച്ചറിയിക്കുന്നത് സ്വർഗ്ഗീയ തേജസ്സും മഹത്വവും ലഭിക്കുന്നത് കഷ്ടതയുടെ വഴിയിൽ കൂടി ആണെന്നാണ്

**ക്രിസ്തു മരിച്ചത് എന്തിന്?**

യേശു ക്രിസ്തുവിന്റെ മരണത്തിന് നാലു വിധ കാരണങ്ങൾ ഈ ലേഖനത്തിൽ കാണുന്നു

1) തേജസ്സിലേക്ക് വഴി നടത്തുവാൻ (2:10)

2) മരണ ഭീതിയിൽ നിന്നും നമ്മേ വിടുവിക്കുവാൻ (2:15)

3) ശുദ്ധികരണത്തിലേക്ക് വഴി നടത്തുവാൻ (2:11; 20:17)

4) സംരക്ഷിപ്പാൻ വേണ്ടി (2:16)

ക്രിസ്തു തന്റെ കഷ്ടാനുഭങ്ങളെ സ്വാഗതം ചെയ്യുകയായിരുന്നു. ഗത്സമന മുതൽ കാൽവറി വരെയുള്ള ചില മണിക്കൂറുകൾ വളരെ കഠിനമായിരുന്നു. ശാരിരികവും മാനസീകവുമായ കഷ്ടതകളുടെ പൂർണ്ണമായ അവസ്ഥയിലേക്ക് താൻ എത്തി. ലോകത്തിന്റെ ഉയർച്ചയിലേക്ക് തനിക്ക് പോകാമായിരുന്ന കാര്യങ്ങൾ ഒരോന്നായി തന്റെ മുൻപിൽ കൂടി കടന്നു പോയി. എന്നാൽ അവയെ പരിപൂർണ്ണമായി താൻ ഉപേക്ഷിച്ചു. കാരണം തന്റെ മുൻപിൽ വെച്ചിരുന്ന സന്തോഷത്തെ കണ്ടു കൊണ്ട് കഷ്ടതകളെ പൂർണ്ണ മനസ്സോടെ താൻ സ്വാഗതം ചെയ്തു.

യേശു തന്റെ പൗരോഹിത്യ ശുശ്രൂഷയാകുന്ന പാപപരിഹാരയാഗത്തിൽ കൂടി മരണ ഭീതി മനുഷ്യന് ഇല്ലാതാക്കി. ജഡരക്തങ്ങളോടു കൂടിയ മനുഷ്യരുമായി ഏകികരണം ഉണ്ടാകേണ്ടതിന് പുത്രനും യാഥാർത്ഥ്യത്തിൽ മനുഷ്യനായി. എന്നാൽ ജഡരക്തങ്ങളോടു കൂടിയ മനുഷ്യന്റെ മരണത്തെ യേശു തന്റെ മരണത്താൽ ഇല്ലാതാക്കി

2:18-ൽ യേശു മനുഷീക ഭവനത്തിൽ കൂടി കടന്നു പോയവനായതുകൊണ്ട് തന്നെ പോലെ പരിക്ഷിക്കപ്പെടുന്നവരെ സഹായിപ്പാൻ കഴിവുള്ളവനായിരുന്നു. അവന്റെ കഷ്ടതകളും മരണവും ദൈവത്തോടുള്ള അനുസരണത്തിന്റെ ഭാഗം മാത്രമല്ല കഷ്ടതയിൽ ഇരിക്കുന്നവരോട് സഹതപിക്കുവാനും അത് കാരണമായി. അവൻ ജനത്തിന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തമായി.

## എബ്രായലേഖന പഠന ചോദ്യങ്ങൾ

1) എന്തിനു വേണ്ടിയാണ് ക്രിസ്തു മരണം ആസ്വദിച്ചത്?
2) ക്രിസ്തുവിന്റെ മരണം എല്ലാവർക്കും മഹത്വത്തിലേക്കുള്ള വഴിയായി മാറിയത് എങ്ങനെ?
3) യേശുവിന്റെ ക്രൂശു മരണം പരാജയമോ? വിജയമോ? വിലയിരുത്തുക.
4) ക്രൂശു മരണത്തിന്റെ 4 ലക്ഷ്യങ്ങൾ വിവരിക്കുക?
5) യേശു എന്തിനു വേണ്ടിയാണ് കഷ്ടതകളെ പൂർണ്ണ മനസ്സോടെ സ്വാഗതം ചെയ്തത്?
6) യേശുവിന്റെ കഷ്ടവും മരണവും എന്തിനെല്ലാം കാരണമായി?

**എല്ലാ ലക്കങ്ങളിലെയും ചോദ്യങ്ങൾക്ക് ഉത്തരം എഴുതി വിജയികളാക്കുന്നവർക്ക് പഠനം പൂർത്തീകരിക്കുമ്പോൾ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും നൽകി ആദരിക്കുന്നതാണ്.**

**പാഠഭാഗം ശ്രദ്ധിച്ച് വായിച്ച് ഉത്തരം കണ്ടെത്തുക.**

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25-ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66, THIRUVALLA-689 101, KERALA**

## കഴിഞ്ഞ ലക്കം ശരിയുത്തരം അയച്ചവർ

മേഴ്സി സാം ഇരവിപേരൂർ,ഫെയ്ത്ത് ആന്റണി തൊടുപുഴ, മറിയാമ്മ വർഗീസ് മുടിയൂർക്കോണം, അന്നമ്മ ജേക്കബ്ബ് പൂവത്തുർ, ലീലാമ്മാ ജോസഫ് കവിയൂർ,ആലിസ് ജോയി ഐരാണിക്കുടി, സുജ മോൻസി ആറന്മുള, ഗ്രേസ് ജേക്കബ്ബ് പൂവത്തൂർ, ജെഫി മോൾ എൽസാ പാട്രിക്ക് കുടപ്പനക്കുന്ന്,സാറാമ്മ പാട്രിക്ക് പറണ്ടോട്, ഷീബാ സത്യപാൽ കോവളം, നിസ്സി സുനിഷ് മേച്ചാൽ, ദീനാ സിജു മാമലശ്ശേരി,ശലോമി ജോർജ്ജ് മേലുകാവുമറ്റം, ജിജി പോൾ മൈലം, ജൂലി ജോർജ്ജ് നല്ലതണ്ണി, അന്നമ്മ കെ.വി കുരിയച്ചിറ, ജൂലി ബിജു കിഴക്കമ്പലം, പിങ്കി സ്റ്റാൻലി ചൂനാട്, വൽസമ്മ ഈശോ കുന്നം, ഗ്രേസ് മീഖായേൽ മേലുകാവുമറ്റം,ശോശാമ്മ എബ്രഹാം പുതുപ്പള്ളി, ഏലിയാമ്മ വിൻസന്റ് അഹമ്മദാബാദ്, ജെസി ഐസക്ക് ഡൽഹി, ബ്ലസൻ പി. ജോസഫ് ഫിലദെൽഫിയ, ചിന്നമ്മ ജോസഫ് പള്ളിയ്ക്കൽ, ആലീസ് ജോസ് നെല്ലിപ്പാല, ഉഷ ഗോപിനാഥ് മൂപ്പത്തടം, കെ. എൻ. നളിനി തിരുവല്ല.

പ്രകൃതിയുടെ മടിത്തട്ടിൽ ആധുനികതയുടെ സൗകര്യങ്ങളുമായി ഒരു ക്രൈസ്തവ ടൗൺഷിപ്പ്.

31 British Designer Super Luxury & Twin Villas, Plots in 12, 10, 7, 5.5, 3.80 cents
BOOKING STARTED : 25 Studio Homes for Senior Citizens
Health Tourism · Smart City neighbourhood · Smart Home
Recurring income at an absolute Faithcity spiritual atmosphere

Available Ready VILLAS & PLOTS

കൊച്ചി ഇന്റർനാഷണൽ എയർപ്പോർട്ടിന്റെ സമീപെ ജി. സി. ഡി. എ. പരിധിക്കുള്ളിൽ നിർമ്മാണത്തിലിരിക്കുന്ന പുതിയ പാലത്തോടു ബന്ധിച്ച് എയർപ്പോർട്ട്-കോട്ടയം റോഡും എറണാകുളം-പെരുമ്പാവൂർ റോഡും ആലുവ-മൂന്നാർ റോഡും ചേരുന്ന പ്രകൃതിരമണീയമായ പോഞ്ഞാശേരിയിൽ വിശ്വാസികൾക്കു മാത്രമായി ഒരു ടൗൺഷിപ്പ് ഒരുങ്ങുന്നു. അനുദിനം മൂല്യം വർധിക്കുന്ന സുരക്ഷിത നിക്ഷേപവും SBI Life ബോണ്ടും!

SBI Life BOND ensures - (i) 100% Returns on the current Purchase Value; (ii) Life insured
വിശാലമായ വീഥികൾ, പാർക്കുകൾ, ഹൃദ്യമായ ആത്മീയ ഗീതങ്ങൾ;
ദേശത്തിന്റെ മുഖച്ഛായ തന്നെ അനുദിനം മാറിക്കൊണ്ടിരിക്കുന്നു.

SBI Life's 100% Money Return Plan
VILLAS AT 2 PAYMENT OPTIONS
TRUELY DESIRING A VILLA OF YOUR CHOICE IN A SPIRITUAL ATMOSPHERE?
READY FOR OCCUPATION IN 18 MONTHS.
SPECIAL OFFER TILL 30-06-2011
ATTRACTIVE SUBSIDIZATIONS



തികഞ്ഞ പ്രാർത്ഥനാന്തരീക്ഷത്തിൽ അൽപം മാത്രം ബാക്കിയുള്ള വില്ല പ്ലോട്ടുകൾ; 3 / 4 / 5 ബെഡ് റൂം വില്ലകൾ; സീനിയേഴ്സ് ഹോമുകൾ; റിട്രീറ്റ് സെന്റർ; തൊഴിലധിഷ്ഠിത ബൈബിൾ സെമിനാരി; മേഖലാ മെഡിക്കൽ ക്യാമ്പുകളും കൗൺസലിംഗും

• 30,000 Sq.Ft. FOR BIBLE CONFERENCE • BANK HOME LOANS •

Board of Consultant Directors are renowned Professionals and eminent Men of God from major Christian Churches.

"Unless the LORD builds the house, its builders labour in vain" (Ps. 127:1)



for immediate booking Call or E-mail:
M/s GOODYEAR BUILDERS & ENGINEERS PTE. LTD
Engineers • Builders • Township Developers • Project Investors
Victory Park · JOINT VENTURE WITH · SBI Life INSURANCE With Us, You're Sure
POST BOX No: 2295 :: CRA/197, PALARIVATTOM, COCHIN - 682 025 :: INDIA.
Phone: (O) 91-484-2345846, 2330200, ® 91-484-2343956 Fax: 91-484-2345163, 2343956
Mob: 91-9447250583 Visit At: www.goodyearenterprises.com
Email: goodyear83@rediffmail.com info@goodyearenterprises.com

ECONOMY VILLAS
in 3.80cents
2 Storied, 3 Bed, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 66.14 M2
PORCH - 7.80 M2
FIRST FLOOR AREA - 47.50 M2
TOTAL FLOOR AREA - 121.44 M2
(1305.00 SQFT)

STANDARD VILLAS
In 5.5 cents
2 Storied - 3 Bed,1 Consultation Room, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 111.72 M2
PORCH - 11.34 M2
FIRST FLOOR AREA - 58.24 M2
TOTAL FLOOR AREA - 181.30 M2
(1950.79 SQFT)

LUXURY VILLAS
in 7 cents
2 Storied, 3 Bed, 1 Consultation Room, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 113.50 M2
PORCH - 16.60 M2
FIRST FLOOR AREA - 76.23 M2
TOTAL FLOOR AREA - 206.33 M2
(2220.11 SQFT)

SUPER LUXURY VILLAS
in 10 cents
2 Storied, 4 Bed, 1 Consultation Room, 6 Baths
(Inclusive of wood - works)



GROUND FLOOR AREA - 153.82 M2
PORCH - 25.94 M2
FIRST FLOOR AREA - 75.65 M2
TOTAL FLOOR AREA - 255.41 M2
(2748.21 SQFT)

SUPER LUXURY VILLAS
in 12 cents
2 Storied, 4 Bed, 1 Servant Room,
1 Consultation Room, 7 Baths
(Inclusive of wood - works)



GROUND FLOOR AREA - 174.65 M2
PORCH - 23.00 M2
FIRST FLOOR AREA - 109.05 M2
TOTAL FLOOR AREA - 306.70 M2
(3300.00 SQFT)

• HEALTH TOURISM • FIRE SAFETY • FLOOD LIGHTS • MINI SHOPPING CENTRE • CAFETERIA • DAY & NIGHT SECURITY •

18 മാസങ്ങളായി വിക്ടറി പാർക്കിനെതിരായി ഉയർന്നു വന്നിരുന്ന പ്രശ്നങ്ങളിൽ നിന്നെല്ലാം നമ്മുടെ പ്രാർത്ഥന കേൾക്കുന്ന ദൈവം വിടുവിച്ച് സുഗമമായ പ്രവർത്തനങ്ങൾക്ക് ഒന്നൊന്നായി കേരള സർക്കാർ അംഗീകാരമായി, ഉത്തരവ് ലഭിച്ചിരിക്കുന്നു. ബുക്കിംഗ് പ്രകാരമുള്ള പണികൾ ധ്രുതഗതിയിൽ പുരോഗമിക്കുന്നു.

യുഗവീക്ഷണം



# ആത്മീയ നേതൃത്വവും മൂല്യങ്ങളും



**സാം ടി മൈക്കിൾ**

**‘നേ**തൃത്വം’ എന്ന ആശയം ആത്മീയ ലോകത്തും മതേതര സമൂഹത്തിലും ഒരു പോലെ ചർച്ച ചെയ്യപ്പെടാറുള്ളതാണ്. ഒരു സമൂഹത്തെ അല്ലെങ്കിൽ കൂട്ടായ പ്രവർത്തനത്തെ സുഗമമായി മുന്നോട്ട് നയിക്കണമെങ്കിൽ ശക്തമായ നേതൃത്വം അനിവാര്യമാണ്. വ്യക്തമായ കാഴ്പ്പാടും, അർപ്പണ ബോധവും, കഴിവും ഉള്ള നേതൃത്വം സമൂഹത്തിന്റെയും, സംഘടനയുടെയുമൊക്കെ മുഖഛായ മാറ്റുമെന്നതിൽ സംശയമില്ല. അതേപോലെ തന്നെ മാതൃകയില്ലാത്തതും, കഴിവും കാര്യശേഷിയില്ലാത്തതുമായ നേതൃത്വം സംഘടനകളെ ദുർബ്ബലപ്പെടുത്തുമെന്നതിലും തർക്കമില്ല.

വേദപുസ്തക ചരിത്രം പരിശോധിച്ചാൽ ദൈവം നേതൃ രംഗത്തേക്ക് ഉയർത്തിയ അനേകരെ ദർശിക്കാം. മനുഷ്യന്റെ കൂട്ടായ പ്രവർത്തനങ്ങൾ ഉല്പത്തി മുതൽ ഉണ്ടായിരുന്നതായി കാണാം. അക്കാലങ്ങളിലെ കൂട്ടായ പ്രവർത്തനങ്ങൾക്ക് പിന്നിൽ ശക്തമായ നേതൃത്വം ഉണ്ടായിരുന്നു. ഈ നേതൃത്വം ദൈവീക പദ്ധതികളുടെ ഭാഗവുമായിരുന്നു. ഒരു വമ്പൻ ജനസമുഹത്തിന്റെ നേതാവായിരുന്ന മോശ, യോശുവ തുടങ്ങിയവരൊക്കെ ഇപ്രകാരം ദൈവീക പദ്ധതികളുടെ നടത്തിപ്പിനായി നേതൃ രംഗത്തേക്ക് ഉയർത്തപ്പെട്ടവരാണ്.

ആത്മീയ നേതൃത്വവും, ലോകജാതികളുടെ സംഘടനാ നേതൃത്വവും തമ്മിൽ സാരമായ വ്യത്യാസമുണ്ട്. ലൗകീക സംഘടനകൾ വ്യക്തികളുടെ കഴിവും, യോഗ്യതകളും കണക്കിലെടുക്കാറുണ്ട്. എന്നാൽ ദൈവീക പ്രമാണങ്ങളിൽ നടക്കുന്ന ഒരുവനെ അയാളുടെ കഴിവുകളും കഴിവുകേടുകളും ഒന്നും കണക്കിലെടുക്കാതെയാണ് ദൈവം നേതൃസ്ഥാനത്തേക്കുയർത്തുന്നത്

യിസ്രയേൽ ജനതയെ നയിക്കുവാനായി മോശയെ ദൈവം എഴുന്നേൽപ്പിച്ചത് മോശയുടെ എത് കഴിവ് നോക്കിയാണ് ‘ഞാൻ വിക്കനും തടിച്ച നാവുള്ളവനുമാണ് എന്ന് മോശ തന്നെ ദൈവത്തോട് പറഞ്ഞിട്ടുള്ളതാണ്’ (പുറ 4:10) യിശ്ശായിയുടെ മക്കളിൽ വെച്ച് യാതൊരു വിശേഷ യോഗ്യതകളും ഇല്ലാതിരിക്കെ ദാവിദിനെ ദൈവം രാജസ്ഥാനത്തേക്ക് ഉയർത്തിയതും ഇക്കാര്യം അരക്കിട്ടുറപ്പിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവം ഒരുവനെ നേതൃസ്ഥാനത്തേക്ക് ഉയർത്തുന്നത് തന്റെ ശുശ്രൂഷ അവനിലൂടെ നിറവേറ്റുവാനാണ്. ഇപ്രകാരം നേതൃരംഗത്തേക്ക് ഉയർത്തപ്പെടുന്നവർ അനേകം ത്യാഗങ്ങൾ സഹിക്കേണ്ടതായി വന്നേക്കാം വിവിധ ചിന്താഗതിക്കാരായ വലിയൊരു കൂട്ടും ജനത്തെ നയിക്കുക എന്നത് ചെറിയ കാര്യമല്ല. വിവിധ ചിന്താഗതികളെയും ആശയങ്ങളെയും ശ്രദ്ധാപൂർവ്വം നിരീക്ഷിച്ച് ഏകോപിപ്പിക്കുന്നത് അല്പം ശ്രമകരമായ ദൗത്യമാണ്. പ്രശ്നങ്ങളെ നേരിടാനുള്ള മനക്കരുത്തും, ദീർഘക്ഷമയും, ജനത്തേ മുമ്പോട്ട് നയിക്കുവാൻ വേണ്ട ആത്മീയ ദൃഷ്ടിയും ഉണ്ടെങ്കിൽ മാത്രമേ നേതൃത്വം സുഗമമായി തീരുകയുള്ളു. ആത്മീയ നേതൃത്വം ഒരു ശുശ്രൂഷയാണെന്ന യാഥാർത്ഥ്യം ഇത്തരുണത്തിൽ മറന്നു കൂടാ. യേശു കർത്താവ് പറഞ്ഞതിപ്രകാരമാണ് ‘നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസൻ ആകണം(മർക്കോ 10:42-44) എന്നാണ്. ശിഷ്യന്മാരുടെ കാലുകൾ കഴുകിയ യേശുവിന്റെ മാതൃക ആത്മീയ ലോകത്തിൽ ആർക്കും മറക്കാവുന്നതല്ല താഴ്മയുടെ ഉദാത്തമായ ഈ മാതൃക നേതൃരംഗത്തുള്ളവർ അനുവർത്തിക്കണം

അപ്പോസ്തോലനായ പൗലോസിന്റെ ജീവിതം, മാതൃകാ പരമായ ആത്മീയ നേതാവിന്റെതായിരുന്നു. അനുകരിക്കത്തക്ക ജീവിത മാതൃകയും ആഴമായ സുവിശേഷാത്മാവും ആത്മീയ ദർശനവും താഴ്മയുമെല്ലാം ഒത്തു ചേർന്നിരുന്നു. പൗലോസ് ഇന്നത്തെ നേതൃത്വങ്ങൾക്ക് കനത്ത വെല്ലുവിളിയാണ് ഉയർത്തുന്നത് പൗലോസ് ചെയ്തതു പോലെ ഏതൊരു ക്രിസ്തീയ നേതാവും, ക്രിസ്തു ദർശനങ്ങൾ പ്രമാണിക്കുന്നതിൽ ഉത്സാഹിക്കണം. ജീവിതത്തിലൂടെ യേശുക്രിസ്തുവിനെ കാട്ടികൊടുക്കുന്ന നേതൃത്വം ഈ കാലഘട്ടത്തിൽ അനിവാര്യമാണ്

ആത്മിയ നേതൃത്വം കൂട്ടായ പ്രവർത്തനത്തിലധിഷ്ഠതമാണ്. അവിടെ ‘നേതാവും’ ‘അണികളും’ ഒന്നുമില്ല. നേതൃത്വം ജനത്തോടും ജനം നേതൃത്വത്തോടും കടപ്പെട്ടിരിക്കുന്നുമുണ്ട്. അപ്രകാരം കൂട്ടായ്മയോടെ ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായ് പ്രവർത്തിക്കുമ്പോൾ, സഭകൽ ഉണർത്തപ്പെടുക തന്നേ ചെയ്യും.

യുഗവിചാരണ

# യേശു ചെയ്തതിലും അധികം ചെയ്യുന്നവർ

**പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ, 9447313709**

**കേ**രളത്തിലെ പെന്തക്കോസ്ത് സഭകളുടെ സാമുഹികാവബോധം യാഥാസ്ഥിതികതയിലേക്ക് അനുദിനം നിപതിച്ചുകൊണ്ടിരിക്കുകയാണ്. പാരമ്പര്യത്തോടുള്ള പ്രതിബദ്ധതയല്ല പാരമ്പര്യങ്ങളല്ലാത്ത പാരാമ്പര്യങ്ങളാണ് ഇന്ന് തെരെഞ്ഞെടുക്കപ്പെടുന്നത്. ബോധപൂർവ്വമുള്ള ഈ ശ്രമങ്ങൾ നമ്മുടെ ഉപദേശങ്ങളെ വികലമാക്കുകയും അതിന്റെ പേരിൽ പുതിയ വ്യവഹാരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. കൈ കൊള്ളണ്ടതിനെയും തള്ളിക്കളയേണ്ടതിനെയും കുറിച്ചുള്ള അവ്യക്തത നിമിത്തം ആധുനിക പെന്തക്കോസ്ത് സമുഹത്തിൽ സാംസ്കാരിക സമ്മിശ്രമായ വൈരുദ്ധ്യങ്ങൾ നിറഞ്ഞ് നിൽക്കുന്നു. പാരമ്പര്യവും ആധുനികതയും തമ്മിലുള്ള പിരിമുറക്കത്തെ കാണാൻ ശ്രമിക്കുമ്പോൾ ചില തെരെഞ്ഞെടുപ്പുകൾ നടത്തേണ്ടി വരുന്നത് സ്വഭാവികം. ആ തെരെഞ്ഞെടുപ്പുകൾ പലപ്പോഴും യുക്തി പൂർവ്വമായികൊള്ളണമെന്നില്ല അതുകൊണ്ട് ഉപദേശ വിഷയങ്ങളിൽ വൈകാരിക സ്വാധീനം മേൽക്കൈ നേടുന്നു. അത്തരം സന്ദർഭങ്ങളിൽ ഉപദേശത്തിന്റെ എല്ലാ ധാർമ്മികതയും കാറ്റിൽ പറത്തി സാഹചര്യങ്ങളെ നിസ്സംശയം ആശ്ലേഷിക്കുന്നതിന് കാരണമാകുന്നു. ഒന്ന് ആലോചിച്ചാൽ നാം ഉൾപ്പെട്ടു നിൽക്കുന്ന സമൂഹം അത്തരമൊരു സ്ഥിതിയിൽ അല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഇന്ന് സഭയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ആത്മീയ മൂല്യച്യുതിയിൽ നിന്നും സഭയ്ക്ക് ഒരു ഉദ്ധാരണം ഉണ്ടായേ മതിയാവു. ജീവിത വിശുദ്ധിയിലേക്കും ഉപദേശ വിശുദ്ധിയലേക്കും നാം മടങ്ങി വരേണ്ടത് അത്യാവശ്യമാണ്. ഉപദേശത്തിനും ജീവിതത്തിനും പെന്തക്കോസ്ത് സമുൂഹത്തിൽ വളരെ പ്രാധാന്യം ഉണ്ട്. പാപ മേധാവിത്വമുള്ള ഈ ലോകത്ത് സഭയിലെ പല ശുശ്രുഷകളും നിസ്സാരവൽക്കരിക്കപ്പെടുന്നു. ഏറ്റവും അടുത്ത് നടന്ന സംഭവം അതിനുദാഹരണം. കേരളത്തിലെ ഒരു മുഖ്യധാര സഭയുടെ നേതാവ് ആ സഭയിൽ തന്നേ ഉൾപ്പെട്ടു നിൽക്കുന്ന ഒരു പാസ്റ്റർക്ക് ഓർഡിനേഷൻ കൊടുക്കുവാൻ സ്വീകരിച്ച രീതി വളരെ രസാവഹമായിരുന്നു. ഓർഡിനേഷൻ കൊടുക്കേണ്ടുന്ന ദിവസം തിരക്ക് കൂടുതൽ ഉള്ളതിനാൽ അഭിഷിക്തനാക്കേണ്ടുന്ന പാസ്റ്ററുടെ അടുത്ത് എത്തുവാൻ സമയം പോരാ, ആയതിനാൽ അഭിഷേക പ്രാർത്ഥന ഫോണിലൂടെ ആക്കുവാൻ തീരുമാനിച്ചു. നമ്മുടെ സർക്കാർ ചെയ്ത് കൊടുക്കുന്ന സൗകര്യങ്ങളെ 2ജിയിൽ നിന്നും 3ജി ആക്കി അതിവേഗം കുതിക്കുന്ന മൊബൈൽ ലോകത്ത്, തലയിൽ കൈവെച്ച് ശുശ്രുഷക്കായി വേർതിരിക്കേണ്ട ആ സമയത്ത് നേതാവ് പറയുന്നു ഇനി ഫോൺ തലയിൽ വെച്ചോ ഞാൻ ഇവിടെ നിന്ന് പ്രാർത്ഥിക്കാം! എന്തൊരു സൗകര്യം ഫോണിലുടെയും പകരപ്പെടുന്ന അഭിഷേകം. ഏതായാലും മോശയുടെ കാലത്ത് യോശുവായെ അഭിഷേകം ചെയ്യുന്നതിനും, ശമുവേലിന്റെ കാലത്ത് ദാവിദിനെ അഭിഷേകം ചെയ്യുന്നതിനും 1ജി ഫോൺ പോലും ഇല്ലാതിരുന്നത് ആരുടയൊക്കയോ ഭാഗ്യം. ഇന്ന് യേശു ചെയ്തതിലും അധികം ചെയ്യുന്നവർ ഇനി എന്തൊക്കെ ചെയ്യുമോ ആവോ.

ഒന്നോർക്കുക ദൈവം നമ്മേ ഭരമേൽപ്പിച്ച ശുശ്രൂഷ നാം ചെയ്യുന്നത് ദൈവ ശുശ്രൂഷ എന്ന നിലയിലാണ്. തന്റെ വിചാരണയിലുള്ള ആട്ടിൻകൂട്ടത്തോടും ശുശ്രൂഷക വൃന്ദത്തോടും യാതൊരു പ്രതിബദ്ധതയുമില്ലാത്തവരുടെ താല്പര്യം ധനത്തിൽ മാത്രമാണ് അതിനെക്കാൾ അധാർമ്മികമായത് മറ്റൊന്നുമില്ല, ഇന്ന് ഈ പ്രവണത വളരെ വ്യാപകവുമാണ്. ദൈവരാജ്യ ശുശ്രൂഷയിൽ കൂലിക്കാരില്ല, ഈ വിശുദ്ധ ഭരണകൂടത്തിൽ കൂലിക്കെടുക്കുന്നവരുമില്ല അതുകൊണ്ട് മതവ്യാപരികളുടെ കപടത ഏവരും തിരിച്ചറിയണം. പണത്തോടുള്ള അത്യാഗ്രഹം നിമിത്തം ഇവർ ദൈവവചനത്തെ വ്യാപരം ചെയ്ത് പ്രാർത്ഥനാലയത്തെ കളളന്മാരുടെ ഗുഹയാക്കി തീർക്കുന്നു. കർതൃശുശ്രൂഷകന്മാരുടെ അഭിഷേകം എന്നത് അവരെ വിശുദ്ധിയിലേക്കുള്ള, അതയാത് ശരിയായ ജീവിതവും പെരുമാറ്റവും കൊണ്ട്, ദൈവസേവനത്തിനായ് ധാർമ്മികവും വിശുദ്ധവും ആയ ജീവിതത്തിനായി വേർതിരിക്കുന്നതാണ്. പക്ഷേ ദൗർഭാഗ്യവശാൽ മതചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം കപടഭക്തിയിലേക്ക് നമ്മുടെ സമുഹം മാറി. ഇന്നത്തെ പരീശൻ ‘പ്രകടനപരമായ വിശുദ്ധി’യുടെ ആക്കം കൂട്ടുകയാണ്. ആത്മീയ അഹങ്കാരത്താൽ വേദപുസ്തക ജ്ഞാനം പ്രാവർത്തികമാക്കുവാനുള്ള ദൈവാത്മാവ് ജീവിതത്തിലില്ലാതെ അവയെക്കുറിച്ച് പ്രസംഗിച്ച് മാത്രം നടക്കുന്നു..........‘ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരായി.....ഇവർ മാറുന്നു.(2തിമോ 3:5). ഒരു ഉണർവ്വ് സാധ്യമായി തീരണമെങ്കിൽ ഇത്തരം നേതാക്കന്മാരെ ആലയത്തിൽ നിന്നും പുറത്താക്കണം. വചനത്തിന് വിരുദ്ധമായി ആരെങ്കിലും സ്വർഗ്ഗത്തിലെ ഒരു ദൂതനെങ്കിലും അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവനാണെന്ന് വചനം പറയുന്നു. അതുകൊണ്ട് വിശുദ്ധന്മാർക്കങ്ങൊരിക്കലായി ഭരമേല്പിച്ച വിശ്വാസത്തിനായി നമുക്ക് പോരാടാം.ഉപദേശവും ജീവിതവും കാത്തു സൂക്ഷിക്കുന്നവരെ ദൈവം തിരയുന്നു.കർത്താവിന്റെ രാജ്യ വ്യാപ്തിയായിരിക്കട്ടെ നമ്മുടെ ലക്ഷ്യം

***വാൽക്കഷണം:*** *ശുശ്രുഷ കഴിഞ്ഞുള്ള സ്തോത്ര കാഴ്ച എങ്ങനെ നേതാവിനു കൊടുക്കും ഫോണിലുടെ പ്രാർത്ഥിച്ചാൽ; സാരമില്ല എല്ലാ ബാങ്കുകളും കോർ ബാങ്കിംഗ് സംവിധാനം തുടങ്ങിയിട്ടുണ്ട്.*







## ആത്മാക്കളുടെ........

*2-ാം പേജ് തുടർച്ച*

യിൽ ഉള്ളതാണ്. നമുക്കറിയാവുന്ന വ്യക്തികളുടെ ചേഷ്ഠകളും, സംസാര രീതികളും അതേ പടി പകർത്തി നമ്മേ വിശ്വസിപ്പിക്കുവാൻ ശ്രമിക്കുന്നു. 1986 സെപ്തംബർ 5-ാം തീയതി ബോംബയിലെ പാലം വിമാനത്താവളത്തിൽ നിന്നും പറന്നുയർന്ന അമേരിക്കൻ വിമാന കമ്പനിയുടെ ബോയിംഗ് വിമാനം കറാച്ചിയിൽ വെച്ച് വിമാന റാഞ്ചികൾ റാഞ്ചുന്നു. റാഞ്ചികളിൽ നിന്നും വിമാന യാത്രക്കാരെ രക്ഷിക്കുവാൻ ശ്രമിക്കുന്നതിനിടയിൽ എയർ ഹോസ്റ്റസ് ആയ നീരജ് മിശ്ര വെടിയേറ്റു മരിച്ചു. ആര്യ സമാജക്കാരായ ഭാനോട്ട്-മിശ്ര ദമ്പതികളുടെ അരുമയായി വളർന്ന നീരജയുടെ മരണം ആ കുടുംബത്തിന് തീരാ ദുഖത്തിന് കാരണമായി. പ്രാർത്ഥനകളും ഭജനയുമായി കഴിഞ്ഞ നീരജയുടെ അമ്മ ഇതിനിടയിൽ തന്റെ മകൾ പരലോകത്തു നിന്നും തന്നോട് സംസാരിക്കുന്നു എന്ന അവകാശവാദവുമായി രംഗത്തെത്തി. അതിനു കാരണമായത് ബോംബയിലെ സാവി എന്ന മാസിക പരലോക സന്ദേശകഥകൾ പ്രസിദ്ധികരിക്കുവാൻ താല്പര്യപ്പെട്ടിരുന്നു. ഇതിന്റെ ഒരു ലേഖിക നീരജയുടെ അമ്മയെ പരലോകത്തു നിന്നു സന്ദേശം ലഭിക്കുമെന്ന് അവകാശപ്പെടുന്ന ഒരു പാഴ്സി ദമ്പതികളുമായി പരിചയപ്പെടുത്തി തുടർന്നാണ് ഈ സന്ദേശങ്ങൾ എത്തി തുടങ്ങിയത്.

*തുടരും*

# ഒരു പത്രത്തിന്റെ കുമ്പസാരം





ജെയ്സ് പാണ്ടനാട്

ആരും നല്കാത്ത വാർത്ത മുമ്പേ നല്കാനുള്ള തത്രപ്പാടിലാണ് ഇന്നു ലോകമെമ്പാടുമുള്ള മാധ്യമങ്ങൾ. മാധ്യമസ്വാതന്ത്ര്യമെന്ന കവചമുള്ളതിനാൽ സംഗതി കുറേക്കൂടി എളുപ്പം. മാധ്യമ സ്വാതന്ത്ര്യമെന്നാൽ എന്തും ചെയ്യാനുള്ള ലൈസൻസാണെന്ന ധാരണ ചില മാധ്യമങ്ങൾക്കുണ്ട്. എന്നാൽ, ആ ധാരണ അബദ്ധമായിരുന്നുവെന്നു തെളിയിച്ച ഒരു കാഴ്ചയ്ക്കാണു ജൂലൈ 10 ഞായറാഴ്ച മാധ്യമലോകം സാക്ഷിയായത്.

ലണ്ടനിൽ നിന്നു പ്രസിദ്ധീകരിച്ചിരുന്ന 'ന്യൂസ് ഓഫ് ദ വേൾഡ്' എന്ന ഞായറാഴ്ചപ്പത്രം അന്ന് അവസാനലക്കം വിപണിയിലെത്തിച്ച് എന്നെന്നേക്കുമായി ചരിത്രത്തിലേക്കു പിൻവാങ്ങി. എക്സ്ക്ലൂസീവ് വാർത്ത കിട്ടാൻ വേണ്ടി ബ്രിട്ടനിലെ പ്രമുഖരുടെ ഫോൺ ചോർത്തിയ സംഭവം വിവാദമായതിനെത്തുടർന്നായിരുന്നു 168 വർഷത്തെ വാർത്താചരിത്രമുള്ള ന്യൂസ് ഓഫ് ദ വേൾഡിനു പ്രസിദ്ധീകരണം നിർത്തേണ്ടിവന്നത്.

7.6 ലക്ഷം കോടി യു.എസ്. ഡോളറിന്റെ ആസ്തിയുള്ള മാധ്യമഭീമൻ റൂപ്പർട്ട് മർഡോക്ക് ആണ് പത്രയുടമ എന്നതു വാർത്തയിലെ മറ്റൊരു കൗതുകം. ടൈറ്റാനിക്കിന്റെ തകർച്ചയും, വിക്ടോറിയ രാജ്ഞി, ഡയാന രാജകുമാരി തുടങ്ങിയവരുടെ മരണവും ലോകത്തെ അറിയിച്ച ന്യൂസ് ഓഫ് ദ വേൾഡ് ചില നേരങ്ങളിൽ വഴിവിട്ടു പ്രവർത്തിച്ചുവെന്നു ലോകത്തോടു തുറന്നു സമ്മതിച്ചു. ഒന്നര നൂറ്റാണ്ടിലധികം ഒപ്പം നിന്ന വായനക്കാരോടു നന്ദി അറിയിക്കാനും പത്രം മറന്നില്ല.

"168 വർഷങ്ങൾക്കുശേഷം ഞങ്ങൾ ദുഃഖത്തോടെ, ഒപ്പം അഭിമാനത്തോടെ പിൻവാങ്ങുന്നു; ഞങ്ങളുടെ എഴുപതു ലക്ഷം വായനക്കാരിൽ നിന്നും"– അവസാനലക്കത്തിന്റെ ഒന്നാം പേജിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്നു. പ്രസിദ്ധീകരണത്തിന്റെ നാൾവഴികളിലെ ശ്രദ്ധേയമായ കവർപേജുകളുടെ ഡിസൈനുകൾ നിറഞ്ഞ അവസാനത്തെ ഒന്നാം പേജ് പത്രത്തിന്റെ പേരിൽ വലത്തുമുകളിലായി ലോകത്തിലെ ഏറ്റവും മഹത്തായ പത്രം എന്ന പരസ്യവാചകവും. അവസാന പതിപ്പിനൊപ്പം പത്രത്തിന്റെ ചരിത്രം വ്യക്തമാക്കുന്ന 48 പേജുള്ള സപ്ലിമെന്റും. പുറം കവറിൽ ജോർജ്ജ് ഓർവലിന്റെ വാചകങ്ങൾ. വാർത്തകളുടെ വാർത്ത നല്കി വിടവാങ്ങൽ ഗംഭീരമാക്കി.

ലോകത്തെ ഏറ്റവും വലിയ മാധ്യമസ്ഥാപനമായ ദ വാൾട്ട് ഡിസ്നി കമ്പനിക്കു തൊട്ടു പിന്നിൽ നില്ക്കുന്ന ന്യൂസ് കോർപറേഷന്റെ ഉടസ്ഥതയിലായിരുന്നു ന്യൂസ് ഓഫ് ദ വേൾഡ് എന്ന സൺഡേ ടാബ്ലോയ്ഡ്. ജോൺ ബ്രോണി ബെൽ 1843ൽ തുടങ്ങിയ പത്രം. 1891ൽ ബെൽ പത്രം ലാസെൽസ് കാറിനു വിറ്റു. 1969ലാണു റൂപ്പർട്ട് മർഡോക്കിന്റെ ഉടമസ്ഥതയിൽ വന്നത്. തുടങ്ങിയതു ബ്രോഡ്ഷീറ്റ് രൂപത്തിൽ. 1984ലാണ് ന്യൂസ് ഓഫ് ദ വേൾഡിനു ടാബ്ലോയ്ഡ് രൂപം കൈവന്നത്. ഹെന്റി ഡ്രാക്ക് മുതൽ കോളിൻ മെയ്‌ലർ വരെ 23 എഡിറ്റർമാർ. പ്രശസ്തരുടെ സ്വകാര്യതകൾക്കു വാർത്താരൂപം കൈവന്നു. മയക്കുമരുന്നുകടത്തുകാർ, ക്രിമിനലുകൾ തുടങ്ങിയവരുടെ സങ്കേതങ്ങളിൽ വേഷപ്രച്ഛന്നരായെത്തി ചിത്രമായും വീഡിയോ ദൃശ്യമായും റിപ്പോർട്ടർമാർ ശേഖരിച്ച വിവരങ്ങൾ ഞായറാഴ്ചകളിൽ വായനക്കാരിലെത്തി.

മൂന്നു പെനി ആയിരുന്നു ആദ്യപതിപ്പിന്റെ വില. കേസുകളും വിചാരണകളും വ്യഭിചാരശാലകളിലെ നീലവെളിച്ചം പറഞ്ഞ കഥകളും സാമാന്യജനത്തിനു വായനയ്ക്കുള്ള വിഭവങ്ങളായി. ആദ്യകാലങ്ങളിൽ പ്രചാരം ആഴ്ചയിൽ 12,000 കോപ്പിയായിരുന്നു. ജോർജ്ജ് റിഡെലിന്റെ കാലത്താണു പത്രം പ്രചാരത്തിൽ മുന്നേറിയത്. പ്രാദേശിക ഏജന്റുമാരെ ഉപയോഗിച്ചു ദേശവ്യാപകമായി വിതരണം നടത്തി. 1912ൽ 20 ലക്ഷവും 1939ൽ 40 ലക്ഷവുമായിരുന്നു പ്രചാരം. അക്കാലത്തു പല സ്പോർട്സ് ടൂർണമെന്റുകളുമായും ബന്ധപ്പെടുത്തി ന്യൂസ് ഓഫ് ദ വേൾഡിന്റെ പേരു പരാമർശിക്കപ്പെട്ടിരുന്നു. 1981 മുതൽ സൺഡേ എന്ന പേരിൽ ഒരു മാസികയും പത്രത്തോടൊപ്പം വിതരണം ചെയ്തിരുന്നു. 1950ൽ ലോകത്തെ ഏറ്റവും വില്പനയുള്ള പത്രമായി ന്യൂസ് ഓഫ് ദ വേൾഡ് മാറി. 84 ലക്ഷമായിരുന്നു അന്നത്തെ പ്രചാരം. കഴിഞ്ഞ വർഷത്തെ കണക്കുപ്രകാരം 28 ലക്ഷമായിരുന്നു ആഴ്ചയിൽ പത്രത്തിന്റെ പ്രചാരം.

ആളുകളെ കെണിയിൽപ്പെടുത്തി വാർത്ത സൃഷ്ടിക്കുക, വിവാദ പ്രചാരണങ്ങൾ ഏറ്റെടുക്കുക, അപകീർത്തികരമായ വാർത്തകൾ പ്രസിദ്ധപ്പെടുത്തുക തുടങ്ങിയ കുറ്റങ്ങളുടെ പേരിൽ ന്യൂസ് ഓഫ് ദ വേൾഡ് മുമ്പും പ്രതിക്കൂട്ടിൽ നിന്നിട്ടുണ്ട്. 2006 ലാണ് ന്യൂസ് ഓഫ് ദ വേൾഡിന്റെ റോയൽ എഡിറ്റർക്കും റിപ്പോർട്ടർക്കുമെതിരേ മെട്രോപോളിറ്റൻ പോലീസ് കേസെടുത്തത്. രാജകുടുംബാംഗങ്ങളുടെ വോയ്സ് മെയിൽ സന്ദേശങ്ങൾ ചോർത്തി എന്നതായിരുന്നു ആരോപണം. 2007ൽ ഇരുവരും ജയിലിലായി. രാഷ്ട്രീയ പ്രവർത്തകരുടെയും സമൂഹത്തിലെ പ്രമുഖരുടെയും ഫോൺ സന്ദേശങ്ങൾ ചോർത്തിയതായി തുടർന്നും ആരോപണമുയർന്നു. 2011 ഫെബ്രുവരിയിൽ പത്രത്തിനെതിരെ 20 സിവിൽ കേസുകൾ നിലവിൽ വന്നു. 7000ൽ അധികം ആളുകളുടെ ഫോൺ സംഭാഷണങ്ങൾ ചോർത്തിയതായി പരാതിയുണ്ടായി. മുൻ എഡിറ്റർ ആൻഡി കോൾസണെ അറസ്റ്റ് ചെയ്തു.

കാണാതാവുകയും കൊല്ലപ്പെട്ടുവെന്നു പിന്നീടു സ്ഥിരീകരിക്കപ്പെടുകയും ചെയ്ത മില്ലി ഡൗളറെന്ന പെൺകുട്ടിയുടെയും 2005 ജൂലൈ ഏഴിലെ ലണ്ടൻ സ്ഫോടനത്തിൽ കൊല്ലപ്പെട്ട ബ്രിട്ടീഷ് സൈനികരുടെയും അവരുടെ ബന്ധുക്കളുടെയും മൊബൈൽഫോൺ അക്കൗണ്ടുകളിൽ അനധികൃതമായി പ്രവേശിച്ചു എന്നതായിരുന്നു ഈ മാസമാദ്യം പത്രത്തിനെതിരെ ഉയർന്ന ആദ്യത്തെ ആരോപണം. ഇതു മര്യാദലംഘനമാണെന്നു ജനസംസാരമുയർന്നു. പരസ്യക്കമ്പനികൾ പത്രവുമായുള്ള ഇടപാടുകൾ പിൻവലിച്ചു. ജൂലൈ ആറിനു ബ്രിട്ടീഷ് പ്രധാനമന്ത്രി ഡേവിഡ് കാമറോൺ പാർലമെന്റിൽ അന്വേഷണം പ്രഖ്യാപിച്ചു. അടുത്ത ദിവസം ന്യൂസ് ഇന്റർനാഷണലിന്റെ ചെയർമാനും മർഡോക്കിന്റെ പുത്രനുമായ ജെയിംസ് മർഡോക് ജൂലൈ 10 നു പത്രം നിർത്തുന്നതായി പ്രഖ്യാപിച്ചു.

അവസാനപതിപ്പിന്റെ ഓരോ പ്രതിയും വിറ്റുകിട്ടുന്ന ഒരു പൗണ്ടിൽ 74 പെനി നല്ല കാര്യങ്ങൾക്കായി വിനിയോഗിക്കും. പരസ്യവരുമാനം ആതുരസേവന പ്രവർത്തനങ്ങൾക്കും. അവശേഷിക്കുന്ന 26 പെനി ചില്ലറ വിതരണക്കാർക്കും മൊത്ത വിതരണക്കാർക്കും നല്കും: വിടവാങ്ങലിനു മുമ്പുള്ള ചില തീരുമാനങ്ങൾ ഇങ്ങനെ.

അവസാനപതിപ്പിന്റെ അച്ചടി പൂർത്തിയായശേഷം എഡിറ്റർ കോളിൻ മെയ്‌ലർ സഹപ്രവർത്തകർക്കൊപ്പം ലണ്ടനിലെ പത്രമോഫീസിനു പുറത്തേക്കു വന്നു. മാധ്യമപ്രവർത്തകരോടു സംസാരിച്ചു. സഹപ്രവർത്തകർക്കും വായനക്കാർക്കും നന്ദി ചൊല്ലി. ഫോൺ ചോർത്തിയതിൽ ഖേദിക്കുന്നു, യാതൊരു ന്യായീകരണവുമില്ല – അവസാന എഡിറ്റോറിയലിൽ പത്രത്തിന്റെ കുമ്പസാരം.

ഏതായാലും ഒരു പത്രം അവസാനിച്ചു. സ്വയംകൃതാനർഥം, അല്ലാതെന്തു പറയാൻ. മാധ്യമസ്വാതന്ത്ര്യം എന്ന ബലത്തിൽ എന്തുമാകാമെന്ന ചിന്ത അപകടത്തിലേക്കു നയിച്ചു. നിലനില്ക്കാൻ ചെയ്തതൊക്കെയും നിലനില്പിനു തന്നെ ഭീഷണിയായി. ഫോൺചോർത്തൽ എന്ന നിയമ ലംഘനത്തിലൂടെ നിലനില്പിന്റെ മൂർദ്ധാവിൽതന്നെ കൈവച്ചു. ലോകമെമ്പാടുമുള്ള മാധ്യമങ്ങൾക്കിതു പാഠമാകണം.

സെലിബ്രിറ്റി സ്കൂപ്പിനും സെക്സ് അപവാദങ്ങൾക്കും, പിന്നാലെ പോയി കിതയ്ക്കുന്ന ശൈലി നമ്മുടെ മാധ്യമങ്ങൾക്ക് എത്രത്തോളം യോജിച്ചതാണ് ? വാർത്തകൾ കണ്ടെത്തുന്നതിനും അവതരിപ്പിക്കുന്നതിനും സ്വീകരിക്കുന്ന വഴികൾ എത്രത്തോളം ധാർമികമാണ്? അന്യന്റെ ജീവിതത്തിലേക്കുള്ള ഒളിഞ്ഞുനോട്ടം എവിടം വരെയാകാം?

ഓരോ നിമിഷവും ബ്രേക്കിംഗ് ന്യൂസുകളിലൂടെയും ഫ്ളാഷുകളിലൂടെയും കടന്നുപോകുന്ന വർത്തമാനകാലത്തു നേരാംവണ്ണം കിട്ടുന്ന നിരവധി വാർത്തകൾ തമസ്കരിക്കപ്പെടുന്നുണ്ടെന്ന യാഥാർഥ്യവും വിസ്മരിക്കരുത്. സ്വകാര്യതയുടെ സംരക്ഷണത്തിനു വേണ്ടിയുള്ള ബിൽ സമീപഭാവിയിൽത്തന്നെ പാർലമെന്റിന്റെ പരിഗണനയ്ക്കു വരികയാണ്. റാഡിയ ടേപ്പുകളും അതിന്റെ തുടർതരംഗങ്ങളും മുന്നിൽത്തന്നെയുണ്ട്. ജനാധിപത്യത്തിലെ കാൻസറായ അഴിമതി വെളിപ്പെടുന്നത് ഇത്തരം വളഞ്ഞവഴികളിലൂടെയാണെന്നതും നിവർന്നു നില്ക്കുന്ന സത്യം.

ജനാധിപത്യത്തിന്റെ കാവൽസ്തംഭങ്ങളിലൊന്നാണു പത്രങ്ങൾ. അപ്പോൾ മാധ്യമസ്വാതന്ത്ര്യത്തിന്റെ പരിധി നിശ്ചയിക്കുന്നിടത്താണു വിവേകവും വിചാരവും ഉണരേണ്ടതെന്നു വ്യക്തം. നമ്മുടെ പത്രകാർക്കും ഇത് ബാധകമാണ്. അല്ലെങ്കിൽ അവസാന എഡിറ്റോറിയലിൽ കുമ്പസാരിക്കേണ്ടി വരും.

www.dofic.net
DIRECTORY OF INDIAN CHRISTIANS
TOUCH THE WORLD THROUGH THE DOFIC
e-mail: doficja@gmail.com
mob: 9656408750, 9656408744

കുവൈറ്റിലേക്ക് സ്ത്രീകളെ ആവശ്യമുണ്ട്
(വിസാ സൗജന്യം)

കുവൈറ്റികളുടെ ഭവനങ്ങളിലെ വീട്ടുജോലി (Housemaid) കുട്ടികളെ നോക്കുക (Baby sitter) രോഗികളെ ശുശ്രൂഷിക്കുക (Home Nurse) തയ്യൽ ജോലി (Tailor) മുതലായവക്ക് താൽപര്യമുള്ള സഹോദരിമാർ ബന്ധപ്പെടുക.

ഇന്ത്യൻ എംബസി എഗ്രിമെന്റ് പേപ്പർ,
പരിപൂർണ്ണ ഉത്തരവാദിത്വം തുടങ്ങിയവ
ഞങ്ങളുടെ പ്രത്യേകതകൾ
പ്രായപരിധി : 21 മുതൽ 45 വരെ

താൽപര്യമുള്ളവർ മാത്രം ബന്ധപ്പെടുക :
ഫോൺ : 9446513785, 9605099296

സത്യാന്വേഷി

# മാറുന്ന പ്രവാചക ശുശ്രൂഷകൾ



**വി**ശുദ്ധ വേദ പുസ്തകത്തിലെ ശുശ്രൂഷകളിൽ ഏറ്റവും ശ്രേഷ്ഠവും പ്രധാന്യമർഹിക്കുന്നതുമായ ഒന്നാണ് പ്രവാചക ദൗത്യം. ആത്മീയ അന്ധത ബാധിച്ച ജനത്തെ പിൻമാറ്റത്തിൽ നിന്നും മടക്കി കൊണ്ടവരുവാൻ അവരുടെ തെറ്റുകൾ ചൂണ്ടക്കാട്ടി നേരായ പാതയിലേക്ക് നയിക്കുക എന്ന ദൗത്യമാണ് ദൈവം പ്രവാചകന്മാരെ ഏല്പിച്ചിരിക്കുന്നത് എന്നാൽ ഇന്നത് ധന സമ്പാദനം എന്ന ലക്ഷ്യമായി മാറി.

പെന്തക്കോസ്തിന്റെ ആദ്യ വേരോട്ടം തുടങ്ങിയ സ്ഥലത്തു നിന്നും ഉള്ള ഒരു പ്രവാചകൻ ഇന്നദ്ദേഹത്തിന്റെ ശുശ്രൂഷാ മണ്ഡലം ഇടുക്കി ജില്ലയിലാണ്. തന്റെ അത്രയും വിശുദ്ധനായി ഈ ലോകത്ത് മറ്റാരും ഇല്ല എന്നാണ് മാന്യദേഹത്തിന്റെ ചിന്ത. അതു കൊണ്ട് മറ്റ് ദൈവദാസന്മാരെല്ലാം ഇദ്ദേഹത്തിന്റെ കാഴ്ചയിൽ അനാത്മീകരാണ്. ഒരു ദിവസം അദ്ദേഹം പത്രപ്രവർത്തകനായ ഒരു സ്നേഹിതന്റെ വീട്ടിൽ രാപാർക്കുവാൻ എത്തി. സംഭാഷണ മദ്ധ്യേ ഈ രാത്രിയിൽ രണ്ടു ദൈവദാസന്മാർ കൂടി ഇവിടെ വരുവാനിരുന്നതാണ് പക്ഷേ സാഹചര്യം കൊണ്ട് വന്നില്ല എന്നു പറഞ്ഞപ്പോൾ പ്രവാചകൻ മൊഴിഞ്ഞു അവന്മാർ വന്നിരുന്നെങ്കിൽ ഞാൻ അവരെ ഇവിടെയിരുത്തി പൊരിച്ചു വിട്ടേനെയെന്ന്. അല്പം സമയത്തിനകം പ്രാർത്ഥന ആരംഭിച്ചു ദൂത് പറയുവാൻ തുടങ്ങി പക്ഷേ ദൂത് വരുന്നത് പാട്ടായിട്ടാണ് ' നിൻ ദാനം ഞാൻ അനുഭവിച്ചു... ഇത്രത്തോളും എന്നെ കൊണ്ട വന്നീടുവാൻ ഞാനും എൻ കുടുംബവും...... യേശു എനിക്ക് ചെയ്ത നന്മകൾ ഓർത്തിടുമ്പോൾ' തുടങ്ങി അനേകം പാട്ടുകൾ അനർഗ നിർഗളം പ്രവഹിച്ചു. ഇടയ്ക്ക് സ്നേഹിതനോട് ഒരഭ്യർത്ഥനയും കുടെ ഞാൻ ഇവിടെ ചെയ്യുന്നതൊന്നും പത്രത്തിൽ എഴുതരുത് കുറേ പത്രക്കാർ ഒന്ന് എഴുതി നോക്കിയാതാ പക്ഷേ ഒന്നും സംഭവിച്ചല്ല എന്ന്. എന്തു പറയാൻ പ്രാർത്ഥന മുറുകി വന്നപ്പോൾ ഞാൻ എന്റെ മന്ത്രവടി എടുക്കട്ടെ എന്ന് പറഞ്ഞ് അകത്തു ചെന്ന് ഒരു പേനയും എടുത്ത് കൊണ്ടു വന്നു, പിന്നിട് കുറെ സമയം ആ പേനയുടെ വർണ്ണനം അത് തൊട്ട് പ്രാർത്ഥിച്ചപ്പോൾ രോഗികൾ സൗഖ്യമായി റ്റൂമറുകൾ അപ്രത്യക്ഷമായി, ഭൂതങ്ങൾ അലറിയോടി തുടങ്ങിയ വീര വർണ്ണനകൾ.അതു കൊണ്ട് ഇതിനാൽ ഒരു തലോടൽ ഏറ്റാൽ അത്ഭുതകരമായ വിടുതലുകൾ നടക്കും എന്ന് പ്രബോധനം. ഈ വക പ്രവർത്തികൾക്ക് യാതൊരു പ്രതികരണവും ലഭിക്കാതെ വന്നപ്പോൾ അവസാനത്തേ അടവായ വിശ്വാസം ഉണ്ടെങ്കിൽ മാത്രമേ വിടുതൽ നടക്കു എന്ന് പറഞ്ഞ് ശുശ്രൂഷ അവസാനിപ്പിച്ചു.

ഇനി എന്തൊക്കെ ക്രസ്തീയ സമൂഹം കാണണം പാവപ്പെട്ട വിശ്വാസികളെ വഞ്ചിക്കുവാൻ പിശാച് ഇപ്പോൾ വെളുത്ത ഷർട്ടും, കറുത്ത് പാന്റും ധരിച്ച് ക്ലീൻ ഷേവും ചെയ്ത് ലോകത്തിലെക്ക് പുറപ്പെട്ടിരിക്കുന്നു. അവന്റെ തന്ത്രങ്ങൾ അറിഞ്ഞ് പിശാചിന്റെ വഞ്ചനയിൽ അകപ്പെടാതിരിക്കുവാൻ ഉണർന്ന് പ്രാർത്ഥിച്ച് ജാഗരൂഗരായിരിക്കാം. കർത്താവ് വരാറായി.

***എസ്.റ്റി.എൻ.***



ക്രിസ്റ്റി പി. ജോൺ, പള്ളിക്കുന്നേൽ



# ചുംബനം

**എ**ത്ര സുന്ദരമായ മുഖം ഞാൻ നിന്റെ മുഖത്ത് ഒരു ഉമ്മതരട്ടെ! അവൻ മെല്ലെ എന്നെ നോക്കി പുഞ്ചിരിച്ചു. ആ ചിരിയുടെ അർത്ഥം ഉൾക്കൊണ്ട ഞാൻ മെല്ലെ മെല്ലെ ആ മുഖത്ത് ചുംബിച്ചു. പിന്നെ കുറെക്കാലത്തേക്ക് അവനെ കണ്ടില്ല. ഏകദേശം മൂന്ന് വർഷങ്ങൾ കടന്നുപോയി. അവിചാരിതമായ് ഞാൻ ഒരിക്കൽകൂടെ ആ മുഖം കണ്ടു. ഞാൻ പിന്നെയും അടുത്തുചെന്നു. അപ്പോൾ തോന്നിയത് ചുംബിക്കാനല്ല തുപ്പാനാണ്. നിലത്ത് തുപ്പാനൊരുങ്ങുമ്പോൾ ഞാൻ ഒന്ന് മടിച്ചു അവന്റെ മുഖത്തേക്കാൾ വൃത്തി ഇപ്പോൾ ഈ നിലത്തിനുണ്ട്. ഒട്ടും മടിച്ചില്ല അവന്റെ മുഖത്തേക്ക് നീട്ടിതുപ്പി. ഞാൻ മാത്രമല്ല പലരും കാർക്കിച്ച്....കാർക്കിച്ച്... തുപ്പി. കഫം കലർന്ന അന്യരുടെ തുപ്പലുകൾ ആ മുഖത്തുകൂടി ഒഴുകുന്നു. കലങ്ങിമറിയുന്ന അവന്റെ കണ്ണിൽനിന്നുറുന്ന കണ്ണീർ കണങ്ങളും, തലയിലെ മുൾക്കിരീടം നൽകിയ മുറിവിൽ നിന്നുമൊഴുകുന്ന രക്തതുള്ളികളും ആ മുഖത്ത് കൂടി ഊർന്നിറങ്ങുന്നു. ക്രൂശും ചുമന്ന് നടന്ന് പോകുന്ന ഈ മുപ്പത്തി മൂന്നുകാരന്റെ മുഖത്ത് ചുംബിക്കാൻ ആർ തയ്യാറാവും?

അമ്മയുടെ വയറ്റിൽ മൊട്ടിട്ടതുമുതൽ പത്തുമാസത്തോളം വിടരുവാനുള്ള വെമ്പലുകൾ. പേറ്റ്നോവിന്റെ പ്രതിഫലം നൽകി ഗർഭപാത്രത്തോട് സർവ്വരും വിടപറയുന്നു. പൊക്കിൾ കൊടി മുറിയുമ്പോൾ പൊട്ടിക്കരയുന്ന എന്നെ ആദ്യം കാണുന്ന അമ്മ. അജ്ഞതയുടെ അലസ്യങ്ങളിൽ നിന്നും ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് ചുംബിച്ചുണർത്തുന്ന ആദ്യ വ്യക്തി അമ്മയാണ്. ശൈശവത്തിന്റെ സുഗന്ധങ്ങൾ നിറഞ്ഞ ഇന്നലെകളിൽ ചുംബനങ്ങളാൽ പൊതിഞ്ഞ ബന്ധുക്കൾ. സുരഭില കൗമാരത്തിൽ പ്രണയാർദ്രമായ അധരങ്ങളാൽ സ്പർശിച്ച വ്യക്തി. യൗവത്തിന്റെ മംഗല്യ ജീവിതത്തിൽ ചുംബനതീവ്രതകൾ സ്നേഹത്തിൽ പൊതിഞ്ഞേകിയ ജീവിത പങ്കാളി. പിന്നെ അവിചാരിതമായുള്ള കണ്ടുമുട്ടലുകൾക്ക് കൊഴുപ്പേകി സ്ഥീർത്ഥ്യർ നൽകിയ ചുംബനങ്ങൾ. ഇടക്കിടെ അംഗീകാരങ്ങൾക്കൊപ്പം ലഭിച്ച മാന്യരിൽ നിന്നുള്ള ചുംബനങ്ങൾ. ഒടുവിൽ ആയുസ്സിന്റെ സുദർശന ചക്രങ്ങൾ കറങ്ങി നില്ക്കവേ ആത്മാവറ്റ ശരീരത്തിൽ തലതല്ലികരയുന്ന പ്രിയപ്പെട്ടവർ അവരിൽ നിന്നും അന്ത്യചുംബനങ്ങൾ ഏറ്റുവാങ്ങി ഭൂമിയുടെ ഗർഭപത്രത്തിലേക്കൊരു മടക്കയാത്ര! ജീവിതം രണ്ട് ചുംബനങ്ങൾക്കിടയിലുള്ള കേവലം ഇടവേളമാത്രം.

ലഭിക്കാതെപോയെ വാത്സല്യങ്ങളും.... കാലം മറിച്ചിട്ട സ്നേഹലവംഗങ്ങളും... വിധി തകർത്ത സാന്ത്വന സ്പർശനങ്ങളും..... പ്രിയപ്പെട്ടവർ നൽകാതെപോയ ചുംബനങ്ങളും... ഇവയൊക്കെയാണോ അനാഥ ജന്മങ്ങളെ ക്രൂരരായ് മാറ്റുന്നത്. ബലഹീന ശരീരികളും അക്രമാസക്തരായ രാക്ഷസഗണങ്ങളായ് മാറുവാൻ കാരണം ഇവയൊക്കെയല്ലേ?

നമ്മൾക്കുള്ളതിനെ മനസ്സുതുറന്നൊന്നു ചുംബിക്കാം. ഇത് നേരത്തെ ചെയ്യുകയായിരുന്നെങ്കിൽ ബന്ധങ്ങൾ വഴിപിരിയുകില്ലാരുന്നു. ആ കിടപ്പറയും, കുഞ്ഞുങ്ങളുടെ ചെറിയ സന്തോഷങ്ങളും ഒന്നുകൂടി സമൃദ്ധമായി അലങ്കരിക്കാമായിരുന്നു. ആഢംബരത്തിന്റെ മണിമകുടങ്ങൾ ഏകാനായില്ലെങ്കിലും സാരമില്ല. കയ്യിലുള്ളത് അൽപ്പം കൂടെ ആത്മാർത്ഥമായ് നൽകാൻ മനസ്സ് വെച്ചാൽ മതി. ജീവിതം ശോഭാപൂർണ്ണമാകും... നഷ്ടമായ ആ ഏദൻ മടങ്ങിവരും. തിരസ്ക്കാരത്തിന്റെ തീവ്രാഗ്നിയെ കെടുത്തുക. അതിൽ പൊള്ളലേറ്റവരെ നെഞ്ചോട് ചേർത്തണക്കുക. അപ്പോൾ പലർക്കും ജീവിക്കാനുള്ള ആഗ്രഹം സ്വതവേ ലഭിക്കും.

ലക്ഷ്യബോധമില്ലായ്മയും, അപക്വതയും, തന്നിഷ്ടവുമെല്ലാം പൂത്തുലഞ്ഞ വീഥിയിലൂടെ അവകാശങ്ങളുമായ് പോയ മകന്റെ കഥ ഏവർക്കും സുപരിചിതമാണ്. മടങ്ങിവരുന്ന മകനെ ഓടിയെത്തി ചുംബിക്കുന്ന പിതാവിന്റെ ചിത്രം ഹൃദയത്തിനൊരു കുളിർമയാണ്. പിന്നിട്ട വഴികളിൽ നേരിട്ട പരാജയങ്ങൾക്കും നഷ്ടബോധത്തിന്റെ വേദനകൾക്കുമെല്ലാം അപ്പന്റെ ചുംബനം, പരിസമാപ്തിയേകുന്നു. അപ്പനെയും, അപ്പന്റെ സ്നേഹത്തെയും, അപ്പന്റെ അനുഗ്രഹങ്ങളെയും മടക്കിലഭിക്കുമ്പോൾ മകൻ കുറ്റബോധത്താൽ കരയുകയാണ്. "അപ്പാ നിന്നോടും സ്വർഗ്ഗത്തോടും ഞാൻ പാപം ചെയ്തു." പിച്ചവെയ്ക്കുന്ന കുഞ്ഞിന് വരുന്ന ചെറുവീഴ്ചകൾ പോലെ എല്ലാം ക്ഷമിക്കുന്ന അപ്പന്റെ മനസ്സ് നമ്മെയും അസ്വസ്ഥമാക്കുന്നുണ്ട്.

ഇനി ഒരു വിരുന്ന് ശാലയിലേക്ക് പോകാം. ഒരു മൺഭരണി അവിടെ ഉടഞ്ഞ് കിടക്കുന്നു. അതിനരികിലായ് തകർന്ന ഹൃദയവുമായൊരുവൾ ഇരുന്ന് കരയുന്നു. കണ്ണീർകണങ്ങൾക്കൊണ്ടവൾ ലോകരക്ഷകന്റെ പാദം കഴുകി തലമുടികൊണ്ട് തുവർത്തി തുടരെ തുടരെ ആ പാദങ്ങളിൽ ചുംബിച്ചു. പിന്നെ സ്വമംജടമാംസി തൈലം പൂശുന്നു.

അതോടെ ഗതകാലത്തിന്റെ അധോമുഖ ജീവിതം ദൈവത്താൽ പണിയപ്പെടുന്നു. അവധൂതന്മാരുടെ മാംസതിളപ്പുകൾ തീർക്കാൻ വിധിക്കപ്പെട്ടവൾ നൈർമ്മല്യ ജീവിതത്തിനുടമയാവുന്നു.

വഴിയിൽവെച്ച് നശിപ്പാതിരിക്കാൻ പുത്രനെ ചുംബിക്കാൻ സങ്കീർത്തനക്കാരന്റെ പ്രബോധനം. സഹോദരങ്ങൾ വിശുദ്ധ ചുംബനത്താൽ വന്ദനം ചെയ്യാൻ അപ്പോസ്തലിക സന്ദേശം. അത്മാർത്ഥ സ്നേഹത്തിനൊടുവിൽ തന്നെതാനാക്കി മാറ്റിയ ഗുരുവിന് ആ ശിഷ്യൻ ഒരു സമ്മാനമേകി. അതൊരു ചുംബനമായിരുന്നു. ഗുരോ എന്ന് വിളിച്ചുകൊണ്ട് ചിരിതൂകുന്ന മുഖവുമായി ക്രിസ്തുവിന്റെ മുഖത്തോട് യൂദതന്റെ മുഖവും ചേർത്തുവെച്ചു. അപ്പോഴും യൂദയുടെ ഹൃദയം സാത്താനെ വാരിപുണരുകയായിരുന്നു. സർവ്വവും മനസ്സിലാക്കിയിട്ടും ക്രിസ്തു യൂദയുടെ ചുംബനം നിരസിക്കുന്നില്ല. സ്നേഹിതാ എന്ന് വിളിച്ച് കൊണ്ട് അവന്റെ ചുംബനം ഏറ്റുവാങ്ങുന്ന ക്രിസ്തുവിന്റെ മനസ്സിന്റെ വിശാലത അവർണ്ണനീയം. തെറ്റുകാരനെയും ഒറ്റുകാരനെയും ചുംബിക്കുന്ന ഒരുവൻ യേശുമാത്രമാണ്. ഞങ്ങളുടെ ചുംബനങ്ങൾക്കായ് കാത്തിരിക്കുന്ന ഒരു ദൈവം അവിടുന്ന് മാത്രമാണ്. രണ്ടോ മൂന്നോ പേർ എത്തുമ്പോഴേ ആ സാന്നിധ്യത്താൽ അവിടുന്ന് നമ്മുടെ ആത്മാക്കളെയും ചുംബിക്കുന്നു.

സ്വാർത്ഥതയുടെ തീരാദാഹങ്ങൾ തീർക്കുവാനായ് മാത്രം പ്രാർത്ഥിക്കുമ്പോൾ, എപ്പോഴും ആവശ്യബോധത്തിന്റെ ഊന്നുവടിയുമായ് ആ തിരുമുമ്പിൽ എത്തുമ്പോൾ, പലതിനും മൽപ്പിടുത്തം നടത്തുമ്പോൾ പരിഭവം ചൊല്ലുമ്പോൾ നമ്മെ നിരാശിതരാക്കാത്ത യേശു സ്നേഹപൂർവ്വമായ ഒരു വാക്ക് നാം പറയുന്നതും കാത്തിരിക്കയാണ്. "യേശുവേ ഞാൻ അങ്ങയെ ഒന്ന് ചുംബിക്കട്ടെ! അൽപ്പം കൂടെ ആ നെഞ്ചോട് ചേർന്ന് നിൽക്കട്ടെ!"

സ്നേഹാദ്രമായൊരു വാക്കെന്നാണ് നമ്മുടെ പ്രാർത്ഥനകളിൽ വിടരുക?

ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രോസെന്ന ക്രിസ്തുശിഷ്യനെ ക്രൂശിച്ച് കൊല്ലുവാൻ തുടങ്ങുമ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു.

"എന്നെ തലകീഴായി ക്രൂശിക്കൂ.... എന്റെ പ്രാണനാഥന്റെ കാൽപാദങ്ങൾ ചുംബിച്ച് കൊണ്ട് എനിക്ക് മരിക്കണം."

ദൈവീക ശുശ്രൂഷയുടെ കർമ്മഭൂമിയിൽ പരിശുദ്ധാത്മനിറവിൽ ലോകത്തെ നേടുവാൻ തയ്യാറുള്ള സർവ്വക്രിസ്തു ശിഷ്യന്മാരെ നമ്മൾക്കൊന്നായി പ്രാർത്ഥിക്കാം.

"അല്ലയോ യേശുവേ അങ്ങ് ഞങ്ങളിലൂടെ ചെയ്യുന്ന ഓരോ ശുശ്രൂഷക്കും പ്രതിഫലമായ് ഞങ്ങൾക്ക് വേണ്ടത് അങ്ങയുടെ ചുടുചുംബനങ്ങൾ മാത്രം ആണ്."




# "മലയാളി വായിക്കുകയാണ്"



**പാസ്റ്റർ. കെ.കെ സജി**
**കോതമംഗലം**

**2011** ജൂൺ 19 : ജീവിതത്തിന്റെ തിരക്കിനിടയിലും, വിവര സാങ്കേതിക വിദ്യയുടെ ഉപയോഗത്തിനിടയിലും മലയാളികൾ ഏറെയും ശ്രദ്ധിക്കാതെ പോയോരു ദിവസമായിരുന്നു അത്. മലയാളിയെ അക്ഷരത്തിന്റെയും, വായനയുടെയും കൈപിടിച്ചുയർത്തിയ പി.എൻ പണിക്കരുടെ ചരമദിനമായിരുന്നു ജൂൺ 19. ഗ്രന്ഥശാല പ്രസ്ഥാനത്തിലുടെ വായനയെ ജനകിയമാക്കിയ പി. എൻ പണിക്കരോടുള്ള ആദര സൂചകമായി അദ്ദേഹത്തിന്റെ ചരമദിനമായ ജൂൺ 19 വായനദിനമായും, പ്രസ്തുത ആഴ്ച വായനവാരമായും, വായനോത്സവമായും ആചരിക്കുന്നു.

പി.എൻ പണിക്കർ : 1909 മാർച്ച് 1 ന് കോട്ടയം ജില്ലയിൽ പുതുവായിൽ നാരായണ പണിക്കർ എന്ന പി എൻ പണിക്കർ ജനിച്ചു. കുട്ടുകാരോടോപ്പം വീടുകൾ കയറിയിറങ്ങി പുസ്തകം ശേഖരിച്ചു ജന്മനാട്ടിൽ 'സനാതന ധർമ്മം' വായനശാല ആരംഭിച്ചാണ് ആദ്ദേഹം ഗ്രന്ഥശാല പ്രസ്ഥാനം ആരംഭിച്ചത്. ഗ്രന്ഥശാല പ്രവർത്തനത്തിലും, സമൂഹത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത വ്യക്തിയായിരുന്നു പി.എൻ പണിക്കർ. 1970 ൽ നവംബർ-ഡിസംബർ മാസങ്ങളിൽ കാസർഗോഡു മുതൽ പറശാല വരെ നടത്തിയ സാംസ്കാരിക ജാഥ കേരള ചരിത്രത്തിൽ സുപ്രധാന ഏടുകളിലോന്നായിരുന്നു. 'വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക' എന്നതായിരുന്നു ജാഥയുടെ മുദ്ര വാക്യം.

**വായനപലവിധം :**

"ശരീരത്തിന് വ്യായാമം" എന്നപോലേ മനസിന് വായന അത്യന്തപേക്ഷിതമാണ്. വായനയെ പ്രധാനമായും രണ്ടായി തിരിക്കാം. ഗൗരവപൂർവ്വമായ വായനയും അല്ലാത്തവയും,പത്ര വായനയും, മാസികയും അത്രബുദ്ധിപരമായ അധ്വാനം ആവിശ്യപ്പെടുന്നില്ല. വെറുമൊരു നേരം പോക്കുപോലേ മറ്റ് പരിപാടികൾക്കൊപ്പമാണ് നാം ഇത്തരം വായന നടത്തുന്നത്. കൂടുതലും വിവരശേഖരണത്തിനാണ് നാം ഈ രീതി ഉപയോഗിക്കുന്നത്. എന്നാൽ ഗൗരവമായ വായന എന്നത് വായിക്കുവാനുള്ള അന്തരീക്ഷം, മാധ്യമം തുടങ്ങി ഒട്ടേറേ കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു.



**വിവിധതരം വായനക്കാർ :**

സമയം അളക്കുന്ന മണിക്കൂർ ഗ്ലാസ്പോലുള്ള വായനക്കാർ. ഇപ്രകാരമുള്ള വായന ഒഴുകിവീഴുന്ന മണൽ പോലെയാണ് അല്പം പോലും ബാക്കി വരാതെ താഴേക്ക് ഒഴുകുന്നു.

സ്പോഞ്ചുപോലുള്ള വായനക്കാർ എല്ലാം ഉൾക്കൊള്ളുന്നുണ്ടെങ്കിലും പഴയ അവസ്ഥയിലേക്ക് വീണ്ടും മടങ്ങിവരുന്നു. അല്പം മാത്രം അഴുക്കാകുന്നു ഖനിയിൽ രത്നങ്ങൾ പിടിക്കുന്ന കരങ്ങൾ പോലുള്ള വായനക്കാർ.

ഇങ്ങനെയുള്ളവർ അഴുക്കായിട്ടുള്ളതെല്ലാം മാറ്റി ശുദ്ധമായതു മാത്രം സ്വീകരിക്കുന്നു. ''എന്തു വയിച്ചു, എത്രത്തോളം വായിച്ചു, എങ്ങനെ വായിച്ചു, എന്നുള്ളതല്ല വായിച്ചിട്ട് എന്തു ഗുണമുണ്ടായി'' എന്നുള്ളതാണ് പ്രധാന്യം. (കുഞ്ഞുണ്ണി മാഷ്)

**വായനയുടെ പ്രസക്തി 21-ാം നൂറ്റാണ്ടിൽ**

ശാസ്ത്രസാങ്കേതിക വിദ്യയിൽ, കലാ, സാഹിത്യം സാമൂഹിക ശാസ്ത്രം തുടങ്ങിയ എല്ലാ ധൈഷണിക മേഖലയിലും അക്കദാമിക് വിദഗ്ധർക്ക് മാത്രമല്ല സാധാരണക്കാർക്കു പോലും വിവരങ്ങൾ ലഭിക്കുവാൻ സാധിക്കും. അത്രത്തോളം ദ്രുതഗതിയിൽ കുതിക്കുന്ന ടെലിവിഷൻ, ഇന്റർനെറ്റ് യുഗത്തിലാണ് നാം ജീവിക്കുന്നത്. 'ടെലിവിഷന്റെ കാലത്തും വായന വളരെ പ്രസക്തമാണ്'. എന്ന് വായനോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടിയുടെ പ്രസ്താവന വായനയുടെ പ്രസക്തി കുറഞ്ഞിട്ടില്ല എന്നുള്ളതുതന്നെ. അനുദിനം പുറത്തിറങ്ങുന്ന പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ തുടങ്ങിയവയുടെ എണ്ണം കുറയുകയല്ല കൂടുകയാണ് ചെയ്യുന്നതെന്ന് അവയുടെ 'സർക്കുലേഷൻ' നമ്മേ ബോധ്യപ്പെടുത്തുന്നു. സമൂഹത്തിന്റെ വിവിധ തുറകളിൽ ജീവിക്കുന്ന നമുക്ക് വായനക്ക് തുല്യം വായനമാത്രം. ഭാഷ പഠിക്കുവാൻ, അക്ഷരം ഉറക്കാൻ, അറിവ് വളരാൻ, നന്മ അറിയാൻ, ഭാവനയുടെ ചിറക് മുളക്കാൻ തുടങ്ങി എല്ലാറ്റിന്റെ ഒറ്റമൂലി വായനമാത്രം. വായന വളരട്ടെ, [illegible]

## നിർത്തുന്നതാണ് നല്ലത്- അയാൾക്കിഷ്ടപ്പെടുന്നില്ല

യുഗചിന്ത



**പാസ്റ്റർ ഏ. റ്റി. ജോസഫ്**

**ഇ**താരുടെ വാക്കുകളാണ്? പറയാനുണ്ടായ സാഹചര്യം എന്ത്? ആരോടാണിത് പറയുന്നത്? ഇങ്ങനെ ചോദ്യങ്ങൾ നിരത്തുന്നതിന് മുൻപേ ഉത്തരം പറയട്ടെ. ഇത് മനുഷ്യൻ പറഞ്ഞതല്ല.എന്നാൽ മനുഷ്യനോട് പറഞ്ഞതാണ്. അത്യാധുനീക യുഗത്തിൽ കണ്ടു പിടിച്ചിരിക്കുന്ന മുഖ കണ്ണടയാണിത് പറയുന്നത്. മുഖത്ത് വെയ്ക്കുന്ന ഈ സാധാരണ കണ്ണട കാഴ്ചക്ക് വേണ്ടി മാത്രമല്ല മുഖത്ത് നോക്കി സോറി പറയാതെ നമ്മോട് കാര്യം പറയും.

മസാച്ചുസിറ്റസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മീഡിയ ലാബ് വികസിപ്പിച്ചെടുത്ത അപരന്റെ മനസ്സ് വായിക്കുന്ന കണ്ണട നമ്മിൽ പലരുടെയും വാചകമടി കുറയ്ക്കാൻ പര്യാപ്തമാണ്. വാതോരാതെ സംസാരിക്കുന്നവർ ഒരെണ്ണം വാങ്ങി മുഖത്ത് വെച്ചാൽ പ്രയോജനപ്പെടും. കേൾക്കുന്നയാൾക്ക് ഇഷ്ടപ്പെടുന്നുണ്ടോ എന്ന് ചിന്തിക്കാതെ എന്തെല്ലാം കാര്യങ്ങളാണ് നാം പറഞ്ഞു പിടിപ്പിക്കുന്നത്. ഈ കണ്ണാടിയിൽ സ്ഥാപിച്ചിരിക്കുന്ന നെൽമണിയുടെ വലിപ്പമുള്ള ക്യാമറ കേൾവിക്കാരന്റെ മുഖഭാവം ഒപ്പിയെടുത്ത്,ചെറിയ കംപ്യൂട്ടറിന്റെ സഹായത്തോടെ വിശകലനം നടത്തി കേൾവിക്കാരന്റെ മുഖത്തുണ്ടാക്കുന്ന ഇരുപത്തിനാല് തരം അടിസ്ഥാന വികാരങ്ങളുമായി താരതമ്യം ചെയ്ത് അയാളുടെ മാനസ്സിക അവസ്ഥയേക്കുറിച്ച് നമുക്ക് മുന്നറിയപ്പ് തരും. നാം പറയുന്നത് അപരന് ഇഷ്ടപ്പെടുന്നുണ്ടെങ്കിൽ പച്ചവെളിച്ചം കണ്ണാടിയിൽ തെളിയും. പകുതിയെ ഇഷ്ടപ്പെടുന്നുള്ളെങ്കിൽ മഞ്ഞവെളിച്ചം, അറുബോറാണെങ്കിൽ ചുവപ്പു വെളിച്ചം തെളിയും, കൂട്ടത്തിൽ ചെവിയോട് ചേർത്ത് വച്ചിരിക്കുന്ന സംവിധാനം ഒരു താക്കിതും തരും. 'നിർത്തുന്നതാണ് നല്ലത്- അയാൾക്കിഷ്ടപ്പെടുന്നില്ല'

ചെവിയോട് ചേർത്തു വയ്ക്കുന്ന സംവിധാനം ഇല്ലങ്കിലും എത്രയോ പ്രാവശ്യം ദൈവാത്മാവ് അരുത് എന്ന് പറഞ്ഞിട്ടും നാം അത് പറഞ്ഞു. കൂട്ടുകാരനോട് കോപിച്ച്, കയർത്ത്, നുണ പറഞ്ഞ്പിടിപ്പിച്ചിട്ട് ഒരു ക്ഷമ പറയാൻ നാം തയ്യാറായില്ല. സംസാരിക്കുവാൻ വിലക്കിയിട്ടും പരിശുദ്ധാത്മാവിനെ എത്ര പ്രാവശ്യം നാം ദുഖിപ്പിച്ചു. മനുഷ്യർ പറയുന്ന നിസ്സാര വാക്കിന് ന്യായവിധി ദിവസത്തിൽ കണക്കു കൊടുക്കേണ്ടിവരും എന്ന് യേശു കർത്താവ് പറഞ്ഞത് യാഥാർത്ഥ്യമാണെങ്കിൽ നമ്മിലെത്ര പേർ ധൈര്യമായി നിൽക്കും. എല്ലാ യഹോവ ഭക്തൻമാരുടെയും സംഭാഷണം ശ്രദ്ധയോടെ ദൈവം കേൾക്കുന്നുണ്ട്,ചുവരുകളും അന്തരീക്ഷവും അത് ഒപ്പിയെടുക്കുന്നുണ്ട് ഒരു നാളിൽ അത് നമുക്കെതിരെ സാക്ഷ്യം പറയും. ആകയാൽ സംസാരിക്കുന്നതിന് മുൻപ് ചിന്തിക്കാം, ഈ വാക്കുകൾ ആർക്കെങ്കിലും മുറിവുണ്ടാക്കുമോ. എല്ലാം മറന്ന് ഇനിയുള്ള നാളുകളിൽ ലാവണ്യ വാക്കുകൾ പുറത്തു വരട്ടെ


# ഇത്രത്തോളം ഉയർത്തിയ ദൈവത്തിന് മഹത്വം

## 2011-12 ലെ ഒരു ദിവസം കൊണ്ട് 103 പോളിസികൾ !
## തിരുവനന്തപുരം ഡിവിഷനിൽ ചരിത്ര റിക്കാർഡുകൾ സൃഷ്ടിച്ചിരിക്കുന്നു.



**സി. ജി. സാംകുട്ടി & സാറാമ്മ സാംകുട്ടി**

**Head office:**
LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt. Bus Stand, Pulamon, Kottarakkara
**Branch Office:**
ജീവൻ ജ്യോതി LIC പോളിസി സർവ്വീസ് സെന്റർ,
ഏനാത്ത് പാലം, കുളക്കട പി.ഒ., കൊല്ലം
Ph: 04734 325341
**Mob: 9447192916, 9446185886**
**RESIDENCE:** ഗിൽഗാൽ ജെം ഭവൻ, ഏനാത്ത് പി.ഒ.,
പത്തനംതിട്ട - 691 526. Res: 04734 - 212916, 210795
**എൽ.ഐ.സി.യുടെ പോളിസി സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും ഈ ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.**

എൽ.ഐ.സി.യുടെ കൊട്ടാരക്കര ബ്രാഞ്ചിൽ 2007 - 2008 സാമ്പത്തിക വർഷത്തിൽ റിക്കാർഡുകൾ സൃഷ്ടിച്ച് കൊണ്ട് 600 പോളിസികളിൽ 6 കോടിയിൽ പരം ബിസിനസ് കരസ്ഥമാക്കി. രണ്ടര കോടി രൂപയുടെ ആദ്യ പ്രീമിയം ശേഖരിച്ച് തിരുവനന്തപുരം, കൊട്ടാരക്കര ഡിവിഷനിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഏക ഏജന്റ്, സോണലിൽ നാലാം സ്ഥാനത്തും ആകുന്നതിന് സഹായിച്ച ദൈവത്തിനും, സീനിയർ ബ്രാഞ്ച് മാനേജർ, അസി. മാനേജേഴ്സ്, ഡവലപ്മെന്റ് ഓഫീസേഴ്സ്, ബ്രാഞ്ചിലെ എല്ലാ ജീവനക്കാർക്കും, ഇന്ത്യയിലും, യു.എസ്.എ, ഇംഗ്ലണ്ട്, യൂറോപ്പ്, ഗൾഫ്, ആസ്ത്രേലിയ, സിങ്കപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളിലുള്ള എല്ലാ പോളിസി ഉടമകളോടുമുള്ള ഞങ്ങളുടെ നന്ദിയും സ്നേഹവും അർപ്പിക്കുന്നു.

**ഇൻഡ്യ ദൈവസഭ സ്റ്റേറ്റ് ബോർഡ് ട്രഷറാർ തെക്കൻ മേഖല ജനറൽ ബോർഡ് കോഡിനേറ്റർ, അടൂർ നോർത്ത് ഡിസ്ട്രിക്ട് ട്രഷറാർ, ഏനാത്ത് സഭാ സെക്രട്ടറി എന്നീ നിലകളിൽ ബ്രദർ സി.ജി. സാംകുട്ടി പ്രവർത്തിക്കുന്നു.**

**മക്കൾ : ജെം ജി. സാം, ജെമി സാം (യുഎസ്എ), വെസിലി വർഗീസ് (യുഎസ്എ)**

**ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ അമേരിക്കയിൽ ഉള്ളവർക്ക് ബ്രദർ സി.ജി. സാംകുട്ടിയുമായി ബന്ധപ്പെടാവുന്നതാണ്.**

**ഫോൺ: 8327717939 (വെസ്‌ലി വർഗീസ്)**

| എൽ.ഐ.സി കൊട്ടാരക്കര ബ്രാഞ്ചിൽ ഇൻഷുറൻസ് അഡ്വൈസറെ (ഏജന്റ്) ആവശ്യമുണ്ട്. | മിനിമം വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി പാസ്സായിരിക്കണം. ഉടൻ ബന്ധപ്പെടുക. **Mob: 9447192916, 9446185886** |
|---|---|

പുതിയ പോളിസികൾ എടുക്കുന്നതിന് ചുരുങ്ങിയ കാലയളവിൽ വലിയ ലാഭം കിട്ടുന്ന ഡിപ്പോസിറ്റ് സ്കീമുകളിൽ ചേരുവാനും ഞങ്ങളെ സമീപിക്കുക



റവ. ഷാജി കെ. ഡാനിയേൽ
(യുഗാന്ത്യസന്ദേശം പേട്രൺ)




# സഭയും യുഗാന്ത്യവും

പ്രൊട്ടസ്റ്റന്റ് നവീകരണം ഈ ദോഷങ്ങളെ കുറെച്ചൊന്നകറ്റി. വചനത്തിന്റെ അധികാരവും വിശ്വാസത്താലുള്ള നീതികരണവും അംഗീകരിക്കപ്പെട്ടു. ദൈവകൃപ പരിശുദ്ധാത്മാവിനാൽ ദത്തമാണെന്ന സത്യം വെളിപ്പെട്ടു. പരിശുദ്ധാത്മാവിന്റെ സഹായത്തോടെ ആർക്കും വചനം വ്യാഖ്യാനിക്കാമെന്ന നിലയായി. എന്നാൽ പിൽക്കാലത്തു നില വീണ്ടും മാറി. ഉന്നതവിമർശനം പത്ഥ്യോപദേശങ്ങളെ വിഴുങ്ങിത്തുടങ്ങി. റോമാ സഭയെ നശിപ്പിച്ചതുപോലെ വിശ്വാസത്യാഗം പ്രൊട്ടസ്റ്റന്റു സഭയെയും നശിപ്പിച്ചു തുടങ്ങി. തിരുവെഴുത്തുകളുടെ ദൈവനിശ്വാസ്യത ചോദ്യം ചെയ്യപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാഠത്തിലുണ്ടായ വാദപ്രതിവാദങ്ങൾ ഇതിനു തെളിവാണ്. തിരുവെഴുത്തുകളുടെ നേർക്കുമാത്രമായിരുന്നില്ല ഈ കടന്നാക്രമണം. ക്രിസ്തുവിന്റെ കന്യകാജനനം, ദൈവത്വം, ഉയിർത്തെഴുന്നേല്പ്, ന്യായവിധി, സ്വർഗ്ഗം, നരകം എന്നിവയെല്ലാം ചോദ്യം ചെയ്യപ്പെട്ടു. ഇങ്ങനെ ഇരുപതാം നൂറ്റാണ്ടു വിശ്വാസ ത്യാഗത്തിന്റെ ഉച്ചവാസ്ഥയ്ക്കു സാക്ഷിയായി

യുഗാന്ത്യത്തിൽ സഭയിൽ വർദ്ധിച്ചു വരുന്ന വിശ്വാസ ത്യാഗം നിഷേധങ്ങളിലൂടെയാണ് വെളിപ്പെടുന്നതെന്നു അപ്പൊസ്തലന്മാർ ചൂണ്ടിക്കാണിക്കുന്നു. അന്ത്യകാലത്തു വെളിപ്പെടുന്ന വിശ്വാസത്യാഗത്തിന്റെ വിശദാംശങ്ങൾ പൌലോസ് അപ്പൊസ്തലൻ രേഖപ്പെടുത്തുന്നതിപ്രകാരമാണ്. "എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു. അവർ സ്വന്ത മനസ്സാക്ഷിയിൽ ചൂടുവെച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്നു കല്പിക്കുകയും ചെയ്യും. എന്നാൽ ദൈവത്തിന്റെ സൃഷ്ടി എല്ലാം നല്ലതു; സ്തോത്രത്തോടെ അനുഭവിക്കുന്നു എങ്കിൽ ഒന്നും വർജ്ജിക്കേണ്ടതല്ല; ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധികരിക്കപ്പെടുന്നുവല്ലോ". 1 തിമൊ.4:1-5.

സഭയുടെ അന്ത്യകാലത്തു സംഭവിക്കുന്നവയുടെ വെളിപ്പാടാണിത്. അപ്പൊസ്തലൻ പ്രത്യേകം വ്യക്തമാക്കുന്ന കാര്യങ്ങളാണ്.

1. വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിക്കുക.
2. കപടത്താൽ ഭോഷ്ക്കു പറയുക.
3. സ്വന്തമനസ്സാക്ഷിയിൽ ചൂടുവെക്കുക.
4. വിവാഹം വിലക്കുക.
5. ചില ഭക്ഷണവസ്തുക്കളെ വർജ്ജിക്കുവാൻ ഉപദേശിക്കുക. ഇവയെല്ലാം തന്നെ സഭാചരിത്രത്തിന്റെ എല്ലാ ഘട്ടങ്ങളിലും ദൃശ്യമാണ്. എന്നാൽ ആധുനിക ക്രൈസ്തവഗോളത്തിൽ ഇവയുടെ വേലിയേറ്റം കാണാവുന്നതേയുള്ളു. ഒരു ശരിയായ ദൈവശാസ്ത്രത്തിന്റെ അഭാവം നാമധേയസഭകളെ വലയ്ക്കുകയാണ്. തിരുവെഴുത്തുകൾക്കു വിരുദ്ധമായ ഉപദേശങ്ങളാണ് ദൈവികസത്യങ്ങളായി ഇന്നു പഠിപ്പിക്കുന്നത്. ഭാരതത്തിലെ സെമിനാരികളിൽ കൂടുതൽ ഊന്നൽ നൽകുന്ന ദൈവ ശാസ്ത്രത്തിന്റെ ഭാരതവല്ക്കരണം എന്ന പ്രതിഭാസം ശ്രദ്ധേയമാണ്. യോഗാഭ്യാസം തുടങ്ങിയവ ദൈവശാസ്ത്രത്തിന്റെ ഭാഗമാക്കുന്നതിൽ ദൈവശാസ്ത്രപണ്ഡിതന്മാർക്കു അല്പവും വൈമനസ്യമില്ല. ശാന്തസമയം (Quite hour) എന്ന രൂപത്തിൽ സുവിശേഷ വിഹിത സഭകളിൽപ്പോലും ഇതിന്റെ അലയടി നമുക്കുകേൾക്കാം. അപ്പൊസ്തലികോപദേശം പര്യാപ്തമല്ലെന്നല്ലേ ഇതു ചൂണ്ടിക്കാണിക്കുന്നത്. സാത്താന്റെ ശക്തി കപടവേഷത്തിൽ സഞ്ചരിക്കുന്നതിനെ വളരെ ജാഗ്രതയോടെ വിശ്വാസികൾ വീക്ഷിക്കേണ്ടതാണ്. കർക്കശമായ സന്മാർഗ്ഗനിഷ്ഠയും, വിശുദ്ധിയും തിരുവെഴുത്തുകളുടെ മാറ്റമില്ലാത്ത ഉപദേശമാണ്. എന്നാൽ വ്യാജോപദേശങ്ങൾ പാപപ്രവൃത്തികളെ വെറും ദൗർബല്യങ്ങളായി കണക്കാക്കുന്നു.

അന്ത്യകാലത്തു വിവാഹം വിലക്കുകയും ചില ഭക്ഷണങ്ങളെ വർജ്ജിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുമെന്നു അപ്പൊസ്തലൻ പ്രവചിക്കുന്നു. റോമൻ കത്തോലിക്കാ സഭ പുരോഹിതന്മാരുടെ വിവാഹത്തെ നിഷേധിക്കുന്നതു നമുക്കറിവുള്ളതാണ്. വിവാഹാവസ്ഥയെക്കാളും വിശുദ്ധമാണ് ബ്രഹ്മചര്യം എന്നു ചിന്താഗതിയാണവർക്കുള്ളത്. ഇപ്രകാരമൊരു ധാരണയ്ക്കു തിരുവെഴുത്തുകളുടെ അംഗീകാരമില്ല. വിവാഹത്തിന്റെ പാവനതയെ ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ആദാമിന്റെ ആഗ്രഹമല്ല, ദൈവത്തിന്റെ നിർണ്ണയമാണ് ഹവ്വയുടെ സൃഷ്ടിക്കുപിന്നിൽ കുഞ്ഞുങ്ങളെ ജനിപ്പിച്ചു ഭൂമിനിറയുവാൻ ദൈവം കല്പന നൽകിയതു ആദാമിന്റെ വീഴ്ചയ്ക്കു മുമ്പാണ്. പിമ്പല്ല. ഒറ്റപ്പെട്ട ചില വ്യക്തികളുടെ ജീവിതത്തിൽ വിവാഹം കഴിക്കുക എന്നതു ദൈവഹിതമായിരുന്നില്ലെങ്കിൽത്തന്നെയും പൊതുവായി വിവാഹം ദൈവഹിതവും, കല്പനയുമത്രേ. വിവാഹനിഷേധം മനുഷ്യനിർമ്മിത കല്പനകളാണ്. ദൈവഹിതമല്ല. ചില ഭക്ഷണവസ്തുക്കളെ വർജ്ജിക്കുവാനുള്ള ഉപദേശം ഇന്നന്യമല്ല. വെള്ളിയാഴ്ച മാംസഭക്ഷണം ഒഴിവാക്കുന്നുവരുണ്ട്. ചിലർ കഷ്ടാനുഭവവാരത്തിൽ ചില വസ്തുക്കളെ ഉപേക്ഷിക്കുന്നു. ഇവയൊന്നും തിരുവെഴുത്തുകളിൽ പറയപ്പെട്ടവയല്ല. ദൈവം സൃഷ്ടിച്ചത് സ്തോത്രത്തോടുകൂടെ അനുഭവിക്കയത്രേ വേണ്ടത്.



സിസ്റ്റർ സൂസ്സൻ ആൻഡ്രൂസ്, കുവൈറ്റ്

# സൂപ്പർ ബൈബിൾ ക്വിസ് 07

1) ഏകജ്ഞാനിയായ ദൈവത്തിന് ആർ മുഖാന്തരം എന്നന്നേക്കും മഹത്വം ഉണ്ടാകണം ?
2) ഏശാവിന്റെ പർവ്വതത്തേ ന്യായം വിധിക്കേണ്ടതിന് രക്ഷകന്മാർ ഏതു പർവ്വതത്തിൽ കയറിച്ചെല്ലും ?
3) വലുതും അതിഭയങ്കരമായ ദിവസം ഏത് ?
4) സഹോദരസംഘത്തിന് ഇഷ്ടനും, സ്വജനത്തിന് ഗുണകാംഷിയും, തന്റെ സർവ്വവംശത്തിനും അനുകൂലവാദിയും ആയിരുന്ന ആൾ ?
5) ആത്മികം എന്ന് നാം അറിയുന്ന പ്രമാണം ഏത് ?
6) ധൂമ്രവസ്ത്രം ധരിച്ചു വളർന്നവൻ ഏതിനെ ആലിംഗനം ചെയ്യുന്നു ?
7) ജാതികൾ ഉണർന്ന്  പുറപ്പെടേണ്ട താഴ്‌വര ഏത് ?
8) കൈ തൊടാതെ പെട്ടെന്നു മറിഞ്ഞു പോയത് എന്ത് ?
9) ആരുടെ വിചാരം ആണ് വ്യർത്ഥം എന്ന് കർത്താവ് അറിയുന്നത് ?
10) ശൗലിന്റെ കാലത്തേ വയസ്സു ചെന്ന വൃദ്ധൻ ആരായിരുന്നു ?
11) ദുഷ്പ്രവർത്തിക്കുള്ള ശിക്ഷാവിധി തൽക്ഷണം നടക്കായ്കകൊണ്ട് മനുഷ്യർ എന്തു ചെയ്യുവാൻ ധൈര്യപ്പെടുന്നു ?
12) യഹോവ ഏതു ദേശത്തു നിന്നാണ് തേനിച്ചയെ ചൂളം കുത്തി വിളിക്കുന്നത് ?
13) സകലവും തികഞ്ഞിരിക്കുന്നു എന്ന് യേശു അറിഞ്ഞിട്ട് തിരുവെഴുത്ത് നിവൃത്തിയാകുംവണ്ണം യേശു പറഞ്ഞത് എന്ത് ?
14) ആരെയാണ് ദൈവം വിശ്വാസത്താൽ നീതികരിക്കുന്നത് ?
15) യേശുവിന്റെ ശിഷ്യന്മാരെയും, ഉപദേശത്തെയും കുറിച്ച്  യേശുവിനോട് ചോദിച്ചത് ആർ ?
16) ഫെലിസ്ത്യരുടെ ദേശത്ത് ഒരാണ്ടും, നാലു മാസവും പാർത്ത ആൾ ?
17) യഹോവ ആദ്യം രക്ഷിക്കുന്ന കൂടാരങ്ങൾ ഏത് ?
18) അശ്ശൂരിനെ താഴ്ത്തുന്ന കപ്പലുകൾ ഏതു തീരത്തു നിന്നും വരും ?
19) യേശുക്രിസ്തുവിന്റെ വംശാവലിയിൽ രാജാവ് എന്ന സ്ഥാനം ഉള്ളത് ആർക്ക് ?
20) ദൈവാലയത്തേക്കാൾ വലിയവൻ ആർ ?

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ

1) ക്രിസ്തു (1കൊരി 15:20), 2)റിബേക്ക.(ഉല്പ 25:22) 3) ഹെരോദാവ് (മർക്കോ6:20) 4) ഇടുക്കു വാതിൽ(ലൂക്കോ 13:24) 5) ബാലനായ യേശു (ലൂക്കോ 2:43) 6) ശൗൽ (1ശമു 14:52) 7)എസ്രാ പുരോഹിതൻ ( 7:11) 8) ബോവസ് (രൂത്ത് 3:8) 9) ബിലയാം (സംഖ്യ 22:9) 10) വിശ്വാസാത്താലുള്ള നീതി (റോമ 9:31) 11) അന്വേഷിക്കുന്നു (സഭാപ്ര 3:15) 12) മൃഗത്തിന്റെ സംഖ്യ (വെളിപ്പ 13:18) 13) അധര ലാവണ്യം (സദൃ 22:11) 14) ഉണർന്നിരിപ്പിൻ (മർക്കോ 13:37) 15) യൊരോബയാം(1രാജ 12:28) 16) അബ്രഹാം (ഉല്പ 26:4) 17)ലേവ്യർ (സംഖ്യ 8:21) 18)യോഹന്നാൻ (യോഹ 5:35) 19) വൃക്ഷം (സഭാപ്ര 11:3) 20) പിതാവ് (മത്താ 11:27)

### സൂപ്പർ ബൈബിൾ ക്വിസ്സ് മത്സരം 6 ൽ എല്ലാ ഉത്തരവും ശരിയാക്കിയവർ

ജെഫി മോൾ എൽസാ പാട്രിക്ക് കുടപ്പനക്കുന്ന്, സാറാമ്മ പാട്രിക്ക് പറണ്ടോട്,സൂസമ്മ ജോസ് ഏറുമ്പടം, ഷീബാ സത്യപാൽ കോവളം, ശാന്തമ്മ തങ്കച്ചൻ ശൂരനാട്, ലീലാമ്മാ ജോസഫ് കവിയൂർ, സൂസമ്മ ഗ്ലാഡ്സൺ പൂവത്തൂർ, പിങ്കി സ്റ്റാൻലി ഐത്തോട്ടുവ, സാറാമ്മ ജെയിംസ് ക്യാനഡ, ഗ്രേസ് ചിന്നു വർഗീസ് ഇടപ്പാവൂർ,മറിയാമ്മ തോമസ് ഓമല്ലൂർ, അന്നമ്മ രാജു കരുവാറ്റ, റിൻസി ടെസിൻ, ലിനോ മേരി വർഗീസ് താഴം,ലൗവ്‌ലി ഷാജി തോമസ് കരികുളം, എസ്റ്റിൻ സൈമൺ പത്തനംതിട്ട, ഫെയ്ത്ത് ആന്റണി തൊടുപുഴ, മേഴ്സി സാം ഇരവിപേരൂർ, സുജ മോൻസി ആറന്മുള, മോളി സൈമൺ എണ്ണക്കാട്, ദീപാ ബിജു ഏറ്റുമാനൂർ,ശോശാമ്മ എബ്രഹാം പുതുപ്പള്ളി,ആലിസ് ജോയി ഐരാണിക്കുടി, ലില്ലിസണ്ണി കുവൈറ്റ്.

### സൂപ്പർ ബൈബിൾ ക്വിസ്സ് മത്സരം 6 ൽ പങ്കെടുത്തവർ

ബ്ലെസ്സി പ്രെയ്സ് കാരയ്ക്കൽ, ഗ്രേസ് ജേക്കബ്ബ് പൂവത്തൂർ, അന്നമ്മ ജേക്കബ്ബ് പൂവത്തുർ, ജിനോ എൽസാ തോമസ് ഇടപ്പാവൂർ, സൂസൻ ജോർജ്ജ് തിരുവനന്തപുരം, വൽസമ്മ ഈശോ കുന്നം,മോളി വർഗീസ് ഇരവിപേരുർ, അന്നമ്മ കെ.വി. കുരിയച്ചിറ, നിർമ്മല ഷാജി കുളത്തുർ, എൽസമ്മ സാബു പതാരം, കുഞ്ഞമ്മ ജോൺ തിരുവല്ല, ഗ്രേസ് വർഗീസ് പതാരം, മറിയാമ്മ വർഗീസ് മുടിയൂർക്കോണം,ഏലിയാമ്മ വിൻസന്റ് അഹമ്മദാബാദ്, എലിസബത്ത് തിരുവല്ല, ഷിജിൻ സാം കടപ്ര, രാജു മാർട്ടിൻ കുണ്ടറ, ആലീസ് ജോസ് നെല്ലിപ്പാറ, ദാനിയേൽ വർഗ്ഗീസ് ശാന്തിപുരം, ചിന്നമ്മ ജോസഫ് പള്ളിക്കൽ.

**എല്ലാ ലക്കങ്ങളിലും അയക്കുന്ന ഉത്തരങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്നവരിൽ നിന്നാണ് ഒന്നും, രണ്ടും, മൂന്നും, സ്ഥാനക്കാരെ തിരഞ്ഞെടുക്കുന്നത്. അതുകൊണ്ട് ഈ ലക്കം ഉത്തരങ്ങൾ അയച്ചവർ എല്ലാ ലക്കവും മുടങ്ങാതെ ഉത്തരം അയക്കുവാൻ ശ്രദ്ധിക്കുക. സൂപ്പർ ബൈബിൾ ക്വിസിന് ഒന്നാം സമ്മാനം പതിനായിരം രൂപ, രണ്ടാം സമ്മാനം ഏഴായിരം രൂപ, മൂന്നാം സമ്മാനം മൂവായിരം രൂപ. ശരിയായ ഉത്തരം അയച്ചുതരുന്ന വിജയികളുടെ പേരുകൾ ഓരോ ലക്കത്തിലും പ്രസിദ്ധീകരിക്കുന്നതാണ്.**

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25-ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66, THIRUVALLA-689 101, KERALA**

കൗൺസിലിങ്ങ് കോർണർ

# പ്രീ മാരിറ്റൽ കൗൺസലിംഗ്





റവ. ജോൺസൺ ഡാനിയേൽ

വിവാഹം എന്നത് ജീവിതത്തിലെ സുപ്രധാന കാൽ വെയ്പ്പാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് ആധുനീക സമൂഹത്തിൽ വിവാഹ മോചനങ്ങൾ വളരെ നിസ്സാരമെന്ന് തോന്നാവുന്ന കാരണങ്ങൾക്ക് വരെ വിവാഹം മോചനം ആവശ്യപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. ഇവയിൽ നിന്നും എത്രയോ വലുതാണ് ഒരുമിച്ച് താമസിക്കുന്നെങ്കിലും മാനസികമായി അകന്നു കഴിയുന്ന ഭാര്യ ഭർത്താക്കന്മാരുടെ നിരക്ക്.

നമ്മുടെ സംസ്ഥാനമായ കേരളം ടൂറിസം മേഖലകളിൽ 'ദൈവത്തിന്റെ സ്വന്തം നാടാണ്' എന്നാൽ പൈശാചികമായ പ്രവർത്തികളാണ് നടക്കുന്നതെന്ന് ദേശസ്നേഹികളായ ഏവരും സമ്മതിക്കും. പല വിവാഹ ജീവിതവും അഗ്നി പർവ്വതം പോലെ പുകഞ്ഞു കൊണ്ടിരിക്കുകയാണ്, എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കുവാൻ സാധ്യതയുണ്ട്. ഇതിൽ നിന്ന് വിശ്വാസി കുടുംബങ്ങളും വിമുക്തരല്ല എന്ന ദുഖ സത്യം നാം മനസ്സിലാക്കണം.

ക്രിസ്തീയ സഭയുടെ കെട്ടുറപ്പിന്റെ അടിസ്ഥാനം ശക്തമായ കുടുംബ ബന്ധങ്ങളാണ്. അതിനാൽ കുടുംബ ബന്ധങ്ങൾക്ക് കോട്ടം സംഭവിച്ചാൽ അത് സഭയെ ബാധിക്കും. ഈ വിപത്ത് മുന്നിൽ കണ്ടുകൊണ്ടാണ് ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് കൗൺസിലിംഗ് ഡിപ്പാർട്ടമെന്റ് ആരംഭിച്ചതും, പ്രീമാരിറ്റൽ കൗൺസിലിംഗിന് വളരെ പ്രാധാന്യം കൊടുക്കുന്നതും.

പ്രീ മാരിറ്റൽ കൗൺസിലിംഗ് വിവാഹം കഴിക്കണമെന്നാഗ്രഹിക്കുന്ന യുവതി യുവാക്കാന്മാർക്ക് വേണ്ടിയുള്ളതാണ്. വിവാഹത്തിന്റെ പൂമുഖത്തെത്തുന്ന യുവജനങ്ങൾക്ക് വിവാഹത്തിന്റെ ഉത്തരവാദിത്തങ്ങളേപ്പറ്റിയും കുടുംബ ജീവിതത്തിന്റെയും ബോധം പകർന്നു കിട്ടിയിരിക്കണം. ഓരോ വ്യക്തിയും അതുല്യരാണ്. രണ്ടു വ്യക്തികൾ തമ്മിൽ സമാനതകളും വ്യത്യസ്തതകളും ഉണ്ടാകാം. വ്യത്യസ്ത കുടുംബങ്ങളിലും സാഹചര്യത്തിലും ജനിച്ചു വളർത്തപ്പെട്ട രണ്ടു വ്യക്തികളാണ് സാധാരണയായി വിവാഹ ബന്ധത്തിൽ ഏർപ്പെടുന്നത്. മാതാപിതാക്കൾ കുടുംബം, വളർത്തപ്പെട്ട രീതി, വളർന്നു വന്ന സ്ഥലം,വിദ്യഭ്യാസം, സംസ്കാരം എല്ലാറ്റിലും വ്യത്യസ്തകൾ വ്യക്തികളുടെ വ്യക്തിത്വത്തെ വ്യത്യസ്തമായി രൂപപ്പെടുത്തും. വ്യത്യസ്തതകളുള്ള ഉവർ ഒരുമിച്ച് ജീവിക്കുവാൻ തിരുമാനിക്കുകയും വിവാഹിതരാവുകയും ചെയ്യുമ്പോൾ വ്യത്യസ്തകളെ അംഗികരിച്ച് ബഹുമാനിക്കാനുള്ള മുൻ നിശ്ചയവും ആവശ്യമാണ്. ഭാവിയിൽ ഉയർന്നു വരുവാൻ സാധ്യതയുള്ള പ്രശ്നങ്ങളെ മുൻ കൂട്ടി കണ്ടു കൊണ്ട് ആ പ്രശ്നങ്ങൾ ഉണ്ടാകാതെ എങ്ങനെ സൂക്ഷിക്കാം, അല്ലെങ്കിൽ അത് എങ്ങനെ കൈകാര്യം ചെയ്യാം എന്നുള്ള അവബോധമാണ് യുവജനങ്ങൾക്ക് പ്രീ-മാരിറ്റൽ കൗൺസിലിംലൂടെ ലഭിക്കുന്നത്.

വൈവാഹിക ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളെ അതിജീവിക്കുവാനും പ്രതിസന്ധികളെ തരണം ചെയ്യുവാനും വെല്ലുവിളികളെ നേരിടാനും കഴിയാതെ വരുമ്പോഴാണ് ദാമ്പത്യ ബന്ധങ്ങൾ ഒരിക്കലും കൂട്ടിച്ചേർക്കുവാൻ കഴിയാത്ത വിധം കുപ്പിച്ചില്ലുകൾ പോലെയാവുന്നത്.'രോഗ പ്രതിരോധമാണ് ചികിത്സയേക്കാൾ നല്ലത്' (prevention is better than cure) എന്ന പ്രമാണം പൊതുവേ സ്വീകാര്യമായിട്ടുള്ളതാണ്. ഏതു രംഗത്തും പ്ലാനിംഗ് സർവ്വ സാധാരണമായിട്ടുണ്ട്. എല്ലാം മുൻ കൂട്ടി നിശ്ചയിക്കാനാവില്ലെങ്കിലും കുറയേറെ കാര്യങ്ങൾ മറ്റുള്ളവരുടെ അനുഭവങ്ങളിൽ നിന്നും മനസ്സിലാക്കുവാനും അതു പ്രയോജനപ്പെടുത്തി വിവാഹ ജീവിതം മുന്നോട്ട് നയിക്കുവാനും സാധിക്കും.

**പ്രീമാരിറ്റൽ കൗൺസിലിംഗിന്റെ ആവശ്യകത**

നമ്മുടെ സമൂഹത്തിൽ വളരെയധികം സമയവും പണവും വിവാഹത്തിനുവേണ്ടി ചിലവഴിക്കുമ്പോൾ യാതൊന്നും തന്നെ കുടുംബ ജീവിതത്തിനുവേണ്ടി ഒരുങ്ങുവാൻ ചെലവിടാറില്ല. അതു കൊണ്ടുതന്നെ പല ഗംഭീര കല്യാണങ്ങളും തുടർന്ന് തീരാവേദനയായി മാറുന്നു. ഇവിടെയാണ് പ്രീമാരീറ്റൽ കൗൺസിലിംഗിന്റെ പ്രസക്തി. ഇതിന്റെ ആവശ്യകത എന്തെന്ന് നമുക്ക് പരിശോധിക്കാം

1) മോഹഭംഗത്തിലേക്ക് നയിക്കുന്ന അയഥാർത്ഥ പ്രതീക്ഷകൾ : കഴിഞ്ഞ തലമുറകളെ അപേക്ഷിച്ച് പുതിയ തലമുറക്ക് വിവാഹ ജീവിതത്തിലെ തൃപ്തിയെക്കുറിച്ച് വളരെ ഉയർന്ന പ്രതീക്ഷകളാണ്. കുടുംബ ജീവിതത്തെക്കുറിച്ച് യഥാർത്ഥമായ ധാരണയില്ലാതെ പൈങ്കിളി വാരികകളിൽ നിന്നും സിനിമകളിൽ നിന്നും കച്ചവട സീരിയലുകളിൽ നിന്നും ഒക്കെ ലഭിക്കുന്ന തെറ്റായ ധാരണകൾ കൊണ്ട് മെനഞ്ഞെടുത്തതാണ് ഈ അയഥാർത്ഥ പ്രതീക്ഷകൾ. എന്നാൽ അർത്ഥവത്തായ കുടുംബ ജീവിതം കഠിന പരിശ്രമത്താൽ സാവധാനത്തിൽ നേടിയെടുക്കേണ്ടതാണെന്നും അത് പൊടുന്നനെ ലഭിക്കുന്നതല്ലെന്നും അവർക്കറിയില്ല.

2)വ്യക്തിപരമായ അപാകത:- വിവാഹശേഷം പക്വതയിലെത്താമെന്ന ചിന്തയാണ് പലരിലും. എന്നാൽ വിവാഹത്തിനു മുമ്പ് മാനസികമായും ശാരീരികമായും ആത്മികമായും വിവാഹജീവിതത്തിനാവശ്യമായ പക്വതയിലെത്തേണ്ടത് അത്യാവശ്യമാണ്.

3)മാറിവരുന്ന ഉത്തരവാദിത്വങ്ങൾ:- ഭാര്യ ഭർത്താക്കന്മാർ ഏറ്റെടുത്ത് ചെയ്യേണ്ട ജോലികളെന്തെന്നും അവരുടെ ധർമ്മം എന്തെന്നും വ്യക്തമായ ധാരണയുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു.എന്നാൽ ആര് എന്ത് ചെയ്യണമെന്ന് വ്യക്തമായ ധാരണ പലർക്കും ഇല്ല. അവ്യക്തമായ ധാരണയോടും പ്രതീക്ഷയോടും കൂടെ കുടുംബ ജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ ചിന്താക്കുഴപ്പവും സംഘർഷവും ഉണ്ടാകുക സാധാരണമാണ്.

4)ഇതര വിവാഹശൈലികളും മാറിക്കൊണ്ടിരിക്കുന്ന ലൈംഗിക പ്രമാണങ്ങളും:- അശുദ്ധവും വേദാനുസരണമല്ലാത്തതുമായ പുതിയ പുതിയ ജീവിതശൈലികളും ലൈംഗിക പ്രമാണങ്ങളും പൊട്ടിമുളക്കുന്നതിനാൽ ശരിയായ മാർഗ്ഗം ഏത് എന്ന് തിരിച്ചറിയുന്നതിനും വിവാഹജീവിതത്തിന്റെ വിജയത്തിന് അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ മനസിലാക്കുന്നതിനും വിവാഹപൂർവ്വ കൗൺസിലിംഗ് വളരെയധികം അത്യാവശ്യമായി തീർന്നിരിക്കുന്നു.

**പ്രീ-മാരിറ്റൽ കൗൺസിലിംഗിന്റെ ഉദ്ദേശ്യം**

യുവതീയുവാക്കന്മാരെ വിവാഹ വേദിയിലേക്കും തുടർന്നുള്ള ജീവിതത്തിലേക്കും ഒരുക്കുകവഴി സമൃദ്ധിയായ സമാധാനവും സന്തോഷവും അനുവദിക്കുന്ന ക്രിസ്തീയ കുടുംബങ്ങളെ ദൈവനാമ മഹത്വത്തിനായി വാർത്തെടുക്കുക എന്നതാണ് പ്രീ-മാരിറ്റൽ കൗൺസിലിംഗിന്റെ പ്രധാന ഉദ്ദ്യേശ്യം. ഈ കൗൺസിലിംഗിലൂടെ ലക്ഷ്യമിടുന്നത്-

---പൂർണ്ണവും ശരിയായതുമായ അറിവുകൾ പകർന്നു കൊടുക്കുക.

---വികലമായ അറിവുകളെ തിരുത്തുവാൻ സഹായിക്കുക.

---സ്വയം മനസിലാക്കുന്നതിനും വിലയിരുത്തുന്നതിനും സഹായിക്കുക.

---ഫലകരമായ ആശയവിനിമയത്തിന് പ്രാപ്തരാക്കുക.

---കൗൺസിലറുമായി വ്യക്തിപരമായ ആശയവിനിമയത്തിന് അവസരം ഒരുക്കുക.

**പ്രീ-മാരിറ്റൽ കൗൺസിലിംഗിലെ മുഖ്യ അംശങ്ങൾ**

--വിവാഹത്തിന്റെ ആവശ്യകത-ബൈബിൾ അടിസ്ഥാനത്തിൽ

—ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

—സ്ത്രീ-പുരുഷ പെരുമാറ്റങ്ങളുടെ പ്രത്യേകത.

—ആശയവിനിമയം.

—ഭാര്യാ ഭർത്താക്കന്മാരുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും

—മനുഷ്യന്റെ ലൈംഗികത

--വിവാഹ ബന്ധുക്കളായുള്ള(in-laws)ബന്ധങ്ങൾ

—സാമ്പത്തിക ക്രമീകരണങ്ങൾ

—വിവാഹത്തോടനുബന്ധിച്ച് രാജ്യത്തെ നിയമങ്ങൾ

വിവാഹജീവിത വിജയം അനായാസേന നേടിയെടുക്കുവാൻ കഴിയുന്ന ഒന്നല്ല. അത് വിജയപ്രദമാകണമെങ്കിൽ ദമ്പതികൾ ബോധപൂർവ്വം പ്രയത്നിച്ചേ മതിയാകു.

(തുടരും)

(പ്രീ-മാരിറ്റൽ കൗൺസിലിംഗിന് പ്രഗത്ഭ കൗൺസിലർമാർ,സൈക്കോളജിസ്റ്റുകൾ, ഡോക്ടർമാർ,അഭിഭാഷകർ എന്നിവരുടെ സേവനം ലഭ്യമാണ്.)

കൗൺസലിംഗ് സേവനത്തിന്
സി.ജി.ഐ കൗൺസലിംഗ്
ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടുക
പാസ്റ്റർ. ജോൺസൺ
ഡാനിയേൽ - 9447799657
സൂസി ജോൺസൺ - 9495989659

# നിത്യതയിലേക്ക്



**തിരുവല്ല:** മതിലുങ്കൽ എം.ജെ വർഗീസിന്റെ ഭാര്യയും തിരുവല്ല ടൗൺ സഭാംഗവുമായ അന്നമ്മ വർഗീസ് (75) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രൂഷ ചർച്ച് ഓഫ് ഗോഡ് സഭാ സെമിത്തേരിയിൽ ഡിസ്ട്രിക്ട് പാസ്റ്റർ ജോസ് ബേബി നടത്തി പാസ്റ്റർമാരായ കെ.വി ജോയിക്കുട്ടി, ഷിബു കെ മാത്യു റ്റി.എ ജോർജ്, പി.സി എബ്രഹാം, തുടങ്ങി അനേകർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. മക്കൾ ഷാജി,ഷേർലി, ഷീന, ഷിബു. മരുമക്കൾ: ഷേർലി, സണ്ണി,ബെൻ.



**തിരുവല്ല:** മുതുതോട്ടത്ത് എം.സി എബ്രഹാം (അനിയൻ-91) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രൂഷ ചർച്ച് ഓഫ് ഗോഡ് സഭാ സെമിത്തേരിയിൽ ഡിസ്ട്രിക്ട് പാസ്റ്റർ ജോസ് ബേബി നടത്തി. അറിയപ്പെടുന്ന ഫുട്ബോൾ കളിക്കാരനായിരുന്നു. തിരു-കൊച്ചി സംസ്ഥാനത്തിനു വേണ്ടി സന്തോഷ് ട്രോഫിയിൽ കളിച്ചിട്ടുണ്ട്. തിരുവല്ല ടൗൺ സഭയുടെ ആരാധന ആരംഭിച്ചത് ഇദ്ദേഹത്തിന്റെ ഭവനത്തിലാണ്. പാസ്റ്റർമാരായ കെ.വി ജോയിക്കുട്ടി, ജെ.ജോസഫ്, എം. ഒ ഏലിയാസ്, പി.ജി മാത്യൂസ്, ഷിബു കെ മാത്യു റ്റി.എ ജോർജ്, ഷാജി ഇടുക്കി, ഷൈജു തോമസ് തുടങ്ങി അനേകർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. ഭാര്യ; കീഴവായ്പൂർ വലിയമണ്ണിൽ പരേതയായ മേരി. മക്കൾ ലീല, എം.എം ചെറിയാൻ,ഗീത, പാസ്റ്റർ ജോൺ എബ്രഹാം, മാത്യു എബ്രഹാം. ബിജു എബ്രഹാം. മരുമക്കൾ: ഫീലിപ്പോസ്, ലീലാമ്മ, ആന്റണി, ഓമന, എലിസബത്ത്, അന്നമ്മ.



**ചെങ്ങന്നൂർ:** പേരിശ്ശേരി ചക്കുംമൂട്ടിൽ പരേതനായ റ്റി.കെ ശമുവേലിന്റെ ഭാര്യയും ടൗൺ എ.ജി സഭാംഗവുമായ തങ്കമ്മ ശാമുവേൽ (80) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രൂഷ സഭാ സെമിത്തേരിയിൽ പാസ്റ്റർ കെ.പി ചെറിയാൻ നടത്തി. പാസ്റ്റർമാരായ പി.ജി മാത്യൂസ്, മത്തായിക്കുട്ടി, ലാസർ വി മാത്യു, ജെ.ജോൺ, ഷിബു.കെ മാത്യു, പി.ജി ശാമുവേൽ, എ.റ്റി ജോസഫ്, തുടങ്ങി അനേകർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. മക്കൾ: മേരിക്കുട്ടി, സൂസൻ, ഡെയ്സി, സോഫി, ജെയിംസ്, സാജൻ. മരുമക്കൾ: ഡോ.സിറിയക്ക്, യോഹന്നാൻ, പാസ്റ്റർ.പി.എസ്.രാജൻ,ജോർജി, സുമ, റെനി.



**പുതുപ്പള്ളി:** പുതുപ്പള്ളി നടുക്കോട്ടിൽ പരേതനായ എൻ.സി എബ്രഹാമിന്റെ ഭാര്യ ചിന്നമ്മ എബ്രഹാം നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാര ശുശ്രൂഷ ദൈവസഭാ കൗൺസിൽ സെക്രട്ടറി പാസ്റ്റർ എം. ഒ. ഏലിയാസ് പുതുപ്പള്ളി ചർച്ച് ഓഫ് ഗോഡ് അഗാപ്പെ സഭാ സെമിത്തേരിയിൽ നിർവ്വഹിച്ചു. ശുശ്രൂഷകൾക്ക് ഡിസ്ട്രിക്ട് പാസ്റ്റർ വി.പി. തോമസ്, സഭാ പാസ്റ്റർ ജെയിംസ് ടി. എന്നിവർ നേതൃത്വം നൽകി. അനേക ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. മക്കൾ: ജോർജ്, രാജൻ, മോളിക്കുട്ടി, കൊച്ചുമോൾ, മോൻസി, റെജി, റെയ്മോൾ. മരുമക്കൾ: മോനച്ചൻ, രാജൻ, പാസ്റ്റർ സണ്ണി, സോമ, കുഞ്ഞുമോൾ, ലീലാമ്മ, സൂസൻ.



**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് സിറ്റി ചർച്ച് സഭാംഗമായ മീന്തലക്കര തുണ്ടിയിൽ പാസ്റ്റർ കുഞ്ചെറിയ വർഗീസ് (പൊന്നച്ചൻ-65) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രൂഷ ദൈവസഭാ അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി. ജി. മാത്യൂസ് സഭാ സെമിത്തേരിയിൽ നിർവ്വഹിച്ചു. സഭാ ശുശ്രൂഷകൻ പാസ്റ്റർ ഷിബു കെ. മാത്യു നേതൃത്വം നൽകി. പാസ്റ്റർമാരായ പി.ജേ. ജെയിംസ്, റ്റി.എ. ജോർജ്ജ്, പി.എൻ. ഫിലിപ്പ്, ജെ. ജോൺ, ബിജു ജോൺ, സജു പി. തോമസ് തുടങ്ങിയവർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

ഭാര്യ : മറിയാമ്മ വർഗീസ്. മക്കൾ: പാസ്റ്റർ വിത്സൻ വർഗ്ഗീസ്, വിനു വർഗീസ്, വിൻസി മനോജ്, ബീന ഡൊമനിക്ക്, ബിന്ദു ബൈജു. മരുമക്കൾ : സുനി വിൽസൻ വർഗീസ്, ഫേബാ വിനു, റ്റി. വി. മനോജ്, പാസ്റ്റർ ഡൊമനിക്ക്, പാസ്റ്റർ ബൈജു മാലക്കര.

## സുവിശേഷീകരണ പ്രവർത്തനം

**തിരുവല്ല :** ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ് (സി.ഇ.എം.) ജനറൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 23 ന് തലവടി ശാരോൻ ചർച്ച് കേന്ദ്രമാക്കി ഏകദിന സുവിശേഷീകരണ പ്രവർത്തനം നടക്കും. ജനറൽ പ്രസിഡന്റ് പാസ്റ്റർ വർഗീസ് ജോഷ്വാ, ജനറൽ സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകും

യുഗാന്ത്യസന്ദേശത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം എഴുത്തുകാർക്ക് മാത്രമുള്ളതായിരിക്കും.

# സഭകളിൽ യുവജന പ്രസ്ഥാനങ്ങൾ മരിക്കുന്നു

1–ാം പേജ് തുടർച്ച

ഭിക്കുന്ന ആരാധന യുവജന മീറ്റിംഗുകൾ ഉള്ള ദിവസം ഉച്ചക്ക് 12.30 അവസാനിപ്പിക്കും പിന്നിടുള്ള 1 മണി വരെയുള്ള (30 മിനിറ്റ്) സമയമാണ് യുവജന മീറ്റിംഗുകൾ. എന്നാൽ 1 മണിക്കു ശേഷം സഭയിൽ തുടരുവാൻ താല്പര്യമില്ലാത്ത സഭാംഗങ്ങൾ മീറ്റിംഗിനിടയിൽ എഴുന്നേറ്റ് പോകുന്നതും സ്ഥിരം കാഴ്ചയാണ്. വർഷത്തിലെ 8760 മണിക്കൂറിൽ കേവലം 24 മണിക്കൂർ മാത്രം മാറ്റി വെക്കുന്നത് ശോചനീയം തന്നേ. യുവാക്കളും കുട്ടികളും നമ്മുടെ പ്രസ്ഥാനങ്ങളുടെ ജീവനാഡിയാണെന്ന വിവരം നാം മറന്നു പോകുന്നു. താലന്തു പരിശേധന, ക്യാമ്പ് തുടങ്ങിയ ബഹു വിധ പദ്ധതികൾ നടത്തുന്നതിൽ സഭകളിലെ 40% അംഗങ്ങൾ പോലും പങ്കെടുക്കുന്നില്ല എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. പ്രാദേശിക സഭകൾ മുതൽ ഈ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തിയെങ്കിൽ മാത്രമേ യുവജനതയെ ആത്മീക ഫല പ്രാപ്തിയിൽ എത്തിക്കുവാൻ സാധിക്കു. സഭകളിലെ തമ്മിലടിയും, പോർവിളികളും, പ്രസംഗങ്ങളിലൂടെയുള്ള നരഹത്യകളും, ജീർണ്ണത ബാധിച്ച ചടങ്ങ് സാക്ഷ്യങ്ങളും കഴിഞ്ഞ് ഇതിനൊന്നും നേരമില്ല എന്നതാണ് സത്യം. വിശപ്പിന്റെ വിളി മൂർഛിക്കുമ്പോൾ ആ നിയോഗത്തിൽ പലരും ഭക്ഷണ മേശയിലേക്ക് സ്ഥലം വിടും. പല സഭകളിലും യുവജന മീറ്റിംഗുകൾ നടന്നിട്ട് മാസങ്ങളായി ചില ഉപദേശിമാർക്കും മൂപ്പന്മാർക്കും ഇതൊക്കെ ഏതാണ്ട് അറപ്പുളവാക്കുന്ന സംഗതിയാണ്.സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും യുവജന പ്രസ്ഥാനങ്ങൾക്ക് നേതാക്കന്മാർ ഉണ്ടെങ്കിലും അവർ ഇതൊന്നും കണ്ട ഭാവം കാണിക്കുന്നില്ല, ഒരളവിൽ അവർ ഈ വിഷയത്തിൽ നിസ്സഹായരുമാണ് എന്നതാണ് സത്യം. ഇനി ആരെങ്കിലും ഇതിന് മുന്നിട്ടിറങ്ങിയാൽ സ്വന്തം പോക്കറ്റിൽ നിന്ന് പണമിറക്കേണ്ടുന്ന ഗതികേടിലാകും. യുവജന പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ആധുനിക കാലത്തെ യുവജനങ്ങളെക്കുറിച്ച് യാതൊന്നും അറിയാത്തവരെ തിരഞ്ഞെടുക്കുന്നു എന്ന മണ്ടത്തരം മറ്റൊരു വശത്ത്. എന്നാൽ ഇടക്കാലം കൊണ്ട് ഈ സ്ഥിതിക്ക് ഒരു പരിഹാരം വന്നു തുടങ്ങിയിട്ടുണ്ട്. യുവജനതയേ കുറ്റപ്പെടുത്തുവാനും വിമർശിക്കുവാനും മാത്രം വായ് തുറക്കുന്ന ശുശ്രൂഷകർക്ക് യുവത്വസംബന്ധമായ കാര്യങ്ങൾ സംസാരിക്കുവാൻ അറിവും സമയവും ഇല്ല. സമകാലിന ആത്മീക നിലവാരത്തിൽ യുവജനങ്ങൾ അസംതൃപ്തരാണ്. സഭാ ഹോൾ വൃത്തിയാക്കുവാനും, മാസയോഗത്തിന് ചോറു വിളമ്പുവാനും, കൺവൻഷൻ സ്ഥലത്തെ കസേര നിരത്തുവാനും, ശവസംസ്ക്കാര ശുശ്രൂഷയിൽ ക്രമീകരണങ്ങൾ നടത്തുവാനും മാത്രമുള്ളതാണ് യുവജനങ്ങൾ എന്ന ധാരണ തിരുത്തപ്പെടണം.യുവാക്കളുടെ ആത്മീക പോഷണം ഉറപ്പിക്കുന്ന തരത്തിൽ കാര്യങ്ങൾ നീങ്ങണം. അൽപ്പമൊക്കെ കഴിവുള്ള ഒരു യുവാവ് പ്രസംഗിച്ചു ജനത്തിന്റെ ശ്രദ്ധ ആകർഷിച്ചാൽ സഭാ പാസ്റ്റർ അതോടെ ആ യുവാവിന്റെ ശവസംസ്ക്കാരം നടത്തും. മരിച്ചു കിടക്കുന്ന (കൊല ചെയ്യപ്പെട്ട) ധാരളം യുവാക്കൾ നമ്മുടെ സഭയിൽ ഉണ്ട്. യുവാക്കളെ അംഗികരിക്കുവാനോ പ്രോത്സാഹിപ്പിക്കുവാനോ തയ്യറാല്ലാത്ത ആത്മീയ ലോകത്തിന്റെ ദൃഷ്ടി അന്ധകാര പൂർണ്ണമാണ്. ഇന്നത്തെ യുവത്വത്തിന്റെ കൈയ്യിലാണ് നാളത്തേ സഭയുടെ നിലനിൽപ്പ് എന്ന് മനസ്സിലാക്കി അവരെ കരുത്തോടെ നിർത്തുവാൻ നമ്മുടെ സഭകൾ തയ്യാറായില്ലെങ്കിൽ സഭകൾ ഇന്നത്തേക്കാൾ ബലഹീനമാകും ദുരുപദേശ സംഘങ്ങൾ ശക്തമാകും അതിനാൽ കാര്യഗൗരവത്തോടെ യുവജന മീറ്റിംഗുകൾ ശക്തികരിക്കുക.

ysandhesham@saintly.com
www.
ysandhesham.com

## പി.സി.എൻ.എ. കെ നാഷണൽ കോൺഫറൻസ് സമാപിച്ചു

1–ാം പേജ് തുടർച്ച

നാഷണൽ കണവീനർ റവ. തോമസ് മാത്യു ഉത്ഘാടനം നിർവ്വഹിച്ചു. റവ. ഷാജി കെ.ദാനിയേൽ അദ്ധ്യക്ഷത വഹിച്ചു.

സഹോദരിമാരുടെ സമ്മേളനത്തിൽ സിസ്റ്റർ മറിയാമ്മ തമ്പി, സിസ്റ്റർ ജോളി ജോസഫ് എന്നിവർ പ്രസംഗിച്ചു. .ഞായറാഴ്ച നടന്ന ആരധനയിൽ ഡോ.ബേബി വർഗീസ് അദ്ധ്യക്ഷത വഹിച്ചു, നാഷണൽ കൺവീനർ റവ.തോമസ് മാത്യു നേതൃത്വം നൽകി. കൺവീനർ റവ.തോമസ് മാത്യു, സെക്രട്ടറി തോമസ് കിടങ്ങാലിൽ, ട്രഷറാർ ഷാജി മണിയാറ്റ്, റവ.ടൈറ്റസ് ഈപ്പൻ എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

**പുനർവിവാഹം**

**ഭാര്യ മരിച്ചുപോയ 44 വയസ്സുള്ള പെന്തെക്കോസ്ത് യുവാവ്.
14 വയസുള്ള ഒരു മകനുണ്ട്.
അനുയോജ്യമായ വിവാഹലോചനകൾ ക്ഷണിക്കുന്നു.
ഫോൺ ; 9447118143, 9847340246, 0468 2327421**

# ഒറ്റയാൻ മിനിസ്ട്രിക്കാർ വർദ്ധിക്കുന്നു; കബളിപ്പിക്കൽ സജീവമാകുന്നു

1–ാം പേജ് തുടർച്ച

യഥാർത്ഥ പി.എച്ച്.ഡി.ക്കാരുടെ അധ്വാനത്തിന്റെ വിലയിടിക്കുന്ന പ്രവർത്തിയാണിത്. ഇന്ന് വിലസുന്നതെല്ലാം എവിടെ നിന്നോ കുറെ പണം ഉണ്ടാക്കി രംഗത്ത് വന്ന ചുമ്മാ മിനിസ്ട്രിക്കാരും റവമാരും ഡോമാരുമാണ്. അല്പം ഇംഗ്ലീഷ് വശം ഉണ്ടെങ്കിൽ അവരിൽ അനേകരും പിന്നെ ഇൻഡ്യയിലേക്കല്ല അവരുടെ ദർശനം മറ്റ് പാശ്ചാത്യ-മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്കാണ്. പണം ഉള്ളവനെ കണ്ടെത്തി ദൂത് പറഞ്ഞ് മിനിസ്ട്രിയിലേക്ക് ഇറക്കിയ കള്ള പ്രവാചകനും പണത്തിന്റെ സ്വാധീനത്തിൽ ഓർഡിനേഷൻ എന്ന പേരിൽ കൈവയ്പ്പ് കൊടുത്ത പാസ്റ്റർമാരും നല്ല കമ്മീഷൻ കൊയ്യുകയാണ്. അവർക്ക് അത് മതി. പണം ഒഴുക്കുന്നതോടെ കഴുകന്മാർ ശവത്തെ വലയം ചെയ്യുന്നതുപോലെ കുറെപ്പേർ ഇക്കൂട്ടരുടെ അടുത്തു കൂടും. മറ്റ് മിനിസ്ട്രിയുമായി ബന്ധം ഉള്ളവരും അടുത്തു കൂടുന്നവരിൽപ്പെടും. കയ്യിലുള്ള മറ്റ് മിനിസ്ട്രിയുടെ ബോർഡുകൾക്കൊപ്പം പുതിയ മിനിസ്ട്രിയുടെ പുതിയ ബോർഡും കൂട്ടിച്ചേർക്കും. പുതിയ മിനിസ്ട്രിക്കാരന് സ്വീകരണം നല്കി ബോർഡ് സ്ഥാപിക്കുമ്പോൾ പഴയ ബോർഡുകൾ ഒരു ഗോഡൗണിൽ അല്പകാലത്തേക്ക് പൂട്ടിയിടും. പുതിയ നേതൃത്വത്തെ വശത്താക്കാൻ നമ്മുടെ പ്രവർത്തകരെന്ന വ്യാജേന കുറെപ്പേരെ ബൈബിൾ കയ്യിൽ പിടിപ്പിച്ചും സാമാന്യം നല്ല ഡ്രസ്സ് അണിയിച്ചും പ്രദർശിപ്പിക്കും. സാഹചര്യത്തിനനുസരിച്ച് ഈ ബോർഡുകൾ മാറ്റിയും മറിച്ചും സ്ഥാപിക്കും. സംതൃപ്തരാവുന്ന നേതൃത്വം അയയ്ക്കുന്നതിൽ നിന്നും കമ്മീഷൻ എടുത്തിട്ട് ചെറിയ തുകകൾ കൂട്ടുവേലക്കാർക്ക് നല്കി നേതൃത്വത്തെയും കീഴിലുള്ളവരെയും ഇടനിലക്കാർ വഞ്ചിക്കുന്നു. പാവം നേതൃത്വം നല്ല ഒരു ബ്രഷർ പ്രിന്റ് ചെയ്ത് തന്റെ സ്നേഹബന്ധ വലയങ്ങളിലും ഉൾപ്പെട്ടു നില്ക്കുന്ന സഭയിലും പരസ്യമായും രഹസ്യമായും പിരിവുകൾ നടത്തി തുക നാട്ടിലേക്ക് അയക്കും. ഇടപാടുകളോ ആശയവിനിമയങ്ങളോ മിനിസ്ട്രിയുടെ ലീഡറുമായിട്ട് നടത്താൻ ഏജന്റ് അനുവദിക്കയില്ല. ഭാഷയുടെ പ്രശ്നവും നേതാവിനുണ്ട് എന്നത് ഇവർക്ക് കൂടുതൽ സഹായകമാണ്. ഇങ്ങനെ മുന്നോട്ടുപോയ ഒരു ഗ്രൂപ്പ് പ്രസ്തുത ഗ്രൂപ്പിന്റെ ഏജന്റുമായി ബന്ധിക്കപ്പെട്ടിരുന്ന മറ്റൊരാൾ ന്യൂയോർക്കിൽ നിന്ന് വേലയുടെ നിജസ്ഥിതി അറിയുവാൻ ചെന്നപ്പോൾ ഡാളസിലുള്ള മറ്റൊരു മിനിസ്ട്രിയുടെ നേതാവും യാദൃശ്ചികമായി ചെന്നു. രണ്ടു നേതാക്കന്മാരും അമേരിക്കയിൽ പരിചയമുള്ളവരാണ്. കാര്യങ്ങൾ ചോദിച്ച് പറഞ്ഞ് വന്നപ്പോൾ അവിടുത്തെ പ്രവർത്തനത്തെ സ്പോൺസർ ചെയ്യുന്ന ആളാണ് ന്യൂയോർക്കിൽ നിന്നും വന്നത്. ഇതുപോലെ അനാഥാലയങ്ങളും നടത്തപ്പെടുന്ന പല മിനിസ്ട്രികളുമായി ബന്ധപ്പെടുത്തി സഹായം വാങ്ങുക. അവർ ഇൻഡ്യയിൽ വരുന്ന സമയത്ത് ബോർഡ് മാറ്റി വയ്ക്കുക. ആ നിലയിൽ ഒരു സംഭവം ഫിലെദെൽഫിയായിൽ നിന്ന് റിപ്പോർട്ട് ചെയ്തു. യുവജനങ്ങൾ തങ്ങളുടെ സഭ മൂലം സ്പോൺസർ ചെയ്യുന്ന അനാഥാലയം സന്ദർശിക്കുവാനും മറ്റും ഇൻഡ്യയിൽ എത്തിയ സമയം ന്യൂയോർക്കിലെ മറ്റൊരു സഭയിലെ യുവജനങ്ങളും എത്തിയിരുന്നു. ഏജന്റ് നന്നായി വിഷമിച്ചു. യുവജനങ്ങൾ തമ്മിൽ പെന്തെക്കോസ്തു കോൺഫറൻസുകളിൽ വച്ച് പരിചയപ്പെട്ടിട്ടുള്ളവരാണ്. ആദ്യം അന്വേഷിച്ചപ്പോൾ ന്യൂയോർക്കിലെ സഭ സ്പോൺസർ ചെയ്യുന്ന അനാഥാലയമാണിത്. ഇൻഡ്യയിലെ കള്ളക്കളി പരമാർത്ഥികളായ യുവജനങ്ങളിൽ ആശ്ചര്യം ഉളവാക്കി. അനാഥാലയത്തിൽ ചെലവഴിക്കുവാൻ കൊണ്ടുപോയ തുകയുമായി മടങ്ങി വന്ന് യുവജനങ്ങൾ സഭയിൽ റിപ്പോർട്ടു ചെയ്തു. ഇതുപോലെ എത്ര എത്ര സംഭവങ്ങൾ വിദേശ മിനിസ്ട്രിക്കാർ ഇങ്ങനെ 80 ശതമാനവും വഞ്ചിക്കപ്പെട്ടിരിക്കുന്നു. ഇതിന് പണം കൊടുക്കുന്ന ദൈവമക്കളും കമ്പളിപ്പിക്കപ്പെട്ടിരിക്കുന്നു.

ഇൻഡ്യയിൽ സുവിശേഷം അറിയിക്കുവാനും സഭകൾ സ്ഥാപിക്കുവാനും അനാഥാലയങ്ങൾ നടത്തുവാനും മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുവാനും അടിസ്ഥാനമുള്ള മെയിൻലൈൻ പ്രസ്ഥാനങ്ങൾ ഉണ്ട്. അവിടെ ഒരു വ്യക്തിയുടെ പേരല്ല വലുതാകുന്നത് പ്രസ്ഥാനങ്ങൾ ആണ്. വ്യക്തികൾ വളർത്തിയെടുക്കുന്ന മിനിസ്ട്രികളും സ്വത്തുക്കളും വ്യക്തികളുടെ കാലം കഴിയുകയോ സഹായിക്കുവാൻ ആളുകൾ ഇല്ലാതെ വരുമ്പോഴോ തലമുറയോ മറ്റുള്ളവരോ വിറ്റ് പണമാക്കുന്നു. അതല്ല എങ്കിൽ അനാഥമാകുന്നു. പ്രസ്ഥാനത്തിന് പത്തു സഭകൾ ഉണ്ടായാൽ കർത്താവിന്റെ വരവ് വരെ കാണും. ആരും വ്യക്തിപരമായി അത് സ്വന്തമാക്കുന്നില്ല. പ്രവർത്തകരുടെ റിപ്പോർട്ടുകൾ വാങ്ങുക, വേല സ്ഥലത്ത് അന്വേഷണം നടത്തുക, പ്രവർത്തിക്കാത്ത വേലക്കാരെ ബോധവത്ക്കരിക്കുക, തീർത്ത് പ്രയോജനം ഇല്ലാത്ത വേലക്കാരെ ഒഴിവാക്കുക, വേല സ്ഥലത്ത് പ്രശ്നങ്ങൾ ഉണ്ടായാൽ അത് പരിഹരിക്കുക, ആരംഭിച്ച വേലസ്ഥലത്ത് കെട്ടുപണികൾ ചെയ്ത് അവിടെയുള്ള ദൈവമക്കളെ നിലനിർത്തുക അവർക്കുധൈര്യം പകരുക തുടങ്ങി ഒരു പ്രസ്ഥാനത്തിന്റെ പിന്തുണ എല്ലാമേഖലയിലും ലഭ്യമാണ്. എന്നാൽ ഒറ്റയാൻ മിനിസ്ട്രിക്കാർ ഈ മേഖലയിൽ പരാജിതരാണ്. നല്ല ഒരു പൂർത്തീകരണത്തിൽ അത് അവസാനിക്കുന്നില്ല. ഈ സാഹചര്യത്തിൽ വഞ്ചിക്കപ്പെടാതിരിക്കുവാൻ നാം ഏറെ ശ്രദ്ധിക്കണം.

ഇൻഡ്യയെ സുവിശേഷീകരിക്കുവാൻ ആത്മഭാരം ഉള്ളവർ ഇൻഡ്യയിൽ സുവിശേഷീകരണത്തിലും സഭാസ്ഥാപനത്തിലും 80, 100 വർഷങ്ങൾ പിന്നിട്ടു നില്ക്കുന്ന മുൻനിരയിൽ നില്ക്കുന്ന പ്രസ്ഥാനങ്ങളുടെ നേതൃനിരയുമായി ബന്ധപ്പെടുകയാണ് ഉചിതം. ലഭിച്ച ദർശനം പങ്കു വയ്ക്കുകയും പ്രവർത്തനങ്ങൾ പ്രസ്ഥാനത്തോട് ചേർന്നു നിൽക്കുകയുമാണെങ്കിൽ നല്ല പ്രസ്ഥാനങ്ങൾക്ക് ചതിക്കുഴികളിൽ നിന്നും രക്ഷപ്പെടാം. ബൈബിൾ സ്കൂൾ സ്ഥാപനങ്ങളും പ്രവർത്തിക്കുവാൻ ദർശനവും അഭ്യസനവും ലഭിച്ച യുവാക്കളും പ്രസ്ഥാനങ്ങൾക്ക് ഇന്ന് ഉണ്ട് . ആവശ്യാനുസരണം പ്രവർത്തകരെ പ്രസ്ഥാനം തന്നെ സെലക്ട് ചെയ്ത് സ്പോൺസർ ചെയ്യുവാൻ താല്പര്യപ്പെടുന്ന ആളിന്റെ നിർദ്ദേശപ്രകാരം നിശ്ചിത സ്ഥലത്ത് അയയ്ക്കുകയും. പ്രസ്ഥാനത്തിന്റെ മേൽനോട്ടത്തിൽ കാര്യങ്ങൾ സുഗമമായി നടത്തുകയും ചെയ്യും. കുറെ വിശ്വാസികൾ ആയി കഴിയുമ്പോൾ വസ്തു വാങ്ങി പ്രാർത്ഥനാലയം ഉണ്ടാകും. അങ്ങനെ കർത്താവിന്റെ വരവ് വരെ ഈ സഭകൾ നിലനിർത്താൻ ശ്രമിക്കും. കൊടുക്കുന്ന പണത്തിന് രസീതും കിട്ടും. പ്രവർത്തനങ്ങളുടെ റിപ്പോർട്ടും ലഭിക്കും. സ്പോൺസർ ചെയ്യുന്ന ആളിന് താല്പര്യം എങ്കിൽ അദ്ദേഹത്തെ ആ പ്രവർത്തനത്തിന്റെ ചുമതലയും പ്രസ്ഥാനത്തിന്റെ നേതൃനിരയിൽ നില്ക്കുന്നവർ ഏല്പിക്കാറുണ്ട്. അവിടെ വന്ന് കൺവൻഷൻ, കോൺഫറൻസുകൾ അങ്ങനെ പല പ്രോഗ്രാമുകൾ നടത്താം. വേല ഒരിക്കലും നഷ്ടപ്പെടുകയില്ല. നേതൃനിരയിൽ നില്ക്കുന്നവർ മാറിയാലും സ്പോൺസർ ചെയ്യുന്ന ഈ സഭകൾ നിലനില്ക്കും. സ്വതന്ത്രരും ഒറ്റയാൻ മിനിസ്ട്രിക്കാരും തന്നെത്താൻ പേര് കാണിക്കുവാൻ വേണ്ടി തനതായ സാമ്രാജ്യങ്ങൾ മറ്റുള്ളവരുടെ അദ്ധ്വാനഫലം പിരിച്ചെടുത്ത് സുവിശേഷീകരണ ദൗത്യത്തിൽ പരാജയപ്പെടുന്നു. പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ വിശാലപ്പെടുകയും വളരുകയും ചെയ്താൽ യാതൊരു വ്യക്തിയുടെയും നാമം മഹത്വമെടുക്കുന്നില്ല. ഇൻഡ്യയെക്കുറിച്ച് ആത്മഭാരമുള്ള ദൈവമക്കളും മിനിസ്ട്രിക്കാരും *(മിനിസ്ട്രി രജിസ്റ്റർ ചെയ്യുക മൂലം മറ്റ് ചില പ്രയോജനങ്ങൾ വിദേശത്തുള്ളവർക്ക് ഉണ്ട് അത് നിഷേധിക്കുന്നില്ല)* ഒക്കെ എത്രയും വേഗം ഇൻഡ്യയിലെ നേതൃനിരയിൽ നില്ക്കുന്ന പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് ഇൻഡ്യയെ സുവിശേഷീകരിക്കുക. തന്മൂലം ആരും വഞ്ചിക്കപ്പെടുകയില്ല. ഒറ്റയാൻ മിനിസ്ട്രിക്കാർ അങ്ങനെ തയ്യാറാകുന്നു എങ്കിൽ മാത്രം പരമാർത്ഥികളായ ദൈവമക്കൾ അവർക്ക് സഹായം നൽകുന്നതാണ് ഉചിതം. ആരുടെയും സ്വന്തം സാമ്രാജ്യങ്ങൾ സൃഷ്ടിക്കുവാൻ ദൈവമക്കൾ തങ്ങളുടെ വിയർപ്പിന്റെ പണം കൊടുക്കരുത്. അനാഥാലയങ്ങൾ നടത്തുന്ന കള്ളത്തരങ്ങൾ ഇന്ന്പിടിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അനാഥകുട്ടികളെ എടുത്ത് വളർത്തുന്നതും വിദ്യാഭ്യാസം കൊടുക്കുന്നതും നല്ലതാണ്. പ്രശംസനീയമാണ്. എന്നാൽ പ്രായപൂർത്തിയായി വരുന്ന അനാഥ പെൺകുട്ടികളെ ഈ ഒറ്റയാൻ മിനിസ്ട്രിക്കാരൻ തുടരെ പീഡിപ്പിക്കുകയും ബലാത്സംഗം ചെയ്യുകയും ചെയ്ത സംഭവങ്ങൾ പലതും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരളാ ഗവണ്മെന്റ് ഈ രംഗത്ത് ജാഗ്രത പുലർത്തുവാൻ. തുടങ്ങി. എന്നാൽ പ്രസ്ഥാനങ്ങളുടെ ഉത്തരവാദിത്വത്തിൽ നടന്നുവരുന്ന അനാഥാലയങ്ങളും ചിൽഡ്രൻസ്ഹോമുകളും ഉണ്ട്. അവ നന്നായി നടക്കുന്നു. ആർക്കും അതിനകത്ത് അഴിഞ്ഞാടുവാൻ കഴിയുകയില്ല. പ്രസ്ഥാനങ്ങൾ ഉത്തരവാദിത്വമായി നടത്തുന്ന ചിൽഡ്രൻസ് ഹോമുകളെ മാത്രം ദൈവമക്കൾ സഹായിക്കുക. ഒറ്റയാൻ മിനിസ്ട്രിക്കാരുടെ അനാഥാലയങ്ങൾ പ്രസ്ഥാനങ്ങൾക്ക് വിട്ടു കൊടുക്കുക. അനാഥകുട്ടികളെക്കുറിച്ചുള്ള ഭാരമാണ് പിന്നിലുള്ളതെങ്കിൽ നിശ്ചമായും ഒറ്റയാൻമാർ അത് ചെയ്യും.

**മിഷൻ ട്രിപ്പുകൾ :-** ലക്ഷ്യബോധം ഇല്ലാത്ത മിഷൻ ട്രിപ്പുകൾകൊണ്ട് എന്താണ് പ്രയോജനം. സുവിശേഷം അറിയിച്ചോ ആരെങ്കിലും രക്ഷിക്കപ്പെട്ടുവോ? മിഷൻ ട്രിപ്പുകളെ നിരുത്സാഹപ്പെടുത്തുന്നില്ല. യുവജനങ്ങൾ ആണും പെണ്ണും യാതൊരുവിധ സങ്കോചവും നിയന്ത്രണവും ഇല്ലാതെ മാതാപിതാക്കളുടെയും സഭയിലെ മുതിർന്നവരുടെയും പാസ്റ്റേഴ്സിന്റെയും നിയന്ത്രണം വേണ്ട എന്ന് പറഞ്ഞ് പണം ധൂർത്തടിക്കാനും അഴിഞ്ഞാടുവാനും വേണ്ടി നടത്തുന്ന മിഷൻ ട്രിപ്പുകൾ വിമർശിക്കപ്പെടേണ്ടതും നിർത്തൽ ചെയ്യേണ്ടതുമാണ്. മിഷൻ ട്രിപ്പുകൾ പ്രായമുള്ള സഹോദരീസഹോദരന്മാരും പാസ്റ്റേഴ്സും നിയന്ത്രിക്കണം. അവർ മേൽനോട്ടം ഏറ്റെടുക്കണം. ഇൻഡ്യയിലെ മുൻനിര പ്രസ്ഥാനങ്ങളുടെ സഹായത്തോടുകൂടി സുവിശേഷം എത്താതതും മിഷൻ പ്രവർത്തനങ്ങൾ നടത്താതുമായ സ്ഥലങ്ങൾ തെരഞ്ഞെടുത്ത് ഇൻഡ്യയിലെ യുവജനങ്ങളും മുതിർന്നവരും പാസ്റ്റേഴ്സും ഒത്തുചേർന്ന് ക്രിയാത്മകമായ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത് നടത്തുന്ന മിഷൻ ട്രിപ്പുകൾക്ക് പ്രോത്സാഹനം കൊടുക്കണം. വിനോദസ്ഥലങ്ങൾ സന്ദർശിച്ചും സ്റ്റാർ ഹോട്ടലുകളിൽ പാർത്തും വിവാഹിതരല്ലാത്ത യുവതിയുവാക്കൾ അമാതൃകയായി നടത്തുന്ന മിഷൻ ട്രിപ്പുകൾക്ക് നിയന്ത്രിക്കണം. ഏവരും ഉണർന്ന് ചിന്തിക്കണം. മിനിസ്ട്രികൾ നല്ലതാണ്. ദർശനം ഉള്ളവർ മുന്നോട്ടു വരണം. നിരുത്സാഹപ്പെടുത്തുന്നില്ല. നടക്കേണ്ട രീതിയിൽ നടക്കണം. ചില വ്യക്തികൾ തങ്ങളുടെ പേര് വലുതാക്കുവാൻ മിനിസ്ട്രിയുമായി ഇറങ്ങുന്നത് വിമർശിക്കപ്പെടണം. നടക്കേണ്ട ചിട്ടയിൽ നടക്കണം. മറ്റുള്ളവരുടെ അദ്ധ്വാന പണം സുവിശേഷത്തിന്റെ പേരിൽ പിരിച്ചെടുത്ത് സ്വന്തം കുടുംബത്തിന്റെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ വാങ്ങി കൂട്ടി ധനം സമ്പാദിക്കുന്ന ഒറ്റയാൻ മിനിസ്ട്രിക്കാർ സുവിശേഷഗോളത്തിൽ വളരരുത്. ഈ നിജസ്ഥിതി തുടർന്നാൽ പെന്തക്കോസ്തിന് ധനനഷ്ടവും മാന നഷ്ടവും ഉണ്ടാകും അതിനാൽ ജാഗരൂകരാകുക.

## ചിൽഡ്രൻസ് ഫെസ്റ്റ്

**കുവൈറ്റ്:** തിമോഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ കുവൈറ്റിലുള്ള ചർച്ച് ഓഫ് ഗോഡ് കുവൈറ്റ് റീജിയൻ കിഡ് ഫെസ്റ്റ് ആഗസ്റ്റ് 6 മുതൽ 10 വരെ ലൈത്താൻ കാർമൽ സ്കുളിൽ നടക്കും. റെനി വെസ്ലി നേതൃത്വം നൽകും.

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446747100
E-mail : ysandhesham@saintly.com

2011 August

YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2010-12
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP-95 / 2010-12

# റവ. ഡോ. ജോൺ സ്റ്റോട്ട് അന്തരിച്ചു



**ലണ്ടൻ :** പ്രശസ്ത ക്രൈസ്തവ ഗ്രന്ഥകാരനും ചിന്തകനും സുവിശേഷകനുമായ റവ. ഡോ. ജോൺ സ്റ്റോട്ട് (90) അന്തരിച്ചു. ലിങ്ഫീൽഡിലെ 'ദ് കോളജ് ഓഫ് സെന്റ് ബർണബാസി'ലായിരുന്നു അന്ത്യം. ലോകത്തിലെ ഏറ്റവും സ്വാധീനശക്തിയുള്ള 100 പേരിൽ ഒരാളായി 2005ൽ 'ടൈം മാഗസിൻ' ജോൺ സ്റ്റോട്ടിനെ തിരഞ്ഞെടുത്തിരുന്നു.

ലോക സുവിശേഷീകരണം സംബന്ധിച്ച് സ്വിറ്റ്സർലൻഡിലെ ലൊസാനിൽ 1974ൽ ചേർന്ന രാജ്യാന്തര സമ്മേളനത്തിനു നേതൃത്വം നൽകി. 'ബേസിക് ക്രിസ്ത്യാനിറ്റി' 'ദ് ക്രോസ് ഓഫ് ക്രൈസ്റ്റ്' തുടങ്ങി അമ്പതിലേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ജോൺ സ്റ്റോട്ടിന്റെ നിര്യാണത്തോടെ ഇവാഞ്ചലിക്കൽ ലോകത്തിന് മഹത്തായ വക്താവിനെയാണ് നഷ്ടമായതെന്ന് ലോക പ്രശസ്ത സുവിശേഷകനായ ബില്ലിഗ്രഹാം പറഞ്ഞു.

## യുവ – തൃശൂർ ക്യാമ്പ്

**തൃശൂർ:** എ.എഫ്.സി.എംന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയിലെ യുവതീയുവാക്കൾക്കുവേണ്ടി യുവ - യുവജനക്യാമ്പ് നടക്കും. ആഗസ്റ്റ് 30ന് രാവിലെ 9 മുതൽ 1.30 വരെ പട്ടിക്കാട് വിലങ്ങന്നൂർ ദർശന ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന മീറ്റിംഗിൽ മണിപ്പാൽ യൂണിവേഴ്സിറ്റി ഡയറക്ടർ ഡോ. സന്തോഷ് കെ. തോമസ്, ബ്രദർ ക്രിസ്റ്റി പി. ജോൺ എന്നിവർ ക്ലാസ്സുകൾ നയിക്കും. സെൻസേഷ്ണൽ മ്യൂസിക് ഗാനങ്ങൾ ആലപിക്കും. ബ്രദർ സാം ഫിലിപ്പ് നേതൃത്വം നൽകും. ഫോൺ : 9605831121, 9048417533.

## കൺവൻഷൻ പാട്ടുകൾ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 2012ലെ ജനറൽ കൺവൻഷനിൽ പാടുന്നതിനും പാട്ടുകൾ അടങ്ങിയ സി.ഡി. ഇറക്കുന്നതിനും പുതിയ പാട്ടുകൾ എഴുതി ഈണം പകർന്ന് തരുവാൻ ആഗ്രഹിക്കുന്നവർ പാസ്റ്റർ പി.എസ്.രാജനുമായി ബന്ധപ്പെടുക. ഫോൺ–9847160416

## തപാൽ സ്റ്റാമ്പ് പുറത്തിറക്കി




**ബാംഗ്ലൂർ:** ഇന്ത്യയിലെ പ്രമുഖ തിയോളജിക്കൽ പഠന കേന്ദ്രമായ യുണൈറ്റെഡ് തിയോളജിക്കൽ കോളേജിന്റെ ശതാബ്ദി സ്മാരക തപാൽ സ്റ്റാമ്പ് കർണാടക ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ യശോദര മേനോൻ ബാംഗ്ലൂരിൽ പ്രകാശനം ചെയ്തു. ഒരു വർഷം നീണ്ടു നിന്ന ആഘോഷത്തിന്റെ സമാപനമായാണ് സ്റ്റാമ്പ് പുറത്തിറക്കിയത്. യു.ടി.സിയുടെ ആദ്യകാല മന്ദിരത്തിന്റെ ചിത്രമാണ് ആലേഖനം ചെയ്തിരിക്കുന്നത്.

# പെന്തെക്കോസ്ത് എഴുത്തുകാർ സത്യങ്ങളുടെ പ്രഘോഷകരാകണം : പാസ്റ്റർ ടി.എസ്. ഏബ്രഹാം



*പാസ്റ്റർ റ്റി.എസ്. ഏബ്രഹാം ഉദ്ഘാടനം നിർവ്വഹിക്കുന്നു. പാസ്റ്റേഴ്സ് തോമസ് തോന്നയ്ക്കൽ, ജെ. ജോസഫ്, രാജൻ ജെ. ആഷേർ എന്നിവർ സമീപം.*

**തിരുവല്ല:** പെന്തെക്കോസ്ത് സത്യങ്ങളുടെ പ്രഘോഷകരാകണം പെന്തെക്കോസ്ത് എഴുത്തുകാരെന്ന് ഐ.പി.സി. സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ ടി.എസ്. ഏബ്രഹാം പ്രസ്താവിച്ചു. പെന്തെക്കോസ്ത് റൈറ്റേഴ്സ് ആൻഡ് പ്രസ് കൗൺസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അന്ധകാരത്തിൽ നിന്നും അത്ഭുത പ്രകാശത്തിലേയ്ക്ക് വിളിക്കപ്പെട്ടവരാണ് നാം. മറ്റ് സമൂഹങ്ങളിൽ നിന്നും വ്യത്യസ്തത പുലർത്തുന്നവരാണ് പെന്തെക്കോസ്തുകാർ. എല്ലാവരും പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്നതുപോലെ എഴുതുകയും പ്രസംഗിക്കുകയും ചെയ്യേണ്ടവരല്ല നമ്മൾ. എഴുത്തുകളിൽ സത്യസന്ധത പുലർത്തണം. ദൈവവചനാനുസൃതമുള്ള ജീവിതത്തിന്റെ ബഹിർസ്ഫുരണമാകണം പെന്തക്കോസ്ത് കൃതികൾ. നമുക്കൊരു നിയമവും ഉപദേശവും ഉണ്ട്. പെന്തെക്കോസ്തിന്റെ ഉപദേശം സ്വീകരിച്ച് ജീവിക്കുന്നവരാണ് പെന്തെക്കോസ്ത് എഴുത്തുകാർ – അദ്ദേഹം പറഞ്ഞു.

നിത്യസത്യങ്ങളുടെ പ്രഘോഷകരാകണം പെന്തെക്കോസ്ത് സാഹിത്യകാരെന്ന് കാനം അച്ചൻ പ്രസ്താവിച്ചു. സമ്മേളനത്തിൽ പ്രഭാഷണം നടത്തുകയായിരുന്ന അദ്ദേഹം. വേദസത്യത്തോട് പ്രതിബദ്ധതയുള്ളവരാകണം പെന്തെക്കോസ്ത് എഴുത്തുകാർ. ദൈവവചനം നമുക്കു അടിസ്ഥാനമാകണം. ദൈവീകസത്യങ്ങൾക്കു മുൻഗണന നൽകണം. ഉപദേശവിരുദ്ധരോട് നമുക്കു കൂട്ടായ്മയില്ല. പെന്തെക്കോസ്ത് മൂല്യങ്ങൾക്കുവേണ്ടി നിലനില്ക്കുന്നവരാകണം പെന്തെക്കോസ്ത് എഴുത്തുകാർ – അദ്ദേഹം പറഞ്ഞു. ക്രിസ്തീയ എഴുത്തുകൾക്ക് കലാതീതമായ പ്രസക്തിയുണ്ടെന്ന് പാസ്റ്റർ രാജൻ ആഷേർ പറഞ്ഞു. പെന്തെക്കോസ്ത് മാധ്യമങ്ങളുടെ പ്രസക്തിയും സ്വാധീനതയും എന്ന വിഷയത്തിൽ പ്രബന്ധമവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പാസ്റ്റർ തോമസ് തോന്നയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ രാജു ആനിക്കാട്, കെ.സി. സണ്ണിക്കുട്ടി, ബ്രദർ ഷാജി അലിമുക്ക്, സണ്ണി മുളമൂട്ടിൽ, സിസ്റ്റർ റജീന ഫിലിപ്പ്, എം.വി. ഫിലിപ്പ് എന്നിവർ സംസാരിച്ചു. പാസ്റ്റർ സാംകുട്ടി മാത്യു സ്വാഗതവും പാസ്റ്റർ ജെ. ജോസഫ് ആമുഖപ്രസംഗവും നടത്തി. പാസ്റ്റർ ഷിബു കെ. മാത്യു നന്ദി പ്രകാശിപ്പിച്ചു. പാസ്റ്റർമാരായ റെനി ഇടപ്പറമ്പിൽ, ബിനു എന്നിവർ പ്രാർത്ഥിച്ചു.

സമകാലികം

# കേരളം നിഷ്പാപ യുഗത്തിലേക്ക്

**കേ**രളത്തെ തുണി ഉടുക്കുവാൻ പഠിപ്പിക്കണോ? പാശ്ചാത്യ സംസ്ക്കാരത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും നിർമ്മിക്കപ്പെട്ട നവയുഗം സായിപ്പിനെപ്പോലെ ആകുവാൻ തുണി ഉരിയുവാനും തയ്യാറാണ്. കേരളത്തിലെ പൈങ്കിളി ചിത്രങ്ങൾ പ്രദർശിപ്പിച്ചിരുന്ന സിനിമാ തീയേറ്ററുകൾ ഭൂരിഭാഗവും അടച്ചു പൂട്ടി അന്തിക്ക് മറഞ്ഞിരുന്നു കണ്ടത് റിയാലിറ്റി ഷോയിൽ പരസ്യമായി കാണുവാൻ കഴിയുന്നു. പിന്നെന്തിന് കോഴിക്കൂട് തിരയുന്ന കുറുക്കവേഷം കെട്ടണം. ഫ്ളാറ്റ് നേടുവാൻ വേണ്ടി പെൺ മക്കളുടെ ശരീര ഭാഗങ്ങൾ പ്രദർശിപ്പിക്കുന്ന മാതൃ പിതൃ സംസ്ക്കാരം അപലപനീയം തന്നേ.

മാറിലെ വിടവും, വയറും, തുടയുടെ വണ്ണവും വെളിപ്പെടുത്തി മകൾ നേടുന്ന ഫ്ളാറ്റിൽ സുഖിച്ച് കിടക്കുകയും ആ കാശിന് വയറു നിറയ്ക്കുകയും ചെയ്യുന്ന ഉളുപ്പില്ലാത്ത അപ്പനമ്മമാർ ചെയ്യുന്ന സാമൂഹ്യ ദ്രോഹം ചെറുതൊന്നുമല്ല. കാറു ഫ്ളാറ്റും വീട്ടുകാർ നേടുമ്പോൾ ആഭാസ ഗണങ്ങളുടെ മാംസ തീളപ്പുകൾക്ക് ഇരയാവുന്നത് നിരപരാധികളായ പെൺകുട്ടികളാണ്. മരപ്പൊത്തിലും റെയിൽവേ ട്രാക്കിലും പ്രാണനറ്റ് കിടക്കുന്ന മൂന്ന് വയസ്സുകാരി മുതൽ നൂറു വയസ്സുകാരി വരെയുള്ളവരുടെ മാനം പിളർന്ന കത്തികൾക്ക് മൂർച്ച കൂട്ടിയത് ഇവിടെയുള്ള മാന്യഗണങ്ങൾ തന്നെയാണ്. വളരെ തത്രപ്പെട്ട് തുണി ഉടുക്കുന്ന ഇവറ്റകൾക്ക് എസ്.എം.എസ് അയക്കുന്ന പെന്തക്കോസ്തുകാരൻ ദൈവമുമ്പാകെ കണക്കു പറയേണ്ടി വരും.

ഭക്ഷണ സാധനങ്ങൾ മുതൽ ആഡംബര വസ്തുക്കൾ വരെയുള്ള പല ഉൽപ്പന്നങ്ങളുടെയും പരസ്യ ചിത്രങ്ങൾക്കായി പ്രദർശിപ്പിക്കുന്നത് സ്ത്രീ നഗ്നതയാണ്. റോഡരുകിലെ പല ചിത്രങ്ങളും വാഹന അപകടങ്ങൾ വിളിച്ചു വരുത്തുന്നു. ആഭരണധാരണത്തിൽ കർക്കശം പാലിച്ച നമ്മുടെ സഭാവിഭാഗങ്ങൾ വസ്ത്ര ധാരണത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ചക്ക് തയ്യാറായോ?. 'നല്ല വസ്ത്രങ്ങൾ എല്ലാ വാതിലുകളും തുറന്നു നൽകുന്നു' എന്ന തോമസ് ഫുള്ളറിന്റെ വാക്കുകൾ അർത്ഥ പൂർണ്ണമാണ്. കൽക്കട്ടയിൽ തോട്ടികളായ സ്ത്രീകൾ ധരിച്ചിരുന്ന നീലകരയുള്ള വെള്ള വസ്ത്രം അണിഞ്ഞ മദർ തേരസയുടെ വസ്ത്ര ധാരണം ഒരു മഹാ സന്ദേശം തന്നേ ആയിരുന്നു. എന്നാൽ ഇന്ന് കാണുന്നു ഉപദേശിയൂണിഫോമായ കറുത്ത പാന്റിന്റെയും വെളുത്ത ഷർട്ടിന്റെയും ഉപജ്ഞാതാവ് ആരാണെന്ന് വ്യക്തമല്ല. ലവോദിക്യാ പീരിയഡല്ലേ? നഗ്നതയുടെ ലജ്ജ വെളിവാകാതെ വണ്ണം ധരിക്കുവാൻ വെള്ളയുടുപ്പ് മാത്രമേ ലഭിച്ചിട്ടുള്ളാകും വെള്ള പാന്റ് കിട്ടികാണില്ല! അത് കൊണ്ട് പാന്റ് മാറിയില്ല, കറുത്ത പാന്റ് തന്നേ ഇടാമെന്ന് വിചാരിച്ചു. ഇപ്പോൾ ഹായ് എന്തൊരു ഭംഗി! ഇനി അമിത വിശുദ്ധിയുടെ പ്രതീകങ്ങളായ വെള്ളയും വെള്ളയും ധരിച്ചവരുടെ കാര്യം പറയാം, സർക്കാരാശുപത്രിയിലെ കമ്പോണ്ടറുമാരും, കസ്റ്റംസ് ഓഫീസർമാരും യു.ഡി.എഫിലെ ഖദർ ധാരികളും വിശുദ്ധന്മാരാണോ?. ആകെ ഗുലുമാലായല്ലോ.. വെള്ള ളോഹ ധരിച്ച അച്ചന്മാരെ കണ്ടോ? എന്തൊരു തേജസ്സ്!. കറുത്ത ളോഹ ധരിച്ച തിരുമേനിമാരെ കണ്ടോ? എന്തൊരു അന്ധകാരം!. ശ്ശോ എന്തൊരു ഗതികേടായിത്. വലിയ വിശുദ്ധിയും വേർപാടും ഒരു ഭാഗത്ത്, കുത്തഴിഞ്ഞ വസ്ത്രധാരണവും മാംസ പ്രദർശനവും മറു ഭാഗത്ത്. നാം ഇതിൽ ഏത് ധരിക്കും? ദൈവം ഉണ്ടാക്കി തന്ന തോൽ വസ്ത്രം ആയാലോ?. ഏതായാലും ഒരഭിപ്രായം പറയാം പുറത്ത് മാന്യമായി ഉള്ളത് അലക്കി തേച്ച് ധരിക്കാം. അകത്ത് പുതു മനുഷ്യനേയും ധരിക്കാം( എഫേ 4:23–24) നഗ്നനായ രാജാവിന്റെ കഥയും വസ്ത്രത്തിന് വേണ്ടിയല്ല ശരീരം, ശരീരത്തിന് വേണ്ടിയാണ് വസ്ത്രം എന്ന സത്യവും സദാ ഓർമ്മിക്കാം.

(നിങ്ങളുടെ അഭിപ്രായങ്ങൾ എസ്.എം.എസ് ചെയ്യുക.)

**സിപിജെ, 9048417533**

ജോർദ്ദാൻ -> പാലസ്തീൻ -> ഇസ്രയേൽ -> സീനായ് -> ഈജിപ്ത്

# യെരുശലേമിലേക്ക്




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ"
**യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം അച്ചൻകുഞ്ഞ് ഇലന്തൂർ**

സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

## എല്ലാ മാസവും ടൂറുകൾ

പ്രത്യേകതകൾ

- സ്റ്റാർ ഹോട്ടലുകളിൽ താമസം
- മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം
- മികച്ചയാത്രാ സൗകര്യങ്ങൾ
- ഷോപ്പിംഗ് അവസരങ്ങൾ
- ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും
- പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.
- ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.
- എല്ലാ സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.

**യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക**

**ഫോൺ: 0469 2634321/ 9847166994**

കൂടുതൽ വിവരങ്ങൾക്ക്

**MARUPPACHA, PLANTHOTTAM COMPLEX,**
**TIRUVALLA - 1, PHONE : 0469-2634321**
Website : www.marupacha.com. E-mail : maruppacha@yahoo.com

ADVT./-

Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.